/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2024 ഫെബ്രുവരി
പുസ്തകം 10
ലക്കം 7



നികുതിവിഹിതത്തിലെ കുറവ്, കേന്ദ്ര പദ്ധതികളുടെ ഫണ്ട് ലഭിക്കുന്നതിലെ കാലതാമസം, കേന്ദ്രത്തിൽ നിന്നുള്ള നിസ്സഹകരണം എന്നിവ സംസ്ഥാനം നേരിടുന്ന വെല്ലുവിളികളാണ്. ഭരണഘടനാശില്പികൾ വിഭാവനം ചെയ്ത സഹകരണ ഫെഡറലിസത്തിന്റെ അന്തസ്സത്തയെ തകിടം മറിക്കുന്നതാണ് ഈ സമീപനം.

# നമുക്ക് വെളിച്ചമാവേണ്ടത് സഹകരണ ഫെഡറലിസം



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2024 ഫെബ്രുവരി 1 ● പുസ്തകം 10 ● ലക്കം 7

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
ഡപ്യൂട്ടി എഡിറ്റർ കെ പി സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
അസിസ്റ്റന്റ് എഡിറ്റർ പ്രഭാത് നായർ **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
കവർ & ലേഔട്ട് രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി എസ്

എഡിറ്റോറിയൽ >>

# ഫെഡറലിസത്തിന്റെ പ്രസക്തി



പോയ വർഷത്തിന്റെ അവസാനനാളുകളിലും പുതുവർഷത്തിന്റെ ആദ്യദിനങ്ങളിലുമായി രണ്ട് അഭിമാനവാർത്തകളാണ് കേരളത്തെ തേടിയെത്തിയത്. ഒന്ന്, പ്രായ, ലിംഗഭേദമെന്യേ ഇന്ത്യയിൽ ആളുകൾ തൊഴിലെടുക്കാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമാണ് കേരളമെന്ന ഇന്ത്യ സ്കിൽ റിപ്പോർട്ട് (2023) കണ്ടെത്തൽ. രണ്ട്, കേന്ദ്ര വ്യവസായ, വാണിജ്യ മന്ത്രാലയത്തിന്റെ സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനമായി കേരളത്തെ തിരഞ്ഞെടുത്തത്. ഇതിനോടു ചേർത്തുകാണേണ്ടതാണ് വ്യവസായവകുപ്പിന്റെ സംരംഭകവർഷം പദ്ധതിയിലൂടെ കേരളത്തിൽ രണ്ടുലക്ഷം സംരംഭങ്ങൾ കവിഞ്ഞ നേട്ടവും.

കഴിഞ്ഞ ഏഴരവർഷംകൊണ്ട് സംസ്ഥാന സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ തിളക്കമാർന്ന ഗുണഫലങ്ങളാണ് ഈ ബഹുമതികളൊക്കെ. സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസനത്തിന്റെ നവകേരളസൃഷ്ടിയാണ് കേരളം ലക്ഷ്യംവയ്ക്കുന്നത്. സംരംഭകത്വ പ്രോത്സാഹനം, വ്യാവസായിക മേഖലയെ ശക്തിപ്പെടുത്തൽ, അടിസ്ഥാനസൗകര്യവികസനം, ദാരിദ്ര്യ നിർമ്മാർജനം എന്നിവയിലൊക്കെ ഈ കാലയളവിൽ ശ്രദ്ധേയമായ മുന്നേറ്റം സൃഷ്ടിക്കാനായി. കേരളത്തിന്റെ സമഗ്രവികസനത്തിനായുള്ള നിരവധി പദ്ധതികൾ തുടർന്നും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്.

ഈ മുന്നേറ്റത്തിന്റെ വേളയിലാണ് സംസ്ഥാനം ചില ധനപരമായ വെല്ലുവിളികൾ നേരിടുന്നത്. ഈ പ്രതിസന്ധികളിലേക്ക നയിച്ച കാരണങ്ങളും ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ വെളിച്ചത്തിൽ അവ തരണം ചെയ്യാൻ കേരളം സ്വീകരിക്കുന്ന നടപടികളും ചർച്ച ചെയ്യുകയാണ് സമകാലിക ജനപഥം.

**ടി വി സുഭാഷ് ഐ എഎസ്**
എഡിറ്റർ

2024 FEBRUARY 1 VOLUME 10 ISSUE 7 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

*പ്രതികരണങ്ങൾ അയക്കേണ്ട വിലാസം*
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇ-മെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

*വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ*
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്,
എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇ-മെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications



## ധനകാര്യം


26

30

33

37


## കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ


6 നമുക്ക് വെളിച്ചമാകേണ്ടത് സഹകരണ ഫെഡറലിസം
പിണറായി വിജയൻ

40 ഫെഡറലിസം ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകം
അഡ്വ വി എൻ ഹരിദാസ്







കേരളത്തിന്റെ ധനസ്ഥിതിയും
യാഥാർഥ്യങ്ങളും
കെ. എൻ. ബാലഗോപാൽ

ഏത് ഉപരോധത്തെയും
നാം മറികടക്കും
പ്രൊഫ. കെ എൻ ഗംഗാധരൻ

ധനയാഥാസ്ഥിതികത്വം
സൃഷ്ടിക്കുന്ന പ്രതിസന്ധികൾ
സന്തോഷ് ടി വർഗീസ്

ധനകാര്യത്തിലെ
ഫെഡറലിസം
സിദ്ധിക്ക് റാബിയത്ത്





18 **നയപ്രഖ്യാപനം**
തുടരും
ഈ വികസന യാത്ര






10 **ബജറ്റ്**
ബജറ്റ് ഒറ്റനോട്ടത്തിൽ





44 **സംരംഭ കേരളം**
സ്റ്റാർട്ടപ്പ്
കേരളത്തിന്റെ
അഭിമാനക്കുതിപ്പ്
അനൂപ് അംബിക





14 **വ്യവസായം**
ചരിത്രം കുറിച്ച്
സംരംഭകവർഷം പദ്ധതി
പി രാജീവ്





46 **അഭിമാന കലാലയം**
വീസാറ്റ്
ആകാശത്ത് എഴുതിയ
പെൺചരിത്രം
സുനീഷ് ജോ

17 **ഇന്ത്യ സ്കിൽസ് റിപ്പോർട്ട്**
ഇന്ത്യയിലെ
ഇഷ്ട തൊഴിലിടം കേരളം


50 **ഓർമ്മത്താളുകൾ**
ആലുവ സർവമത
സമ്മേളനം
കോട്ടുകോയിക്കൽ
വേലായുധൻ






*ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാധ്യമ ദിനാഘോഷം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.*

# നമുക്ക് വെളിച്ചമാകേണ്ടത് സഹകരണ ഫെഡറലിസം



> സഹകരണ ഫെഡറലിസം എന്ന ആദർശമാവണം കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾക്ക് വെളിച്ചം കാട്ടേണ്ടത്






കഴിഞ്ഞ ഏഴരവർഷത്തിനകം നിരവധി വികസന സംരംഭങ്ങളും ക്ഷേമപദ്ധതികളും ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്



സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസനത്തിന്റെ പുതിയ യുഗത്തിലേക്ക് കേരളത്തെ നയിക്കുവാനുള്ള ഒരു യാത്രയിലാണ് ഈ സർക്കാർ. പരിവർത്തനാത്മകമായ ഈ യാത്ര സമതുലിത വളർച്ചയും പാരിസ്ഥിതിക സുസ്ഥിരതയുമുള്ള ഒരു ഭാവിയ്ക്ക് ശില പാകുമ്പോൾതന്നെ കേരളം നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതുമാണ്.

കഴിഞ്ഞ ഏഴരവർഷത്തിനകം നിരവധി വികസന സംരംഭങ്ങളും ക്ഷേമപദ്ധതികളും ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും സംസ്ഥാനസർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജനം, കാർഷികമേഖലയുടെ പുനരുജ്ജീവനം, വ്യാവസായിക മേഖലയെ ശക്തിപ്പെടുത്തൽ, വിഭവസമാഹരണം, സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, മാലിന്യ നിർമ്മാർജനം, അടിസ്ഥാനസൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവയിൽ ശ്രദ്ധേയമായ മുന്നേറ്റം സൃഷ്ടിക്കാനുമായി. സമഗ്രവികസനത്തെ മുന്നോട്ട് നയിക്കുന്ന പുരോഗമനപരവും പരിവർത്തനപരവുമായ പദ്ധതികൾ സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലും കാണാവുന്നതാണ്. എന്നിരുന്നാലും,



നികുതി വിഹിതത്തിലെ കുറവ്, കേന്ദ്ര പദ്ധതികളുടെ ഫണ്ട് ലഭിക്കുന്നതിലെ കാലതാമസം, കേന്ദ്രത്തിൽ നിന്നുള്ള നിസ്സഹകരണം എന്നിവ സംസ്ഥാനം നേരിടുന്ന വെല്ലുവിളികളാണ്. ഭരണഘടനാശില്പികൾ വിഭാവനം ചെയ്ത സഹകരണ ഫെഡറലിസത്തിന്റെ അന്തസ്സത്തയെ തകിടം മറിക്കുന്നതാണ് ഈ സമീപനം.

ഈ പ്രതിസന്ധികൾ നമ്മുടെ നിരവധി സ്വപ്നപദ്ധതികളുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നുണ്ട്. എങ്കിലും ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ മാത്രമല്ല, സംസ്ഥാനത്തേക്ക് വലിയതോതിലുള്ള നിക്ഷേപം കൊണ്ടുവരാൻ സാധ്യതയുള്ള പദ്ധതികൾ യാഥാർഥ്യമാക്കുന്നതിലും കേരളം മാതൃകാപരമായ മികവ് നിലനിർത്തിവരികയാണ്.

## ധനസ്ഥിതിയും വെല്ലുവിളികളും

മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ (ജി. ഡി. പി.) 12.1 ശതമാനം ഉയർച്ചയും ആഭ്യന്തര ഉൽപാദനത്തിൽ 10 ലക്ഷത്തിലധികം വർധനവും

**2016 ലെ 26 ശതമാനത്തിൽ നിന്ന് 2022ൽ 67 ശതമാന മായി വരുമാനം ഉയർന്നതോടെ കേരളത്തിൽ അനുകൂലമായ ഒരു സാമ്പത്തികസ്ഥിതി കാണാൻ കഴിയും**

രേഖപ്പെടുത്തിയ 2021-22 സാമ്പത്തിക വർഷത്തിൽ കേരളം പ്രശംസനീയമായ സാമ്പത്തിക പ്രകടനമാണ് കാഴ്ചവച്ചത്. മുൻ സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ നികുതി വരുമാനത്തിൽ 23,000 കോടി രൂപയുടെ ശ്രദ്ധേയമായ വർധന കാണാനാകും.

എന്നാൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനം നേരിടുന്ന വെല്ലുവിളികൾ വിവിധങ്ങളാണ്. മൊത്തം ചെലവുകളുടെ 71



**നമ്മുടെ സാമ്പത്തികരംഗത്ത് പ്രശംസനീയമായ വളർച്ചയുണ്ടെങ്കിലും വരുമാനക്കുറവ്, നികുതി വിഹിതത്തിലെ കുറവ്, കേന്ദ്ര സർക്കാരിൽ നിന്നുള്ള ഫണ്ട് നിഷേധിക്കൽ എന്നിവയാൽ സങ്കീർണ്ണമായ സാമ്പത്തിക സാഹചര്യമാണ് കേരളം അഭിമുഖീകരിക്കുന്നത്**

ശതമാനം വഹിക്കാൻ സംസ്ഥാനം നിർബന്ധിതമായതിനാൽ കേന്ദ്ര വിഹിതം വെറും 29 ശതമാനമായി കുറഞ്ഞു. സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ദേശീയ ശരാശരി നികുതി വിഹിതത്തിൽ നിന്നുള്ള ഈ വ്യത്യാസം 45 ശതമാനമാണെന്ന് കാണാം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചാൽ ചില കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. കേരളത്തിന്റെ മൊത്തം കടം സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപന്നത്തിന്റെ (ജി. എസ്. ഡി.പി) 35 ശതമാനമാണ്. അതേസമയം കേന്ദ്ര സർക്കാരിന്റെ കടം ജി. ഡി. പിയുടെ 51 ശതമാനവും.

2016ലെ 26 ശതമാനത്തിൽ നിന്ന് 2022ൽ 67 ശതമാനമായി വരുമാനം ഉയർന്നതോടെ കേരളത്തിൽ അനുകൂലമായ ഒരു സാമ്പത്തികസ്ഥിതി കാണാൻ കഴിയും. ഈ വളർച്ചയെ പ്രതിഫലിപ്പിച്ചുകൊണ്ട്, കേരളത്തിന്റെ ജി. ഡി. പി 2016 ലെ 5.6 ലക്ഷം കോടി രൂപയിൽ നിന്ന് 10.17 ലക്ഷം കോടി രൂപയായി ഉയർന്നു. സാമ്പത്തിക വളർച്ചയ്ക്ക് കൂടുതൽ ആക്കം കൂട്ടി കേരളത്തിലെ പ്രതിശീർഷ വരുമാനം 2016 ലെ 1.48 ലക്ഷം രൂപയിൽ നിന്ന് ഇന്നത്തെ 2.28 ലക്ഷം രൂപയായി ഉയർന്നു. ഇത് കേരളത്തെ പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ പ്രധാന സംസ്ഥാനങ്ങളിൽ ആദ്യ അഞ്ച് സ്ഥാനങ്ങളിൽ എത്തിക്കുന്നു. എന്നിരുന്നാലും, സംസ്ഥാനം സാമ്പത്തിക വെല്ലുവിളി നേരിടുന്നു. പത്താം ധനകാര്യ കമ്മിഷൻ കാലയളവിൽ കേന്ദ്രവിഹിതം ഡിവിസിബിൾ പൂളിന്റെ 3.89 ശതമാനത്തിൽ നിന്ന് പതിനഞ്ചാം ധനകാര്യ കമ്മിഷനിൽ വെറും 1.925 ശതമാനമായി കുറഞ്ഞു. 18,000 കോടി രൂപയുടെ ഗണ്യമായ കുറവ്. ജി. എസ്. ടി. നഷ്ടപരിഹാരം അവസാനിപ്പിച്ചതുമൂലം 12,000 കോടി രൂപയുടെ കുറവ്, റവന്യു കമ്മി ഗ്രാന്റിലെ 8,400 കോടി രൂപയുടെ കുറവ്, വായ്പാനുമതി നിഷേധിച്ചതുമൂലം 19,600 കോടി രൂപയുടെ കുറവ് എന്നിവ കൂടി ചേർന്ന് 57,000 കോടി രൂപയുടെ കുറവ് മൊത്തം റവന്യൂവരുമാനത്തിൽ സംസ്ഥാനം നേരിടുകയാണ്. ഈ സാമ്പത്തിക വെല്ലുവിളികൾക്ക് പുറമേ, ശമ്പളപരിഷ്ക്കരണം, നെല്ല് സംഭരണം, ഭക്ഷ്യസുരക്ഷ, ഉച്ചഭക്ഷണ പദ്ധതി, അർബൻ ലോക്കൽ സെൽഫ് ഗവൺമെന്റ് ഗ്രാന്റ് ഇൻ എയ്ഡ്, ആരോഗ്യ ഗ്രാന്റ് എന്നിവയുൾപ്പെടെ വിവിധ നിർണായക മേഖലകളിൽ കേന്ദ്ര സർക്കാർ കടിശ്ശികയുണ്ട്.

നമ്മുടെ സാമ്പത്തികരംഗത്ത് പ്രശംസനീയമായ വളർച്ചയുണ്ടെങ്കിലും വരുമാനക്കുറവ്, നികുതി വിഹിതത്തിലെ കുറവ്, കേന്ദ്ര സർക്കാരിൽ നിന്നുള്ള ഫണ്ട് നിഷേധിക്കൽ എന്നിവയാൽ സങ്കീർണ്ണമായ സാമ്പത്തിക സാഹചര്യമാണ് കേരളം അഭിമുഖീകരിക്കുന്നത്. ഈ വെല്ലുവിളികളെ തരണം ചെയ്യേണ്ടത് സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതി നിലനിർത്തുന്നതിലും മുന്നോട്ട് കൊണ്ടുപോകുന്നതിലും നിർണ്ണായകമാകും.

നികുതിയിൽ സംഭാവന ചെയ്യുന്ന ഓരോ രൂപയ്ക്കും കേന്ദ്രസർക്കാരിൽ നിന്ന് 25 പൈസയിൽ താഴെയാണ് കേരളത്തിന് ലഭിക്കുന്നത്. ഇതിനു വിപരീതമായി, ഒരു രൂപ സംഭാവന ചെയ്യുന്ന ഉത്തർപ്രദേശിന് 1.80 രൂപ ലഭിക്കുന്നു. നാല് വർഷം മുമ്പ് വരെ സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 55 ശതമാനം മാത്രമാണ് കേരളം നിലനിർത്തിയിരുന്നത്, ബാക്കി 45 ശതമാനം കേന്ദ്ര സർക്കാരാണ് നൽകിയിരുന്നത്. ഇപ്പോൾ കേന്ദ്ര വിഹിതം 30 ശതമാനമായി കുറച്ചതിനാൽ മൊത്തം വരുമാനത്തിന്റെ 70 ശതമാനം സംസ്ഥാനം വഹിക്കേണ്ടതുണ്ട്. ഈ അവസരത്തിലും, മൊത്തം റവന്യൂ വരുമാനത്തിന്റെ 50 മുതൽ 70 ശതമാനം വരെ കേന്ദ്രവിഹിതം ലഭിക്കുന്ന സംസ്ഥാനങ്ങളുമുണ്ട്.

കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ 82 ശതമാനവും

തനതുവരുമാനമാണ്. തനതുനികുതി. നികുതിയിതര വരുമാനങ്ങൾ ഉൾപ്പെടുന്നതാണിത്. ഫലത്തിൽ, സംസ്ഥാനത്തിന്റെ വരുമാനത്തിൽ കേന്ദ്രത്തിന്റെ സംഭാവന 18 ശതമാനം മാത്രമായി. നികുതി വിഹിതം, ഗ്രാന്റുകൾ, കേന്ദ്രപദ്ധതി വിഹിതങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ, കേരളം ഒഴികെയുള്ള മറ്റ് സംസ്ഥാനങ്ങളുടെ മൊത്തം വരുമാനത്തിന്റെ 32 ശതമാനവും കേന്ദ്രസഹായമാണ്. കേന്ദ്രവിഹിതത്തിന്റെ കാര്യത്തിൽ കേരളവും മറ്റ് സംസ്ഥാനങ്ങളും തമ്മിൽ 14 ശതമാനത്തിന്റെ വിടവ്. കേരളത്തിന്റെ റവന്യൂ കമ്മി നിലവിൽ 17,741 കോടി രൂപയാണ്. മുൻ അർദ്ധവർഷത്തെ അപേക്ഷിച്ച് 7,825 കോടി രൂപയുടെ വർധന. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് (എഫ്. ആർ. ബി. എം) പരിധി ഉണ്ടായിരുന്നിട്ടും 39,000 കോടി രൂപ വായ്പയെടുക്കാൻ കേരളത്തെ അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും, ബജറ്റ് ഇതര വായ്പകൾ കേരളത്തിന്റെ കടമെടുക്കൽ പരിധിയിൽ ഉൾപ്പെടുത്തിയത് അനുവദനീയമായ കടമെടുക്കൽ തുകയിൽ 15,000 കോടി രൂപയുടെ കുറവിന് കാരണമായി.

## കുറയുന്ന നികുതിവിഹിതം

**പതിനഞ്ചാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം മൊത്തം നികുതിവരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 42 ശതമാനത്തിൽ നിന്ന് 39 ശതമാനമായി കുറച്ചിട്ടുണ്ട്.**

**പത്താം ധനകാര്യ കമ്മിഷൻ പ്രകാരമുള്ള 3.8 ശതമാനത്തിൽ നിന്ന് പതിനാലാം ധനകാര്യ കമ്മിഷന് കീഴിൽ 2.50 ശതമാനമായും പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.92 ശതമാനമായും കേരളത്തിന്റെ കേന്ദ്രനികുതി വിഹിതം ക്രമാതീതമായി കുറച്ചു. വൈരുധ്യമെന്നു പറയട്ടെ, രണ്ട് കമ്മിഷൻ കാലയളവിനിടയിൽ ഉത്തർപ്രദേശിന്റെ വിഹിതം വർധിക്കുന്നു.**

**സംസ്ഥാനങ്ങൾക്കായി ധനകാര്യ കമ്മിഷൻ കണക്കാക്കുന്ന നികുതി വിഹിതവും കേന്ദ്ര സർക്കാർ അനുവദിക്കുന്ന യഥാർഥ നികുതി വിഹിതവും തമ്മിലും ശ്രദ്ധേയമായ വിടവ് നിലനിൽക്കുന്നു. ഓരോ ധനകാര്യ കമ്മിഷനിലും ഈ വിടവ് വർധിച്ചുവരികയാണ്. കേരളത്തിന്റെ കാര്യത്തിൽ ഈ വിടവ് 459 കോടി രൂപയിൽ (2010-11) നിന്ന് 9,468 കോടി രൂപയായി (2019-20) ഉയർന്നു.**

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള കേരളത്തിലെ വിഹിതത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. 2015=2016 സാമ്പത്തിക വർഷത്തിൽ കേന്ദ്രപദ്ധതികൾ വഴി ലഭിച്ച തുക സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 0.66% ആയിരുന്നു. 2016-17-ൽ 0.49% ആയി കുറഞ്ഞു, 2017-18-ൽ 0.47%, 2018-19-ൽ 0.48%, 2019-20-ൽ 0.40%, 2020-21-ൽ അല്പം വർധിച്ച് 0.64% ആയി. മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിൽ ഇത് ഗണ്യമായ ഇടിവ് രേഖപ്പെടുത്തി. 2015-2016 ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കീഴിലുള്ള ബജറ്റ് വിഹിതത്തിന്റെ 85 ശതമാനം കേരളത്തിന് ലഭിച്ചുവെങ്കിലും 2021=22 ൽ 40 ശതമാനം മാത്രമാണ് ലഭ്യമാക്കിയത്. ഇത് 2022-23 ൽ 36.8% ആയി കുറഞ്ഞു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന ഖജനാവിൽ ചുമത്തുന്ന ഭാരം ഗണ്യമാണ്. പല പദ്ധതികളും മാസങ്ങളോ വർഷങ്ങളോ പോലും കാലതാമസം നേരിടുന്നു. ഫലമായി സംസ്ഥാനം സ്വന്തം ഫണ്ട് അനുവദിക്കാൻ നിർബന്ധിതരാകുന്നു. മാത്രമല്ല, അഖിലേന്ത്യാ സാഹചര്യത്തിൽ രൂപകല്പന ചെയ്ത പല പദ്ധതികളും കേരളത്തിന്റെ സവിശേഷമായ പശ്ചാത്തലത്തിൽ പ്രായോഗികമോ പ്രസക്തമോ ആയിരിക്കില്ല.

ഇത്തരം വെല്ലുവിളികളെ മറികടക്കാൻ കേരളം പരിശ്രമിക്കുമ്പോൾ, സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകൾ ക്രിയാത്മകമായ സംവാദത്തിലും സഹകരണത്തിലും ഏർപ്പെടേണ്ടത് അനിവാര്യമാണ്. കേരളത്തിലെ ജനങ്ങളുടെ സമൃദ്ധിയും ക്ഷേമവും ഉറപ്പാക്കുന്നതിനായി ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ സഹകരണ ഫെഡറലിസം എന്ന ആദർശമാവണം ഈ പാരസ്പര്യത്തിനു വെളിച്ചം കാട്ടേണ്ടതും.■





# കേരള ബജറ്റ് 2024–25

# ബജറ്റ് ഒറ്റനോട്ടത്തിൽ

‘എട്ട് വർഷം മുമ്പ് നാം കണ്ട കേരളമല്ല ഇന്നത്തെ കേരളം. നമ്മുടെ സംസ്ഥാനം അതിവേഗം നവീകരിക്കപ്പെടുകയാണ്. അതിനായുള്ള ബഹുമുഖ ബൃഹദ് പരിപാടികളാണ് ഈ ബജറ്റിലൂടെ മുന്നോട്ടു വയ്ക്കുന്നത്. കേരളം മുടിഞ്ഞുപോയ നാടെന്ന് ചിത്രീകരിക്കുന്ന കേരളവിരുദ്ധരെ അഗാധമായി നിരാശപ്പെടുത്തുന്ന നേട്ടങ്ങളാണ് ഈ നാട് കൈവരിച്ചുകൊണ്ടിരിക്കുന്നത്’.

-കെ എൻ ബാലഗോപാൽ, ധനകാര്യവകുപ്പ് മന്ത്രി

1,38,655 കോടി രൂപ വരവും 1,84,327 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ്.

റവന്യൂ കമ്മി 27,846 കോടി രൂപ (സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 2.12 ശതമാനം)

ധനക്കമ്മി 44,529 കോടി (ആഭ്യന്തര ഉൽപാദനത്തിന്റെ 3.4 ശതമാനം)

നികുതി വരുമാനത്തിൽ 7845 കോടി രൂപയുടെയും നികുതിയേതര വരുമാനത്തിൽ 1503 കോടി രൂപയുടെയും വർധന ലക്ഷ്യമിടുന്നു.

കിഫ്ബി ഉൾപ്പടെ മൂലധന നിക്ഷേപമേഖലയിൽ 34,530 കോടിയുടെ വകയിരുത്തൽ

3 വർഷത്തിനുള്ളിൽ 3 ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനുള്ള പരിപാടികൾ.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മേയിൽ പ്രവർത്തനം ആരംഭിക്കും.

തുറമുഖത്തിന്റെ വികസന സാധ്യതകളെ പ്രയോജനപ്പെടുത്താൻ പ്രത്യേക ഡെവലപ്മെന്റ് സോണുകൾ. നിക്ഷേപകസംഗമവും മാരിടൈം ഉച്ചകോടിയും.

നവകേരള സദസ്സിലെ നിർദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി സംസ്ഥാനത്തെ വികസന പദ്ധതികളിലെ 1000 കോടി രൂപ ചിലവഴിക്കും

നിർമ്മാണ മേഖലയെ സജീവമാക്കാൻ 1000 കോടി രൂപയുടെ പ്രവർത്തനങ്ങൾ.

2025 നവംബറോടെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറും.











- കാർഷിക മേഖലയിൽ കേരള കാലാസ്ഥ പ്രതിരോധ കാർഷികമൂല്യ ശൃംഖല ആധുനിക വൽക്കരണം പദ്ധതിക്ക് 2365 കോടി രൂപ.
- വിളപരിപാലനത്തിന് 535.90 കോടി.
- ഏഴ് നെല്ലുൽപാദക കാർഷിക ആവാസ യൂണിറ്റുകൾക്ക് 93.60 കോടി.
- വിഷരഹിത പച്ചക്കറി വികസനത്തിന് 78.45 കോടി.
- നാളികേര കൃഷി വികസനത്തിന് 65 കോടി.
- മൃഗസംരക്ഷണത്തിന് 277.14 കോടിയുടെ വകയിരുത്തൽ
- ക്ഷീരവികസന മേഖലയ്ക്ക് 109.25 കോടി
- മത്സ്യബന്ധനമേഖലയ്ക്ക് 227.12 കോടി.
- തീരദേശവികസനത്തിന് 136.98 കോടി.
- പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് 5 കോടി
- വനം വന്യജീവി മേഖലയ്ക്കായി 232.59 കോടി.
- പുത്തൂർ സുവോളജിക്കൽ പാർക്കിന് 6 കോടി
- കേരള കാലാവസ്ഥ പ്രതിരോധ കാർഷിക മൂല്യശൃംഖല ആധുനികവൽക്കരണ പദ്ധതിയ്ക്ക് സംസ്ഥാന വിഹിതം 100 കോടി. ലോകബാങ്ക് സഹായത്തോടെ 5 വർഷം കൊണ്ട് നടപ്പാക്കുന്ന പദ്ധതിയ്ക്ക് 2365 കോടി രൂപ.
- നാട്ടുകാണിയിൽ സഫാരി പാർക്കിന് 2 കോടി


**സർക്കാർ ജീവനക്കാർക്ക് വിരമിച്ചശേഷം മാസംതോറും നിശ്ചിതതുക ലഭ്യമാക്കുന്ന തരത്തിൽ അന്വിറ്റി എന്ന പുതിയ പദ്ധതി നടപ്പിലാക്കും**

- പെരുവണ്ണാമൂഴി മുതുകാട്ടുള്ള 120 ഹെക്ടറിൽ ടൈഗർ സഫാരി പാർക്ക്.
- തദ്ദേശസ്വയംഭരണസ്ഥാപന പദ്ധതിവിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റെ 28.09 ശതമാനമായി ഉയർത്തി. (8532 കോടി വകയിരുത്തൽ)
- ഗ്രാമവികസനത്തിന് 1768.32 കോടി.
- തൊഴിലുറപ്പിൽ 10.50 കോടി തൊഴിൽ ദിനം ലക്ഷ്യം. ഇതിനായി സംസ്ഥാന വിഹിതം 230.10 കോടി.
- കുടുംബശ്രീയ്ക്ക് 265 കോടി
- പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് 1736.63കോടി
- ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് 456.71 കോടി.
- പൊതുജനാരോഗ്യ മേഖലയ്ക്ക് 2052.23 കോടി
- 2025 മാർച്ച് 31-നകം ലൈഫ് പദ്ധതിയിൽ അഞ്ച് ലക്ഷം വീടുകളുടെ പൂർത്തീകരണം ലക്ഷ്യം. അടുത്ത വർഷത്തേക്ക് 1132 കോടി രൂപ.
- കാസർഗോഡ്, ഇടുക്കി, വയനാട് പാക്കേജുകൾക്ക് 75 കോടി വീതം
- ശബരിമല മാസ്റ്റർ പ്ലാനിന് 27.60 കോടി.
- സഹകരണമേഖലയ്ക്ക് 134.42 കോടി.
- ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരപരിപാലനത്തിനുമായി 588.85 കോടി.
- ഊർജമേഖലയ്ക്ക് 1150.76 കോടി
- കെ.എസ്.ആർ.ടി.സിയ്ക്ക് 1120.54 കോടി
- വ്യവസായവും ധാതുക്കളും മേഖലയ്ക്കായി 1729.13 കോടി.









- ഇടത്തരവും വലുതുമായ വ്യവസായങ്ങൾക്ക് 773.09 കോടി.
- കൊച്ചി മറൈൻ ഡ്രൈവിൽ 2150 കോടി രൂപയുടെ അന്താരാഷ്ട്ര വാണിജ്യസമുച്ചയം
- കശുവണ്ടിവ്യവസായത്തിന് 53.36 കോടി.
- കൈത്തറി-യന്ത്രത്തറി മേഖലയ്ക്ക് 51.89 കോടി.
- പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ആരോഗ്യ സുരക്ഷാഫണ്ട് രൂപീകരിക്കും.
- സ്മാർട്ട് സിറ്റി മിഷൻ പദ്ധതിക്ക് 100 കോടി
- കയർ വ്യവസായത്തിന് 107.64 കോടി
- ഖാദി വ്യവസായത്തിന് 14.80 കോടി
- കെ.എസ്.ഐ.ഡി.സിയ്ക്ക് 127.50 കോടി
- നിക്ഷേപപ്രോത്സാഹന പ്രവർത്തനങ്ങൾക്ക് 22 കോടി.
- സ്റ്റാർട്ടപ്പ് സപ്പോർട്ട് ഉദ്യമങ്ങൾക്കായി ആറ് കോടി
- രണ്ട് ലക്ഷം രൂപ വരെ പരിരക്ഷ ലഭിക്കുന്ന രീതിയിൽ അങ്കണവാടി ജീവനക്കാർക്ക് പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി.
- സർക്കാർ ജീവനക്കാർക്ക് വിരമിച്ചശേഷം മാസംതോറും നിശ്ചിതതുക ലഭ്യമാക്കുന്ന തരത്തിൽ അന്വിറ്റി എന്ന പുതിയ പദ്ധതി നടപ്പിലാക്കും.
- ലൈഫ് സയൻസ് പാർക്കിന് 35 കോടി.
- വൻകിട പശ്ചാത്തല വികസന പദ്ധതികൾക്കായി 300.73 കോടി
- കിൻഫ്രയ്ക്ക് 324.31 കോടി
- വിവര സാങ്കേതിക മേഖലയ്ക്ക് 507.14 കോടി
- കേരള സ്പേസ് പാർക്കിന് 52.50 കോടി.

**രണ്ട് ലക്ഷം രൂപ വരെ പരിരക്ഷ ലഭിക്കുന്ന രീതിയിൽ അങ്കണവാടി ജീവനക്കാർക്ക് പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

- കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയ്ക്ക് 23.51 കോടി. ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ പി.ജി പൂർത്തിയാക്കുന്ന വർക്ക് ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ പി.എച്ച്.ഡി പഠനത്തിന് അവസരമൊരുക്കും.
- ഗ്രാഫീൻ അധിഷ്ഠിത ഉൽപന്ന വികസനത്തിന് 260 കോടി
- ഗതാഗതമേഖലയ്ക്ക് 1976.04 കോടി.
- കൊല്ലം തുറമുഖം പ്രധാന നോൺ മേജർ തുറമുഖമാക്കി വികസിപ്പിക്കും.
- സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ അനുവദിക്കും. ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം ലഭിക്കും.
- പങ്കാളിത്ത പെൻഷൻ പദ്ധതിയ്ക്ക് പകരം അഷ്വേർഡ് പെൻഷൻ പദ്ധതി.
- റബ്ബർ സബ്സിഡി 180 രൂപയാക്കി ഉയർത്തി.
- നഗരവികസന പരിപാടികൾക്ക് 961.14 കോടി.
- പട്ടികജാതി ഉപപദ്ധതിയ്ക്ക് 2979.40 കോടി.
- പട്ടികവർഗ വികസനത്തിന് 859.50 കോടി.
- മറ്റ് പിന്നാക്കവിഭാഗ ക്ഷേമത്തിന് 167 കോടി.
- ന്യൂനപക്ഷക്ഷേമത്തിന് 73.63 കോടി
- മുന്നാക്കവിഭാഗ ക്ഷേമത്തിന് 35 കോടി.





ഒന്നിൽ നിന്ന് തുടങ്ങി രണ്ട് ലക്ഷം സംരംഭങ്ങളും കടന്ന് മുന്നേറുകയാണ് വ്യവസായ വകുപ്പിന്റെ അഭിമാന പദ്ധതിയായ സംരംഭകവർഷം. പദ്ധതി ആരംഭിക്കുമ്പോൾ ഈ കേരളത്തിൽ ഇതൊക്കെ നടക്കുമോ എന്ന് സംശയിച്ചവർക്കൊക്കെ മറുപടി നൽകിക്കൊണ്ട് ഒന്നര വർഷം കൊണ്ട് നമ്മുടെ നാട്ടിൽ ഉണ്ടായി. ദേശീയതലത്തിൽ തന്നെ എം.എസ്.എം.ഇ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം നേടിയ തിളക്കത്തിന് മാറ്റ് കൂട്ടുകയാണ് രണ്ട് ലക്ഷം സംരംഭങ്ങളെന്ന ചരിത്രനേട്ടത്തിലൂടെ. കേരളത്തിന്റെ ആഭ്യന്തര ഉൽപാദനവും വരുമാനവും വർധിപ്പിക്കുന്നതിനും സംരംഭക വർഷം പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്.

**സംരംഭങ്ങളുടെ എണ്ണം രണ്ട് ലക്ഷം കവിഞ്ഞു; 12,537 കോടി രൂപയുടെ നിക്ഷേപം; 4,30,089 തൊഴിൽ**

# ചരിത്രം കുറിച്ച് സംരംഭക വർഷം പദ്ധതി





പദ്ധതി ആരംഭിച്ച 2022 ഏപ്രിൽ 1 മുതൽ 2023 ഡിസംബർ 29 വരെ 2,01,518 സംരംഭങ്ങളാണ് സംസ്ഥാനത്ത് പുതുതായി ആരംഭിച്ചത്. ഇതിലൂടെ 12,537 കോടി രൂപയുടെ നിക്ഷേപവും 4,30,089 തൊഴിലും സൃഷ്ടിക്കപ്പെട്ടു. പുതുതായി ആരംഭിച്ച സംരംഭങ്ങളിൽ മൂന്നിലൊന്ന് (64,127) വനിതാ സംരംഭകരുടേതാണ്. പട്ടികജാതി/പട്ടികവർഗവിഭാഗത്തിൽപെട്ട സംരംഭകരുടെ 8,752 സംരംഭങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 2022 - 23 സാമ്പത്തിക വർഷം ആവിഷ്കരിച്ച പദ്ധതി എട്ട് മാസത്തിനുള്ളിൽ തന്നെ ലക്ഷ്യം കൈവരിച്ചിരുന്നു. പദ്ധതിയുടെ അത്ഭുതപൂർവമായ വിജയത്തെത്തുടർന്ന് ഈ സാമ്പത്തികവർഷവും തുടരാൻ തീരുമാനിക്കുകയായിരുന്നു.

സംരംഭകവർഷം 2.0 എന്ന പേരിലാണ് ഈ വർഷം പദ്ധതി തുടർന്നത്. ഇതിന്റെ ഭാഗമായി 2023 ഏപ്രിൽ 1 മുതൽ ഡിസംബർ 29, 2023 വരെ 61,678 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. 4115 കോടി രൂപയുടെ നിക്ഷേപവും 1,30,038 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട ആദ്യവർഷം (2022-23) മാത്രം 1,39,817 സംരംഭങ്ങളാണ് നിലവിൽ വന്നത്. 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 തൊഴിലും ആദ്യവർഷം ഉണ്ടായി. സംരംഭക വർഷം പദ്ധതി ലക്ഷ്യം കൈവരിച്ചതിനെത്തുടർന്ന് കൊച്ചിയിൽ നടന്ന സംരംഭക മഹാസംഗമത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പതിനായിരത്തിലധികം സംരംഭകർ ഒന്നിച്ചണിനിരന്നു. കേരളപ്പിറവിക്ക് ശേഷമുണ്ടായ ഏറ്റവും വലിയ സംരംഭകസംഗമമായിരുന്നു അത്.

**കേരള ചരിത്രത്തിലെ സമാനതകളില്ലാത്ത സംരംഭക മുന്നേറ്റമാണ് സംരംഭക വർഷം പദ്ധതിയിലൂടെ സാധ്യമായത്. രാജ്യത്തും ഇത്തരമൊരനുഭവം ആദ്യമാണ്. സംരംഭക വർഷം പദ്ധതി സൃഷ്ടിച്ച ആത്മവിശ്വാസം വലിയ വ്യവസായ മുന്നേറ്റത്തിന് വഴി തുറക്കും.**

ഹെൽപ് ഡെസ്കുകൾ മുതൽ എംഎസ്എംഇ ക്ലിനിക്കുകൾ വരെ സംരംഭകർക്കാവശ്യമായ സഹായങ്ങൾ നല്കുന്നതിനായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും 1153 പ്രൊഫഷണലുകളെ നിയമിച്ചു. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചു. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഓൺലൈൻ പോർട്ടൽ ആരംഭിച്ചു. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റി. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു. എല്ലാ



ജില്ലകളിലും എം എസ് എം ഇ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ധാരണാപത്രം 2023 ജൂൺ 23-ന് ഒപ്പുവച്ചു. ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുകയാണ് ലക്ഷ്യം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വായ്പ/ ലൈസൻസ്/ സബ്സിഡി മേളകൾ നടത്തി. വായ്പാമേളയുടെ ഭാഗമായി ലഭിച്ച 5556 അപേക്ഷകളിൽ 108 കോടി രൂപയുടെ വായ്പകൾ അനുവദിച്ചു. മേളയുടെ ഭാഗമായി 4919 ലൈസൻസുകൾക്കും 1059 സബ്സിഡികൾക്കുമുള്ള അപേക്ഷകളും പരിഗണിച്ചു. പുതുതായി ആരംഭിച്ച സംരംഭങ്ങൾക്ക് വിപണി സാധ്യതകൾ വർധിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും മാർക്കറ്റിങ് മേളകൾ നടത്തി.

> **കേരളത്തിലെ എം.എസ്.എം.ഇ കളിൽ നിന്നും തിരഞ്ഞെടുത്ത 1000 സംരംഭങ്ങളെ ശരാശരി 100 കോടി വിറ്റുവരവ് ഉള്ള യൂണിറ്റുകളായി നാല് വർഷത്തിനുള്ളിൽ ഉയർത്താനുള്ള 'മിഷൻ 1000' പദ്ധതി പുരോഗമിക്കുകയാണ്**

സംരംഭക വർഷത്തിന്റെ ഭാഗമായി പുതിയ സംരംഭങ്ങളെ വിപുലപ്പെടുത്താൻ കൂടുതൽ പദ്ധതികൾക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ എം.എസ്.എം. ഇ കളിൽ നിന്നും തിരഞ്ഞെടുത്ത 1000 സംരംഭങ്ങളെ ശരാശരി 100 കോടി വിറ്റുവരവ് ഉള്ള യൂണിറ്റുകളായി നാല് വർഷത്തിനുള്ളിൽ ഉയർത്താനുള്ള 'മിഷൻ 1000' പദ്ധതി പുരോഗമിക്കുകയാണ്. എംഎസ്എംഇ കൾക്ക് അപേക്ഷിക്കാൻ ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. പോർട്ടലിൽ സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി സ്കോറിങ് മാനദണ്ഡം അനുസരിച്ച് എംഎസ്എംഇകളെ റാങ്ക് ചെയ്യും. റാങ്ക് ലിസ്റ്റിൽ നിന്ന് മികച്ച 1000 യൂണിറ്റുകളെ സ്കെയിൽ അപ് മിഷൻ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കും. സ്കെയിൽ അപ് മിഷൻ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്ന യൂണിറ്റുകൾക്ക് മൂലധന നിക്ഷേപ സബ്സിഡി, പ്രവർത്തന മൂലധന വായ്പയുടെ പലിശ സബ്വെൻഷൻ, ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തികസഹായം തുടങ്ങിയ വിവിധ പ്രോത്സാഹനങ്ങൾ നല്കും.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി എം.എസ്. എം. ഇ സുസ്ഥിരത പദ്ധതിയും പുരോഗമിക്കുകയാണ്. എംഎസ്എംഇ കൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ക്യാംപസ് വ്യവസായ പാർക്കുകൾ യാഥാർഥ്യമാക്കുന്നതിനുള്ള പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂമി വ്യവസായങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനുള്ള പബ്ലിക് പഞ്ചായത്ത് പാർട്ണർഷിപ്പ് പദ്ധതി, ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഉൽപന്നങ്ങൾ തദ്ദേശീയമായി ഉൽപാദിപ്പിക്കുന്നതിനുള്ള 'മെയ്ക്ക് ഇൻ കേരള' പദ്ധതി, പുരസ്കാരങ്ങൾ എന്നിവയും സംരംഭക വർഷത്തിന്റെ തുടർച്ചയായി ആവിഷ്കരിച്ച പദ്ധതികളാണ്.

കേരളചരിത്രത്തിലെ സമാനതകളില്ലാത്ത സംരംഭക മുന്നേറ്റമാണ് സംരംഭക വർഷം പദ്ധതിയിലൂടെ സാധ്യമായത്. രാജ്യത്തും ഇത്തരമൊരനുഭവം ആദ്യമാണ്. സംരംഭക വർഷം പദ്ധതി സൃഷ്ടിച്ച ആത്മവിശ്വാസം വലിയ വ്യവസായ മുന്നേറ്റത്തിന് വഴി തുറക്കും.■





# ഇന്ത്യയിലെ ഇഷ്ട തൊഴിലിടം കേരളം

പ്രായഭേദമന്യേ സ്ത്രീപുരുഷന്മാർ ജോലി ചെയ്യാൻ ഇഷ്ടപ്പെടുന്ന ഒന്നാമത്തെ സംസ്ഥാനമാണ് കേരളമെന്ന് ഏറ്റവും പുതിയ ഇന്ത്യാ സ്കിൽസ് റിപ്പോർട്ട് വ്യക്തമാക്കുന്നു. കേരളം സൃഷ്ടിച്ച മറ്റൊരു അഭിമാനമാതൃക.

യു.എസിലെ എഡ്യൂക്കേഷണൽ ടെസ്റ്റിങ്ങ് സർവീസിന്റെ സബ്സിഡിയറി ആയ Wheebox ആണ് ഇന്ത്യാ സ്കിൽസ് റിപ്പോർട്ട് തയ്യാറാക്കുന്നത്. കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ്, AICTE, AIU, Google എന്നിവരുമായി സഹകരിച്ചാണ് ഈ റിപ്പോർട്ട് പുറത്തിറക്കുന്നത്. 300 സർവകലാശാലകളിലെ 3.88 ലക്ഷം വിദ്യാർഥികൾക്കിടയിൽ നടത്തിയ തൊഴിൽക്ഷമതാപരിശോധനകളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്. 15 മേഖലകളിലെ 150 കോർപ്പറേഷനുകളും തങ്ങൾക്കനുയോജ്യമായ ടാലന്റ് കാമ്പസിലുണ്ടോ എന്ന അന്വേഷണത്തിൽ പങ്കു ചേർന്നു.

18-21 വയസ്സ് പ്രായപരിധിയുള്ളവരിൽ ഏറ്റവും തൊഴിൽക്ഷമതയുള്ള സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനവും കേരളത്തിനാണ്. പ്രായവ്യത്യാസമില്ലാതെ സ്ത്രീകളും പുരുഷന്മാരും ഒരേപോലെ ജോലിചെയ്യാൻ ഇഷ്ടപ്പെടുന്ന രാജ്യത്തെ ആദ്യ 10 നഗരങ്ങളിൽ കൊച്ചി രണ്ടാമതും തിരുവനന്തപുരം നാലാമതുമാണ്. കമ്പ്യൂട്ടർ നൈപുണ്യം അടിസ്ഥാനമാക്കിയാൽ തിരുവനന്തപുരം നഗരം ഒന്നാം സ്ഥാനത്താണ്. കേരളം മൂന്നാം സ്ഥാനത്തും. ഫ്യൂച്ചറിസ്റ്റിക് സ്കിൽസിലും പൊതുവിജ്ഞാനത്തിലും മുന്നിൽ നിൽക്കുന്ന കേരളം, വിദ്യാഭ്യാസത്തോടുള്ള സന്തുലിതസമീപനം പുലർത്തുന്നതായി റിപ്പോർട്ട് പരാമർശിക്കുന്നു. അറിവ് പകർന്നുനൽകുക മാത്രമല്ല, ഭാവിയിലെ തൊഴിൽ വിപണിയിൽ നിർണ്ണായകമായ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുന്ന വിധത്തിലുള്ള സമഗ്രമായ പാഠ്യപദ്ധതിയ്ക്ക് കേരളത്തിനുള്ള അംഗീകാരം കൂടിയാണ് റിപ്പോർട്ടിലെ പരാമർശങ്ങൾ.

ഇന്ത്യ സ്കിൽസ് റിപ്പോർട്ടിൽ സ്റ്റേറ്റ് പാർട്ട്ണറായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നൈപുണ്യ വികസന സംരംഭമായ അസാപ് കേരളയാണ്.■

കേരള ഗവര്‍ണ്ണര്‍ ആരിഫ് മുഹമ്മദ് ഖാന്‍ 2024 ജനുവരി 25 ന് നിയമസഭയില്‍ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങള്‍



# തുടരും ഈ വികസന യാത്ര



എന്റെ സർക്കാർ കേരളത്തിന്റെ വികസനയാത്രയിൽ ഒരു പുതിയ അധ്യായം സൃഷ്ടിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ കൂട്ടായ പരിശ്രമവും അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും എന്റെ സർക്കാരിൽ അവർക്കുള്ള അടിയുറച്ച വിശ്വാസവും സംയോജിപ്പിച്ചുകൊണ്ട് ഈ വികസനയാത്ര തുടരുന്നതാണ്





## നവകേരളസദസ്സ്

മുഴുവൻ മന്ത്രിസഭാംഗങ്ങളുടെയും പ്രധാനപ്പെട്ട വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ 140 മണ്ഡലങ്ങളിലുമായി നടത്തപ്പെട്ട നവകേരളസദസ്സ് ഓരോ ജില്ലയിലും ഉയർന്നു വരുന്ന പ്രശ്നങ്ങൾ കേൾക്കുകയും വകുപ്പുകൾ തമ്മിലോ നയപരമായ തലത്തിലോ പ്രായോഗികമായതോ ആയ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തുകൊണ്ട്, ഭരണം ജനങ്ങളിലേക്ക് എത്തിക്കാനുള്ള പ്രതിബദ്ധതയുടെ നേർസാക്ഷ്യമായിരുന്നു.




## കേരളീയം

സംസ്ഥാനത്തിന്റെ സമ്പന്നമായ സംസ്കാരവും പൈതൃകവും വിളംബരപ്പെടുത്തിയ മഹത്തായ സന്ദർഭമായി 2023 നവംബർ 1 മുതൽ 7 വരെ നടന്ന കേരളീയം. കേരളീയം 2023-ന്റെ ഭാഗമായി ഉരുത്തിരിഞ്ഞ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ ആശയങ്ങൾ സംസ്ഥാനത്തിന്റെ ഭാവിവികസനത്തിനുള്ള പാത തെളിക്കുന്നതിൽ ഒരു വലിയ മുതൽക്കൂട്ടാകും.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

ആരോഗ്യരംഗത്ത് അഞ്ചു വർഷം കൊണ്ട് 265 കോടി നിക്ഷേപമുള്ള അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എ.വി) ഉൾപ്പെടെയുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചു. മൈക്രോബയോട്ടയിലെയും ന്യൂട്രീഷൻ ഫാർമസ്യൂട്ടിക്കൽ സയൻസിലെയും ഇന്റർഡിസിപ്ലിനറി ഗവേഷണം മെച്ചപ്പെടുത്തുന്നതിനും വാണിജ്യവത്കരിക്കുന്നതിലേക്കുമായി സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോ ബയോം (COEM) സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസും സ്ഥാപിതമായിട്ടുണ്ട്.

## കെ-സ്വിഫ്റ്റ്

സമയബന്ധിത അനുമതികളും ക്ലിയറൻസുകളും നൽകുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമായ കെ-സ്വിഫ്റ്റ് പോർട്ടൽ സംസ്ഥാനത്തെ വ്യവസായ വളർച്ച പരിപോഷിപ്പിക്കുന്നു. 2023-ൽ കേരളം ആദ്യത്തെ സമ്പൂർണ്ണ ഇ-ഗവേണൻസ് സംസ്ഥാനമായി.









## മെഡിസെപ്

കേരളസർക്കാർ ജീവനക്കാരും സർവീസ് പെൻഷൻകാരും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടെ ഏകദേശം 30 ലക്ഷം പേർ 'മെഡിസെപ്' (മെഡിക്കൽ ഇൻഷ്വറൻസ് സ്കീമി -ന്റെ ഗുണഭോക്താക്കളാണ്. 4.5 ലക്ഷത്തിൽപരം ഗുണഭോക്താക്കൾക്ക് 1000 കോടി രൂപയിലധികം ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ അനുവദിച്ചു.

## സംരംഭകവർഷം പദ്ധതി

2022-23-ൽ തുടക്കം കുറിച്ച സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി, 1,39,840-ൽ അധികം സംരംഭങ്ങൾ ഒരു



അപേക്ഷിച്ച് ഏകദേശം 13,600 കോടി രൂപയുടെ (23.4 ശതമാനത്തിന്റെ) വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് റവന്യൂ വരുമാന സമാഹരണ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനമാണ് കേരളം.

സാമൂഹ്യസുരക്ഷാപെൻഷനുകളുടെയും ക്ഷേമനിധി ബോർഡ് പെൻഷനുകളുടെയും വിതരണത്തിനായി നിലവിൽ പ്രതിമാസം ഏകദേശം 900 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### കൃഷിയും മൃഗസംരക്ഷണവും

ലോകബാങ്കിന്റെ പിന്തുണയോടെ, കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡറൈസേഷൻ (KERA) പദ്ധതി നടപ്പിലാക്കുന്നു.

വർഷത്തിനിടയിൽ സ്ഥാപിക്കപ്പെട്ടു.

സമ്പദ്‌വ്യവസ്ഥയിലേക്ക് 8422 കോടി രൂപ സന്നിവേശിപ്പിക്കപ്പെടുകയും 3,00,051-ൽ അധികം ആളുകൾക്ക് ലാഭകരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

2021 മുതൽ 13,092 കോടി മുതൽമുടക്കോടെ 2,01846 സംരംഭങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കപ്പെടുകയും 4,53,966 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

### ധനകാര്യം

10-ാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ (1995=2000) കേന്ദ്രസർക്കാരിൽ നിന്നുള്ള നികുതി വിഹിതം 3.88 ശതമാനമെന്നതിൽ നിന്നും 15-ാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ (2021-2026) കേവലം 1.92 ശതമാനമായി കുറഞ്ഞു.

2023-24 ൽ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും റവന്യൂകമ്മി ഗ്രാന്റിൽ വന്ന കുറവും സംസ്ഥാനത്തിന്റെ ബജറ്റിനു പുറത്തുള്ള കടമെടുപ്പിൽ കേന്ദ്രം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരത്തിനായി ബഹു.സുപ്രീംകോടതിയെ സമീപിക്കാൻ സംസ്ഥാനം നിർബന്ധിതമായിട്ടുണ്ട്.

2022-23-ൽ തനത് നികുതി വരുമാനം 71,968 കോടി രൂപയായി ഉയർത്തിക്കൊണ്ട് മുൻവർഷത്തെ



## അതിദാരിദ്ര്യ നിർമ്മാർജ്ജനം

2025 നവംബർ 1- ഓടുകൂടി രാജ്യത്തെ ആദ്യത്തെ അതിദാരിദ്ര്യരഹിത സംസ്ഥാനമായി മാറ്റുവാൻ ദൃഢനിശ്ചയത്തോടെ നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ടെത്തിയിട്ടുള്ള 64,006 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സൂക്ഷ്മപദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ഒന്നാംഘട്ടം അവസാനിച്ച 2023 നവംബറിൽ ഈ കുടുംബങ്ങളിൽ 47.89ശതമാനം അതിദാരിദ്ര്യത്തിൽ നിന്നും മുക്തമായിട്ടുണ്ട്.

## മാലിന്യമുക്തം നവകേരളം

2024 മാർച്ചിൽ സംസ്ഥാനത്തെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള ശ്രമത്തിലാണ് സർക്കാർ. മാലിന്യസംസ്കരണമേഖലയിൽ ഹരിതകർമ്മസേന വഴി സ്ത്രീകൾക്കായി 36,000 തൊഴിൽ സൃഷ്ടിക്കപ്പെട്ടു.





കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിന്റെയും മൂല്യവർധനവിന്റെയും പരിരക്ഷയ്ക്കായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിച്ചിട്ടുണ്ട്.

പ്രതിവർഷം 10,000 ഹെക്ടർ എന്ന ലക്ഷ്യത്തോടെ, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 50,000 ഹെക്ടർ ഭൂമി ജൈവ കൃഷിയിടങ്ങളാക്കി മാറ്റാൻ ലക്ഷ്യമിടുന്നു.

അഗ്രോ ഇക്കളോജിക്കൽ സോൺ അടിസ്ഥാനത്തിൽ പോഷകപ്രാധാന്യ വിളകൾ കൃഷി ചെയ്യുക എന്ന ലക്ഷ്യത്തോടെ പോഷക സമൃദ്ധിമിഷനും ആരംഭിച്ചിട്ടുണ്ട്.

'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ജനകീയ പ്രചരണത്തിന്റെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾ ശക്തിപ്പെടുത്തുന്നതും 30,000 കൃഷിക്കൂട്ടങ്ങളിലൂടെ മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു..

2015 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം 5,59,457 റബ്ബർ കർഷകരെ പിന്തുണക്കുന്നതിന് സഹായകമായി.

പാൽ ഉൽപാദനക്ഷമതയിൽ കേരളം രാജ്യത്ത് രണ്ടാം സ്ഥാനത്തെത്തിയിട്ടുള്ളതും അടുത്ത വർഷത്തിനുള്ളിൽ പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതുമാണ്.

## ആരോഗ്യം

സാംക്രമികേതര രോഗങ്ങൾ സമൂഹത്തിന് ഭീഷണി മുഴക്കുന്നു എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട്, നവകേരള കർമ്മപദ്ധതി - 2-ന് കീഴിൽ ജനസംഖ്യാധിഷ്ഠിതമായി സാംക്രമികേതരരോഗങ്ങളുടെ സ്ക്രീനിങ്ങ് നടത്തുന്നതിനുള്ള



പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ലക്ഷ്യമിട്ട ജനസംഖ്യയുടെ 87 ശതമാനം (1.53 കോടി) സർവേക്ക് വിധേയരാക്കുകയും രോഗമുണ്ടെന്ന് സംശയിക്കുന്നവരെ സ്ഥിരീകരണത്തിനായി ആരോഗ്യസംരക്ഷണ സംവിധാനങ്ങളിലേക്ക് റഫർ ചെയ്തിട്ടുമുണ്ട്.

സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ 105 ഹീമോ ഡയാലിസിസ് സെന്ററുകൾക്ക് പുറമേ 14 ജില്ലകളിലും പെരിട്ടോണിയൽ ഡയാലിസിസിന് വേണ്ടിയുള്ളപരിപാടി ആരംഭിച്ചു. ഒരു കുടക്കീഴിൽതന്നെ രോഗങ്ങളും അവയുടെ സങ്കീർണ്ണതകളും കൈകാര്യം ചെയ്യുന്നതിനുവേണ്ടി, പ്രധാന ആശുപത്രികളിൽ '360 ഡിഗ്രി മെറ്റബോളിക് സെന്റേഴ്സ് സെന്ററും ആരംഭിച്ചു.

**AYUSH ന കീഴിൽ 10 ലക്ഷത്തിൽ പരം ഇൻപേഷ്യന്റ്സിനും രണ്ട് കോടിയിൽ പരം ഔട്ട് പേഷ്യന്റ്സിനും ചികിത്സ ലഭിച്ചിട്ടുണ്ട്.**

## വിദ്യാഭ്യാസം

ഓൺലൈൻ ഹൈടെക് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. ഇതുമായി ബന്ധപ്പെട്ട്, യൂണിസെഫിന്റെ റിപ്പോർട്ടിൽ കേരളത്തിന് പ്രത്യേക പരാമർശം.

കുട്ടികളിൽ യഥാർഥചരിത്രപരവും സാമൂഹ്യപരവുമായ അവബോധം ഉറപ്പാക്കുന്നതിനായി ഹ്യുമാനിറ്റീസിൽ കേരളം കൂടുതൽ പാഠപുസ്തകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നാല് വിഷയങ്ങളിൽ, കൂടുതലായി ആറ് പാഠപുസ്തകങ്ങൾ പുറത്തിറക്കി. .

സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി പരിവർത്തനപ്പെടുത്തുന്നതിന്റെ ഭാഗമായി ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്, നാല് വർഷ അണ്ടർ ഗ്രാഡ്വേറ്റ് കോഴ്സുകൾ, വിദ്യാർഥികൾക്ക് വേണ്ടിയുള്ള ഇന്റർ -യൂണിവേഴ്സിറ്റി ട്രാൻഫറും ക്രെഡിറ്റ് ട്രാൻഫറും ആവിഷ്കരിക്കുന്നു. നോഡൽ സെന്റർ ഫോർ റോബോട്ടിക്സ് ആൻഡ് എഐ-യെ നിർമ്മിത ബുദ്ധിയിലെ ഒരു മികവിന്റെ കേന്ദ്രമാക്കി ശക്തിപ്പെടുത്തുന്നതാണ്.

സയൻസ് പാർക്കുകളുടെ പങ്ക് മുൻകൂട്ടി കണ്ടുകൊണ്ട് മൂന്ന് സയൻസ് പാർക്കുകൾ സ്ഥാപിക്കാനായി 600 കോടിയുടെ സർക്കാർ നിക്ഷേപം നടത്തുന്നതാണ്.

സയൻസ് പാർക്കുകളുടെ പങ്ക് മുൻകൂട്ടി കണ്ടുകൊണ്ട് മൂന്ന് സയൻസ് പാർക്കുകൾ സ്ഥാപിക്കാനായി 600 കോടിയുടെ സർക്കാർ നിക്ഷേപം നടത്തുന്നതാണ്

## ഭക്ഷ്യ-പൊതുവിതരണം

245 കെ-സ്റ്റോറുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. അടുത്ത വർഷത്തോടെ ഇത് 2,000 വരെ എത്തുന്നതാണ്. ഓപ്പറേഷൻ യെല്ലോയും വോളണ്ടറി സറണ്ടർ പദ്ധതികളും






മുഖേന ലഭിച്ച 3,70,397 മുൻഗണനാ കാർഡുകൾ അർഹരായവർക്ക് നൽകിയിട്ടുണ്ട്.

അതിഥി തൊഴിലാളികൾക്ക് റേഷൻ റൈറ്റ്സ് കാർഡുകൾ നൽകി.

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാമ്പത്തിക വർഷം ലക്ഷ്യമിട്ട 5,000 കോടി രൂപയിൽ, 3,473.49 കോടിയുടെ വിൽപന ടേൺ ഓവർ കരസ്ഥമാക്കി കഴിഞ്ഞു.

നെല്ലിന് ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിലെ ഏറ്റവും ഉയർന്ന സംഭരണ വിലയായ 28.20 കിലോയ്ക്ക് വില നൽകി വരുന്നു. .

### സാമൂഹ്യമേഖല

നടപ്പ് വർഷക്കാലയളവിൽ, എഡ്യൂക്കേഷണൽ അസിസ്റ്റൻസ് ആന്റ് സ്കോളർഷിപ്പ് പദ്ധതികളും ഒ.ബി.സി വിദ്യാർഥികൾക്കായുള്ള ഓവർസീസ് സ്കോളർഷിപ്പും വഴി മൊത്തം 1,73,982 വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും നൽകി.



എസ്.സി വിഭാഗങ്ങളിൽ ഉൾപ്പെട്ട 85,000-ൽപരം വരുന്ന ഭിന്നശേഷിക്കാരുടെ സാമൂഹിക - സാമ്പത്തിക ശാക്തീകരണത്തിൽ 'ഏബിൾ കേരള' നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

ലാൻഡ് ബാങ്ക് സ്കീം ദ്രുതഗതിയിൽ നടപ്പിലാക്കിയും ഊരുകൂട്ടങ്ങളുമായി കൂടിയാലോചിച്ച് നിക്ഷിപ്തവനത്തിൽ നിന്നും വനാവകാശ നിയമത്തിൻ കീഴിൽ ഭൂമി വിതരണം ചെയ്തും പട്ടികവർഗ കുടുംബങ്ങളുടെ പുനരധിവാസവും പുനരധിവസിപ്പിച്ച പട്ടികവർഗക്കാരുടെ വികസനവും TRDM മുഖേന നടപ്പിലാക്കി വരുന്നു.





- രാജ്യത്ത് ആദ്യമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൻകീഴിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി.
- വേലിയേറ്റമേഖലയിലെ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 3917 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.
- 2022- ഗ്ലോബൽസ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ടിൽ ഏഷ്യയിൽ ഏറ്റവും ഉന്നത സ്ഥാനവും ലോകത്ത് നാലാംസ്ഥാനവും നേടി.
- വാണിജ്യവ്യവസായ മന്ത്രാലയത്തിന്റെ ഡി.പി.ഐ.ഐ.റ്റിയുടെ സ്റ്റാർട്ടപ്പ് ഇന്ത്യ റാങ്കിങ്ങിന്റെ നാലാം പതിപ്പിലും സംസ്ഥാനങ്ങളിലെ സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ മികച്ച പ്രകടനം നടത്തിയ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചു.
- ഹരിതഗതാഗതത്തിൽ നിർണ്ണായക ചുവടുവയ്പായി കൊച്ചിവാട്ടർ മെട്രോ. രാജ്യത്തെ ഈ വിധത്തിലുള്ള ആദ്യത്തേത്.
- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ആദ്യകപ്പലിനെ വരവേറ്റു. തുറമുഖം 2024 അവസാനത്തോടുകൂടി കമ്മിഷൻ ചെയ്യും.
- രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് കേരളത്തിൽ
- വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ റിപ്പോർട്ട് പ്രകാരം സാമ്പത്തിക സേവനമേഖലയിൽ ഏഷ്യയിലെ ഏറ്റവും വലിയ സഹകരണസ്ഥാപനവും ആഗോളതലത്തിൽ ഏഴാമത്തെ വലിയ സ്ഥാപനവും എന്ന ബഹുമതി കേരള ബാങ്ക് കരസ്ഥമാക്കി.
- ഉത്തരവാദിത്വ വിനോദസഞ്ചാരമിഷൻ അന്താരാഷ്ട്ര അംഗീകാരം നേടി.
- 2023-ലെ ദേശീയ എനർജി എഫിഷ്യൻസി പെർഫോമൻസ് അവാർഡിന് സംസ്ഥാനം രണ്ടാം സ്ഥാനത്ത്.
- സൈബർ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്ത ഇന്ത്യയിലെ പ്രഥമജില്ലയായി വയനാട്.

## തദ്ദേശഭരണം

സംസ്ഥാനത്ത് സമഗ്രമായ നഗരനയം ഉണ്ടാക്കുന്നതിന് ലക്ഷ്യമിട്ട് 2023 ഡിസംബറിൽ രൂപീകൃതമായ 'കേരള അർബൻ പോളിസി കമ്മീഷൻ' രാജ്യത്തെ ഈ തരത്തിലുള്ള ആദ്യത്തേതാണ്.



'ലൈഫ്മിഷൻ'-ന്റെ കീഴിൽ 2023 ഡിസംബർ പകുതിയോടുകൂടി 365,531 വീടുകൾ പൂർത്തീകരിക്കുകയും, " മനസ്സോടിത്തിരി മണ്ണ് ' പ്രചാരണം, സന്നദ്ധ സംഭാവനകളിലൂടെ 2834.65 സെന്റ് സ്ഥലം ലഭ്യമാകുകയും ചെയ്തു. 2024 നവംബർ 1-ഓടുകൂടി അവശേഷിക്കുന്ന 'അതിദരിദ്ര' കുടുംബങ്ങളെ കടുത്ത ദാരിദ്ര്യാനുഭവങ്ങളിൽ നിന്നും പുറത്തുകൊണ്ടുവരാൻ ലക്ഷ്യമിടുന്നു.



ഹെലി, ക്രൂയിസ് ടൂറിസം കേരളത്തിൽ യാഥാർഥ്യമായി.



ഡിസാസ്റ്റർ ക്ലൈമറ്റ് ആക്ഷൻ ട്രാക്കർ (ഉഇഅഠ), ലോക്കൽ ആക്ഷൻ പ്ലാൻസ് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് അഡാപ്റ്റേഷൻ (ഘഅജഇഇ) സംവിധാനങ്ങൾ ഉപയോഗിച്ച് പ്രാദേശികതലത്തിൽ കാലാവസ്ഥയുമായി പൊരുത്തപ്പെട്ട ഒരു ഉദാത്ത ഭരണ മാതൃക വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സമ്പൂർണ്ണ സാക്ഷരതായജ്ഞം പോലെയുള്ള പ്രചാരണം വഴി രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാസംസ്ഥാനമായി സംസ്ഥാനത്തെ മറ്റും.

## വ്യവസായം

1000 കോടി മുതൽമുടക്കോടെ 'മേക്ക് ഇൻ കേരള'സംരംഭം.

സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് ലക്ഷ്യമിടുന്നതും മുൻഗണനാമേഖലകളിൽ ഇൻസെന്റീവുകൾ വാഗ്ദാനം ചെയ്യുന്നതുമായ 2023-ലെ കേരള വ്യവസായ നയം പ്രഖ്യാപിച്ചു.

2024-2025 ലക്ഷ്യമാക്കി 25-ലധികം സ്വകാര്യ വ്യവസായ പാർക്കുകൾ കൂടി സ്ഥാപിക്കുവാൻ വിഭാവനം ചെയ്യുന്നു. .

## വിനോദ സഞ്ചാരം

കേരളത്തിന്റെ വിനോദസഞ്ചാര മേഖല കോവിഡിനുശേഷം മുമ്പുള്ളതിനെക്കാളും 21.12ശതമാനം വർധനവ് കാണിച്ച് 2023-ന്റെ ആദ്യ മൂന്നു പാദങ്ങളിൽ, എക്കാലത്തേയും ഉയർന്ന 1,59,68,616 എന്ന ആഭ്യന്തരവരവോടുകൂടി ശ്രദ്ധേയമായ തിരിച്ചുവരവിന് സാക്ഷ്യം വഹിച്ചു.

ഹെലി, ക്രൂയിസ് ടൂറിസം കേരളത്തിൽ യാഥാർഥ്യമായി.

## റവന്യൂ

രണ്ട് വർഷത്തിനുള്ളിൽ 1,21,604 പട്ടയങ്ങൾ വിതരണം ചെയ്തു. യുണീക് തണ്ടപ്പേർ സമ്പ്രദായത്തിനു തുടക്കമിട്ടു. ലാൻഡ് ബോർഡുകൾ കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ 762 ഏക്കർ മിച്ചഭൂമി സെറ്റിൽ ചെയ്തു.

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖകൾ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ആപ്തവാക്യത്തിൽ അധിഷ്ഠിതമായി ഭൂരേഖകൾ കൃത്യമാക്കുന്നതിനും ഭൂസംബന്ധമായ എല്ലാ രേഖകളും ഡിജിറ്റലായി ലഭ്യമാക്കുന്നതിനും അതിർത്തി തർക്കങ്ങളുടെ യഥാസമയത്തുള്ള പരിഹാരത്തിനും ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിനുള്ള അതിവേഗ ക്ലിയറൻസ് നൽകുന്നതിനും തുടങ്ങി എല്ലാ വിധത്തിലുമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി 'എന്റെ ഭൂമി ഡിജിറ്റൽ' എന്നപദ്ധതി ആരംഭിച്ചു.

ഡിജിറ്റൽ റീസർവേ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

1936 മുതലുള്ള ഭൂരേഖകൾ കാലാനുസൃതമായി പരിഷ്കാരികത്തിലെ അഭാവം പരിഹരിക്കുന്നതിലേക്ക് ഈ വർഷം ഒരു പുതിയ സെറ്റിൽമെന്റ് ആക്ട് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു

## ഐ ടി

2022-23-ൽ സോഫ്റ്റ് വെയർ കയറ്റുമതി 20,921 കോടി രൂപയിൽ എത്തി. ലോഞ്ച് എംപവർ ആക്സിലറേറ്റ് പ്രോസ്പർ (LEAP) സെന്ററുകൾ സ്ഥാപിക്കുന്നതു വഴി 5000 രജിസ്റ്റേർഡ് സ്റ്റാർട്ടപ്പുകളോടെയും 1000-ൽ അധികം വനിതാ സഹ-സ്ഥാപകരോടെയും കേരള സ്റ്റാർട്ട് അപ്പ് മിഷൻ സംസ്ഥാനത്ത് സംരംഭകത്വം ജനകീയമാക്കുന്നു. ഐ.ടി ഇടനാഴി പദ്ധതിയ്ക്കായി ആകെ 4986 ഏക്കർ ഭൂമി കണ്ടെത്തുകയും കണ്ണൂരിലും കൊല്ലത്തും രണ്ട് പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടിയിലുമാണ്.

250 കോടി രൂപയുടെ ഗ്രാഫീൻ എക്കോസിസ്റ്റം ഡവലപ്മെന്റിന് തുടക്കമായി.

കെ-ഫോൺ 96 ശതമാനം പുരോഗതി നേടി.

നിർമ്മിതബുദ്ധി, മെറ്റീരിയൽ സയൻസസ്, സ്പേസ് ടെക് പോലുള്ള മേഖലകൾക്കു അനുസൃതമായി ഒരു പുതിയ ഐ.ടി.

നയം രൂപീകരിക്കുന്നതാണ്.

### ഊർജം

കേരളം 2027-ഓടെ ഊർജ ആവശ്യകതയുടെ 50 ശതമാനം പുനരുപയോഗ ഊർജസ്രോതസ്സുകളിൽ നിന്നും നേടുന്നതിനുള്ള നീക്കത്തിലാണ്. 2024-25-ന്റെ അവസാനത്തോടെ സൗരോർജത്തിലൂടെ 1000 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യം വയ്ക്കുന്നു.

### അടിസ്ഥാന സൗകര്യമേഖല

ദേശീയപാത-66 വികസിപ്പിക്കുന്നതിൽ ഗണ്യമായ പുരോഗതി നേടി. പുരോഗമിച്ചുകൊണ്ടിരിക്കുന്ന മലയോര ഹൈവേ, തീരദേശ ഹൈവേ, ലവൽക്രോസിങ്ങുകൾ ഇല്ലാത്ത കേരളം, ജംഗ്ഷൻ വികസനം പോലുള്ള പദ്ധതികൾ സംസ്ഥാനത്തിന്റെ മുഖച്ഛായയിൽ മാറ്റം ഉണ്ടാക്കുമെന്ന് ഉറപ്പു നൽകുന്നു. ആനക്കാംപൊയിൽ-കല്ലാടി-മേപ്പാടി തുരങ്കപാത 2024 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു.





### ജലവിഭവം

ജൽ ജീവൻ മിഷനു കിഴിലുള്ള ജലവിഭവ മാനേജ്മെന്റിൽ കേരളം 2024-25 ൽ 17.6 ലക്ഷം പുതിയ ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷൻസ് നൽകാൻ ലക്ഷ്യമിടുന്നു. 2023 ഡിസംബർ 3 വരെ 19.07 ലക്ഷം കണക്ഷൻ നൽകിയതിലൂടെ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്..

### ഗതാഗതം

131 ദീർഘദൂരസൂപ്പർ ഫാസ്റ്റ് ബസ്സുകൾ വാങ്ങിയതും കൂടാതെ 113 ഇലക്ട്രിക് ബസ്സുകൾക്ക് (നോൺ-എസി) അധിക ഓർഡർ കെഎസ്ആർടിസി-സ്വിഫ്റ്റ് നൽകിയതും ഗതാഗതം ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളാണ്.

ഇതുവരെ കിഫ്ബി 82,383 കോടി രൂപ ചെലവ് വരുന്ന 1073 പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. 8.11 കി.മീ. നീളവും നാലുവരി പാതയുമുള്ള ഇരട്ട തുരങ്കപാത എന്ന പ്രത്യേകതയോടു കൂടിയ ആനക്കാംപൊയിൽ- കല്ലടി മേപ്പാടി തുരങ്കമാണ് ശ്രദ്ധേയമായ ഒരു സംരംഭം.

### വനം

സുപ്രീം കോടതിയിൽ നിന്നും അനുകൂല വിധിന്യായം സമ്പാദിച്ച്, പരിസ്ഥിതിലോലമേഖലകളുമായി (ബഫർ സോണുകൾ) ബന്ധപ്പെട്ട് ദീർഘകാലമായി നിലനിന്നിരുന്ന ആശങ്കകളെ വിജയകരമായി പരിഹരിച്ചു. ഈ സോണുകളിൽനിന്നും വാസയോഗ്യമായ സ്ഥലങ്ങളെ ഒഴിവാക്കി. നവകിരണം പദ്ധതിയിൻ കീഴിൽ 93.0 കോടി രൂപ നൽകി പട്ടികവർഗത്തിൽ ഉൾപ്പെടാത്ത 780 കുടുംബങ്ങളെ വനമേഖലയിൽ നിന്നും മാറ്റി പാർപ്പിച്ചു. ഇന്ത്യയിൽ ആദ്യമായി 500 ഗോത്രവർഗ യുവജനങ്ങളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പി.എസ്.സി മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിച്ചു.

### ക്രമസമാധാനം

ഫോറൻസിക് സയൻസ് ലബോറട്ടറികൾ ശക്തിപ്പെടുത്തിയതും ഒരു സമർപ്പിത സൈബർ ഓപ്പറേഷൻ വിങ്ങ് സ്ഥാപിച്ചതും 949 സർക്കാർ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീം വിജയകരമായി നടപ്പിലാക്കിയതും പ്രധാന മുന്നേറ്റങ്ങളിൽ ഉൾപ്പെടുന്നു. മയക്കുമരുന്നിനെതിരെ പോരാടാനായി ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകളുടെ പിന്തുണയോടെ 'യോദ്ധാവ്' പദ്ധതി ആറ് നഗരങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

### സഹകരണം

സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്ന് ഗ്രാമീണ കുടുംബങ്ങളെ മോചിപ്പിക്കാനായി തയ്യാറാക്കി യിട്ടുള്ള മുറ്റത്തെ മുല്ല പദ്ധതി, താഴ്ന്ന വരുമാനവിഭാഗങ്ങൾ, തൊഴിലാളികൾ, ചെറുകിട വ്യാപാരികൾ മുതലായവർക്ക് 547.16 കോടി രൂപയുടെ വായ്പ വിജയകരമായി വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ, സ്നേഹതീരം പദ്ധതി, തീരദേശത്തെ ജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ ഫിക്സഡ് ടേം ലോണുകൾ അനുവദിച്ചിട്ടുണ്ട്.

### കായികം

കായികം എല്ലാവർക്കും, കായികത്തിലൂടെ ആരോഗ്യം, കായികത്തിലൂടെ മാറ്റം എന്നിവയിലൂന്നിയ കായിക നയം കൊണ്ടുവന്നു.

അമച്വർ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' എന്നപരിപാടിക്ക് തുടക്കമിട്ടു. LSG തലത്തിൽ പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു.■

> നമ്മുടെ മഹത്തായ പൈതൃകം കെട്ടിടങ്ങളിലോ സ്മാരകങ്ങളിലോ അല്ലെന്നും, മറിച്ച്, ജനാധിപത്യം, മതനിരപേക്ഷത, ഫെഡറലിസം, സാമൂഹ്യനീതി എന്നീ കാലാതീത മൂല്യങ്ങളോടും ഇന്ത്യൻ ഭരണഘടനയുടെ വിലമതിക്കാനാകാത്ത പൈതൃകത്തോട് നാം കാണിക്കുന്ന ബഹുമാനത്തിലും പരിഗണയിലുമാണെന്നും നമുക്ക് ഓർക്കാം. ഇക്കാലമത്രയും നമ്മുടെ രാഷ്ട്രത്തെ സംഘടിതവും ശക്തവുമായി നിലനിർത്തിയത് സഹകരണ ഫെഡറലിസത്തിന്റെ അന്ത:സത്തയാണ്. ഈ അന്ത:സത്തയ്ക്ക് ശോഷണം സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്.

**കേരളം ധനഞെരുക്കം നേരിടുന്നുവെന്നത് മറച്ചുവയ്ക്കേണ്ട കാര്യമല്ല. കേന്ദ്ര റവന്യുവിഹിതത്തിലും വായ്പാ അനുമതിയിലും വന്ന കുറവാണ് ഇതിന് കാരണം. സംസ്ഥാനത്തിന്റെ ധനകാര്യങ്ങൾ സംബന്ധിച്ച അക്കൗണ്ടന്റ് ജനറലിന്റെയും ആർബിഐയുടെയുമൊക്കെ കണക്കുകളിലും ഇത് വ്യക്തമാണ്.**

# കേരളത്തിന്റെ ധനസ്ഥിതിയും യാഥാർത്ഥ്യങ്ങളും



സംസ്ഥാനത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ ശക്തമാക്കുന്നതിൽ കഴിഞ്ഞ രണ്ടുവർഷക്കാലം ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കാൻ സംസ്ഥാന സർക്കാരിനായി. നികുതിപിരിവ് കൂടുതൽ ഊർജിതപ്പെടുത്തി. അധികച്ചെലവുകൾ നിയന്ത്രിച്ചു. ഇത്തരത്തിൽ സാമ്പത്തിക ദൃഢീകരണ പാതയിലാണ് സംസ്ഥാന ധനമാനേജ്മെന്റ്. ട്രഷറി പൂട്ടൽ ഒഴിവാക്കി അവശ്യചെലവുകളെല്ലാം നിർവഹിക്കാനുമാകുന്നു. 2021-22ൽ മുൻവർഷത്തെ അപേക്ഷിച്ച് തനത് നികുതി വരുമാന വർധന 22.41 ശതമാനമായിരുന്നു. കഴിഞ്ഞവർഷം 23.36 ശതമാനമായി വീണ്ടും ഉയർത്തി. റവന്യുകമ്മി 0.9 ശതമാനത്തിലെത്തിച്ചു. റവന്യു കമ്മി ഒരു ശതമാനത്തിൽ താഴെയെത്തിയത് ചരിത്രത്തിൽ ആദ്യമാണ്.

## കേന്ദ്ര നികുതിവിഹിതം, ഗ്രാന്റുകൾ

| | |
|---|---|
| 2021-22 | 56,318 കോടി രൂപ |
| 2022-23 | 45,480 കോടി |
| 2023-24 | 38,204 കോടി രൂപ (വകയിരുത്തൽ) |

അവലംബം: ആർബിഐ

## കേരളത്തിന് ലഭിക്കാനുള്ള കുടിശ്ശിക തുക

| | |
|---|---|
| യുജിസി ശമ്പള പരിഷ്കരണം | 750 കോടി |
| നഗര വികസനഗ്രാന്റ് | 546.45 കോടി |
| ഗ്രാമ വികസന ഗ്രാന്റ് | 1008 കോടി |
| ഭക്ഷ്യസുരക്ഷാപദ്ധതി | 790 കോടി (നെല്ല് സംഭരണം ഉൾപ്പെടെ) |
| വിവിധ ദുരിതാശ്വാസങ്ങൾക്കുള്ളത് | 138 കോടി |
| സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് | 69 കോടി |
| ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്പെഷ്യൽ അസിസ്റ്റൻസ് | 1925 കോടി |
| ജിഎസ്ടി നഷ്ട പരിഹാരം | 511 കോടി |
| ആകെ കുടിശ്ശിക | 5891 കോടി രൂപ |

രാജ്യത്തെ ഉയർന്ന വരുമാനവർധനനിരക്കും ഉൽപാദന വളർച്ചാനിരക്കും ആർജിക്കാൻ കേരളത്തിനായി. 2021--22ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപാദനം സ്ഥിരവിലയിൽ 12.01 ശതമാനം ഉയർന്നു. കോവിഡ് കാലത്തെ എട്ടുശതമാനം തളർച്ചയിൽനിന്നായിരുന്നു ഈ ഉയിർത്തെഴുന്നേൽപ്. ആഭ്യന്തരോൽപാദനം പത്തുലക്ഷം കോടി രൂപയ്ക്ക് മുകളിലെത്തിക്കാനായി. രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിൽ പ്രതിശീർഷ വരുമാനത്തിൽ ഏറ്റവും മുന്നിലുള്ള അഞ്ച് സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇതേ പാതയിൽതന്നെയാണ് ഈ സാമ്പത്തിക വർഷവും സംസ്ഥാനം മുന്നേറുന്നത്.

### ചരക്ക് സേവന നികുതി (ജി എസ് ടി)

ജിഎസ്ടി സമ്പ്രദായം നടപ്പാക്കുന്നതിൽ സംസ്ഥാനം പിന്നോട്ടുപോയതിനാൽ വരുമാനം കുറഞ്ഞുവെന്ന ആക്ഷേപങ്ങൾക്കുള്ള മറുപടിയാണ് വരുമാനക്കണക്കുകൾ. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നികുതി സമ്പ്രദായത്തിലെ പോരായ്മകൾമൂലം ഐജിഎസ്ടി വരുമാനത്തിന്റെ കൃത്യമായ കണക്കുകൾപോലും ലഭ്യമല്ല. അതിനാൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ഐജിഎസ്ടി വിഹിതം കൃത്യമായി ലഭിക്കാത്ത സ്ഥിതിയുമുണ്ട്. ജിഎസ്ടിഎൻ നെറ്റ്‌വർക്ക് ഇപ്പോഴും പൂർണ്ണമായും സജ്ജമായിട്ടില്ല.

കേരളത്തിന്റെ ജിഎസ്ടി ഭരണ നിർവഹണം ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ്. രാജ്യം ശ്രദ്ധിക്കുന്ന നിലയിലേക്ക് ജിഎസ്ടി വകുപ്പിന്റെ പുനസംഘടന പൂർത്തിയാക്കിയതിലൂടെ നികുതി ഭരണത്തിന്റെ കാര്യക്ഷമത ഉയർത്താനായി. പല സംസ്ഥാനങ്ങളും നമ്മൾ നടപ്പാക്കിയ പുന: സംഘടന പഠിച്ച് അവരവരുടെ സംസ്ഥാനത്ത് നടപ്പാക്കാൻ ശ്രമിക്കുന്നു. കേരളത്തിൽ വലിയതോതിൽ നികുതി ചോർച്ച ഉള്ളതായി കേന്ദ്ര ജിഎസ്ടി ഇന്റലിജൻസ് വിഭാഗത്തിനും ആക്ഷേപമില്ല.

### കേന്ദ്രവിവിഹിതങ്ങളിൽ വൻകുറവ്

പതിനഞ്ചാം ധനകാര്യകമ്മിഷൻ റവന്യുകമ്മി ഗ്രാന്റായി 53,137 കോടി രൂപയാണ് കേരളത്തിനായി നിശ്ചയിച്ചത്. ഇത് കേരളത്തിന് കേന്ദ്രം നൽകിയ സൗജന്യമല്ല. കേന്ദ്ര സർക്കാരിന്റെ ധനനയങ്ങൾ, നികുതി സമ്പ്രദായത്തിലെ മാറ്റം, നികുതിപിരിവ് അധികാരത്തിൽവന്ന വെട്ടിക്കുറയ്ക്കൽ എന്നിവയുടെ ഭാഗമായി കേരളത്തിന്റെ വിഭവത്തിലുണ്ടായ കുറവിന്റെ നഷ്ടപരിഹാരമെന്ന നിലയിലാണ് റവന്യു കമ്മി ഗ്രാന്റ് അനുവദിച്ചത്. യഥാർഥത്തിൽ കേരളത്തിന് കേന്ദ്രനയങ്ങൾ മൂലം ഉണ്ടായ വരുമാനനഷ്ടം ഏകദേശം 95,901 കോടി രൂപയാണ്. എന്നാൽ, സംസ്ഥാനത്തിന് ഉണ്ടായ നഷ്ടത്തിന്റെ പകുതി പോലും റവന്യുകമ്മി ഗ്രാന്റിലൂടെ പരിഹരിക്കപ്പെട്ടിട്ടില്ല. അടുത്ത സാമ്പത്തികവർഷം മുതൽ റവന്യുകമ്മി ഗ്രാന്റായി ഒരു രൂപയും അനുവദിച്ചിട്ടുമില്ല.



നികുതി വിഹിതം, ഗ്രാന്റുകൾ എന്നിവയായി കേന്ദ്രത്തിൽനിന്ന് കേരളത്തിന് കിട്ടുന്ന പണത്തിന്റെ കണക്കും ആർബിഐ റിപ്പോർട്ടിലുണ്ട്. 2021-22ൽ ലഭിച്ചത് 56,318 കോടി രൂപ. കഴിഞ്ഞ വർഷം ലഭിച്ചത് 45,480 കോടിയും. കുറവ് 10,838 കോടി രൂപ. ഈവർഷം ആകെ വകയിരുത്തൽ 38,204 കോടി രൂപയാണ്. 2021-22നെ അപേക്ഷിച്ചുള്ള കുറവ് 18,114 കോടി. കഴിഞ്ഞവർഷത്തെ അപേക്ഷിച്ചുള്ള കുറവ് 7276 കോടിയും.

ഇതിനുപുറമെയാണ് വിവിധ കേന്ദ്രപദ്ധതികളിൽ കേരളത്തിനായി നീക്കിവച്ച തുകയും തടഞ്ഞുവച്ചിരിക്കുന്നത്. യുജിസി ശമ്പള പരിഷ്‌കരണ കുടിശ്ശിക 750 കോടി, നഗര വികസനഗ്രാന്റ് 546.45 കോടി, ഗ്രാമ വികസന ഗ്രാന്റ് 1008 കോടി, നെല്ല് സംഭരണം ഉൾപ്പെടെ ഭക്ഷ്യസുരക്ഷാപദ്ധതിയുമായി ബന്ധപ്പെട്ടത് 790 കോടി, വിവിധ ദുരിതാശ്വാസങ്ങൾക്കുള്ളത് 138 കോടി, സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് 69 കോടി, ക്യാപിറ്റൽ ഇൻവെസ്റ്റ്‌മെന്റ് സ്പെഷ്യൽ അസിസ്റ്റൻസ് 1925 കോടി, ജിഎസ്ടി നഷ്ട പരിഹാരം 511 കോടി എന്നിങ്ങനെ 5891 കോടി രൂപയാണ് കുടിശ്ശികയാക്കിയത്.

## ധനകാര്യ കമ്മിഷനുകൾ

ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിച്ചുവന്നിരുന്ന വിഹിതം ഓരോ ധനകാര്യകമ്മിഷന്റെ കാലം കഴിയുമ്പോഴും കുറഞ്ഞുവരികയാണ്. 10ാം ധനകാര്യകമ്മിഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം 14-ാം ധനകാര്യകമ്മിഷന്റെ കാലത്ത് 2.5 ആയും പതിനഞ്ചാം ധനകാര്യകമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായും കുറഞ്ഞു.

2020-21 സാമ്പത്തികവർഷം മുതൽ 2022-23 വരെയുള്ള മൂന്ന് വർഷക്കാലയളവിലെ നഷ്ടം ഏകദേശം 48,260 കോടി രൂപയാണ്. ഈ മൂന്നു വർഷങ്ങളിലായി 10ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള 3.875 ശതമാനമായിരുന്നു കേന്ദ്ര നികുതിവിഹിതമെങ്കിൽ ആകെ 95,901 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കേണ്ടതായിരുന്നു. അതായത് കേന്ദ്ര നികുതിവിഹിതമായി സംസ്ഥാനത്തിന് ഈ മൂന്നു വർഷങ്ങളിലായി 47,641 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. കേന്ദ്രസർക്കാരിന് നികുതിയായി ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗമാണ് കേന്ദ്ര ധനകാര്യ കമീഷൻ തീർപ്പിന്റെ അടിസ്ഥാനത്തിൽ നികുതി വിഹിതമായി സംസ്ഥാനങ്ങൾക്ക് നൽകുന്നത്. 15-ാം ധനകാര്യ കമീഷൻ തീർപ്പ് അനുസരിച്ച് നിലവിൽ കേന്ദ്രത്തിന് ലഭിക്കുന്ന തുകയുടെ 41 ശതമാനമേ സംസ്ഥാനങ്ങൾക്ക് വിഭജിക്കുന്നുള്ളൂ. 14ാം ധനകാര്യ കമ്മീഷന്റെ കാലത്ത് കേന്ദ്രത്തിന് ലഭിച്ചിരുന്ന തുകയുടെ 42 ശതമാനമാണ് സംസ്ഥാനങ്ങൾക്കായി വിഭജിച്ചുനൽകിയത്. ഇതുകൂടാതെ സെസ്സും സർചാർജ്ജും കേന്ദ്ര നികുതിവിഹിതത്തിൽ കുത്തനെ ഉയർത്തിയതുമൂലം വലിയ കുറവ് വിഭജിക്കുന്ന വിഹിതത്തിൽ വന്നിട്ടുണ്ട്. 2011-12 വർഷത്തിൽ മൊത്തം സെസ്സും സർചാർജ്ജും 10.4 ശതമാനമായിരുന്നത് 2021-22ൽ 28.1 ശതമാനമായി ഉയർന്നു.

ഈ വർഷം കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന തുകകളിലും വായ്പാനുവാദത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് 57,400 കോടി രൂപയാണ് കുറവ് വന്നിട്ടുള്ളത്. വായ്പാനുമതിയിൽ 19,000 കോടി രൂപ നിഷേധിച്ചു. റവന്യൂ കമ്മി ഗ്രാന്റിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8400 കോടി രൂപ കുറഞ്ഞു. ജിഎസ്ടി നഷ്ടപരിഹാരം 12,000 കോടിയോളം രൂപ ഇല്ലാതായി. നികുതി വിഹിതം 3.58 ശതമാനത്തിൽനിന്ന് 1.925

ശതമാനമായി കുറച്ചതിലൂടെ 18,000 കോടി രൂപയാണ് വരുമാന നഷ്ടം.

## ജി എസ് ടി യിലെ വരുമാനനഷ്ടം

വാറ്റിൽനിന്ന് ജിഎസ്ടിയിലേക്കുള്ള മാറ്റം സംസ്ഥാനത്തിന് കടുത്ത വരുമാനനഷ്ടമാണുണ്ടാക്കിയത്. പെട്രോൾ, ഡീസൽ, മദ്യം എന്നിവയിൽ മാത്രമായി സംസ്ഥാന അധികാരം ചുരുങ്ങി. ഇരുനൂറിൽപരം ആഡംബര ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും 35 -മുതൽ 45 % വരെ ഉണ്ടായിരുന്ന മൂല്യവർധിത നികുതി ജിഎസ്ടിയിൽ 28 ശതമാനത്തിലേക്കും, പിന്നീട് 18 ശതമാനത്തിലേക്കും കേന്ദ്ര സർക്കാർ ചുരുക്കി. ജിഎസ്ടി സംബന്ധിച്ച എല്ലാ വിഷയങ്ങളുടെയും ഏതാണ്ട് പൂർണ്ണനിയന്ത്രണം കേന്ദ്ര സർക്കാരിനാണ്. ജിഎസ്ടിയുടെ സാങ്കേതികവിഷയങ്ങളും സാമ്പത്തികവിഷയങ്ങളുമെല്ലാം കൈകാര്യം ചെയ്യുന്നത് കേന്ദ്രസർക്കാരാണ്. ജിഎസ്ടി കൗൺസിലിൽ അഭിപ്രായം പറയാനും സമ്മർദ്ദം ചെലുത്താനും മാത്രമേ സംസ്ഥാന സർക്കാരുകൾക്ക് കഴിയൂ. ജിഎസ്ടി സംവിധാനത്തിന്റെ നിയമങ്ങളും കണക്കുകൾ കൈകാര്യം ചെയ്യുന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളും അടുത്തകാലത്താണ് സ്ഥിരത കൈവരിച്ചുതന്നെ.




വാറ്റിൽ അടക്കം സംസ്ഥാനത്തിന് ലഭിച്ചിരുന്ന വരുമാനം ഉറപ്പാക്കാൻ ജിഎസ്ടിയിലേക്കുള്ള മാറ്റത്തിൽ റവന്യു ന്യൂട്രൽ നിരക്കായി നിശ്ചയിച്ച 16 ശതമാനം 11 ശതമാനത്തിലേക്ക് കൂപ്പുകുത്തി. കേന്ദ്രത്തിനും സംസ്ഥാനത്തിനും നികുതി വരുമാനനഷ്ടം ഉണ്ടാകാതിരിക്കാൻ ജിഎസ്ടിയ്ക്ക് മുമ്പ് 16 ശതമാനമായിരുന്ന റവന്യു ന്യൂട്രൽ നിരക്കായി തീരുമാനിച്ചിരുന്നത്. ഇത് ജിഎസ്ടിയിൽ നിലനിർത്തും എന്നായിരുന്ന തീരുമാനം. എന്നാലതിപ്പോൾ 11 ശതമാനത്തിലേക്ക് താഴ്ത്തിക്കഴിഞ്ഞു. വാർഷിക നികുതി വളർച്ച 14 ശതമാനമായി നിശ്ചയിച്ചു. അതിൽ കുറഞ്ഞാൽ കേന്ദ്രം നഷ്ടപരിഹാരം നൽകുമെന്നാണ് തീരുമാനം. 2022 ജൂൺ മുതൽ ജിഎസ്ടി നഷ്ടപരിഹാരം നൽകുന്ന ഇടപാടും ഇല്ലാതായി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്നത് ബിജെപി സംസ്ഥാനങ്ങൾ അടക്കം ജിഎസ്ടി കൗൺസിലിൽ ഉന്നയിക്കുന്ന വിഷയമാണ്. നഷ്ടപരിഹാര കാലാവധി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ല. നഷ്ടപരിഹാരത്തിനായി നിശ്ചയിച്ചിട്ടുള്ള സെസ് വഴിയാണ് തുക സമാഹരിക്കുന്നത്.

## കടമെടുപ്പ് അവകാശം വെട്ടിക്കുറയ്ക്കുന്നു

ബജറ്റിന് പുറത്തുള്ള കടം കുറയ്ക്കുന്ന എന്ന പേരിലാണ് സംസ്ഥാനത്തിന്റെ കടമെടുപ്പ് അവകാശം കുറച്ചത്. 2017 മുതൽ കിഫ്ബിയും, പിന്നീട് പെൻഷൻ കമ്പനിയും എടുത്ത കടമാണ് കഴിഞ്ഞവർഷം മുതൽ നാലുവർഷമായി 3140 കോടി രൂപ വീതം കടമെടുപ്പ് അവകാശത്തിൽ നിന്നും വെട്ടിക്കുറയ്ക്കുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട വിഷയം കേന്ദ്രം ഈ തത്വം ഒന്നും പാലിക്കാറില്ല എന്നതാണ്. നാഷണൽ ഹൈവേ അതോറിറ്റിയും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തുടങ്ങിയ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളൊന്നും ഇത്തരത്തിൽ കേന്ദ്ര ബജറ്റിൽ നിന്നും കുറയ്ക്കാറില്ല എന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിക്കുള്ള കേന്ദ്രഫണ്ട് പോലും 2020-21നുശേഷം ഓരോവർഷവും കുറയുകയാണ്. 2020-21ൽ 3,356 കോടി രൂപ ലഭിച്ചു. 2021-22ൽ 3,030 കോടിയായി. കഴിഞ്ഞ വർഷം 2,936 കോടിയായും കുറഞ്ഞു.

കടം എടുക്കാൻ അനുവദിച്ചാൽ കേരളം മുടിഞ്ഞുപോകുമെന്നാണ് കുപ്രചാരണം. ഇതിനുള്ള മറുപടി റിസർവ് ബാങ്ക് കണക്കുകളിൽ വ്യക്തമാണ്. റിസർവ് ബാങ്ക് പ്രസിദ്ധീകരിച്ച സംസ്ഥാനങ്ങളുടെ ധനകാര്യങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട് കൃത്യമായ മറുപടി നൽകുന്നു. 2023 മാർച്ച് 31 ലെ കണക്കിൽ സംസ്ഥാനങ്ങളുടെ ആകെ കടബാധ്യത 74.96 ലക്ഷം കോടിയാണ്. ഇതിൽ കേരളത്തിന്റെ കടം 3.89 ലക്ഷം കോടിയും. എന്നാൽ, വരുമാനത്തിലും ഉൽപാദനത്തിലും വികസനത്തിലുമെല്ലാം മുൻപന്തിയിൽ എന്ന് വിശേഷിപ്പിക്കുന്ന സംസ്ഥാനങ്ങളെല്ലാം വലിയ തോതിൽ കടം എടുത്താണ് പിടിച്ചുനിൽക്കുന്നത്. കഴിഞ്ഞവർഷം കേരളത്തിന് സംസ്ഥാന മൊത്ത ഉൽപാദനത്തിന്റെ മൂന്ന ശതമാനം കടം എടുക്കാമായിരുന്നു. എടുത്തതാകട്ടെ രണ്ടര ശതമാനവും. ഈവർഷം അവസാന പാദത്തിലെ കടമെടുപ്പ് പരിധയിൽനിന്ന് കേന്ദ്ര സർക്കാർ കുറച്ചത് 5600 കോടിയാണ്. കേരളം ആവശ്യപ്പെട്ടത് 7437.61 കോടി. അനുവദിച്ചത് 1838 കോടി മാത്രം. ഇതുമൂലം സംസ്ഥാനത്തിന്റെ അവസാനപാദ പ്രവർത്തനങ്ങളെല്ലാം അവതാളത്തിലാകും. പ്രതിമാസം ക്ഷേമ പെൻഷൻ ഉറപ്പാക്കണം. വർഷാന്ത്യ ചെലവുകളും വലിയ പ്രശ്നമാകും.

ഈ വസ്തുതകൾ കേന്ദ്ര സർക്കാരിനെ പലവട്ടം ബോധ്യപ്പെടുത്തിയിട്ടും ഒരു നടപടിയും ഉണ്ടാകുന്നില്ല. ഈ ഘട്ടത്തിലാണ് പ്രശ്നം സുപ്രീംകോടതിയുടെ പരിഗണനയിൽ കൊണ്ടുവരാൻ കേരളം തീരുമാനിച്ചത്. നമുക്ക് കിട്ടാനുള്ളത് ഒരു രൂപയായാലും അത് കേരളത്തിനാകെ അവകാശപ്പെട്ടതാണ്. അത് നേടിയെടുക്കാൻ ഒരുമിച്ച് നിൽക്കാൻ നമുക്കാകണം.■

പ്രൊഫ. കെ എൻ ഗംഗാധരൻ
സാമ്പത്തികവിദഗ്ധൻ



# ഏത് ഉപരോധത്തെയും നാം മറികടക്കും

**സംസ്ഥാന ആഭ്യന്തരവരുമാനവും സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനവും വർഷംതോറും വർധിക്കുകയാണ്. ഏത് സാമ്പത്തിക ഉപരോധത്തെയും മറികടക്കാനുള്ള ശക്തി സംസ്ഥാനത്തിനുണ്ട്**



ഒരു ഫെഡറൽ സംവിധാനത്തിൽ സാമ്പത്തിക വികസനം കേന്ദ്രവും സംസ്ഥാനങ്ങളും സംയുക്തമായി നിർവഹിക്കേണ്ടതാണ്. എങ്കിൽ മാത്രമേ രാജ്യത്തിന്റെ മൊത്തം സാമ്പത്തിക വികസനം സാധ്യമാകൂ. സംസ്ഥാനങ്ങളെ ആശ്രിതഘടകങ്ങളായി തരംതാഴ്ത്തുക മാതൃകാപരമായ കേന്ദ്ര-സംസ്ഥാന സമ്പർക്കങ്ങൾക്ക് അനുചിതമല്ല. സഹകരണ ഫെഡറലിസത്തിന്റെ ആരോഗ്യകരമായ അടിസ്ഥാനം നീതിയുക്തമായ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളാണ്. വികസന പരിഗണനകളേക്കാൾ രാഷ്ട്രീയ പരിഗണനകൾ മേൽക്കൈ നേടുന്നത് ആരോഗ്യകരമായ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾക്ക് വിലങ്ങുതടിയാണ്. വിഭവങ്ങളുടെയും വായ്പകളുടെയും നീതിയുക്തമായ പങ്കുവയ്പ് അനിവാര്യമാണ്.

2023-24 സംസ്ഥാന ബജറ്റ് അനുസരിച്ച് ആകെ റവന്യൂവരുമാനം 1,35,418.67 കോടിയും തനതു നികുതിവരുമാനം 98,847.35 കോടിയും നികുതിയിതരവരുമാനം72.52 ശതമാനവും കേന്ദ്രനികുതി വിഹിതവും ഗ്രാന്റും 27.53 ശതമാനവുമാണ്. ഏഴിനം നിർബന്ധ ചെലവുകൾ ഉള്ളതിൽ സർക്കാർ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പലിശ, സ്വകാര്യ സ്കൂൾ,കോളേജുകൾക്കുള്ള ഗ്രാന്റ്, ക്ഷേമ പെൻഷനുകൾ, സ്കോളർഷിപ്പുകൾ, സ്റ്റൈപ്പന്റുകൾ ഇവയ്ക്ക് മാത്രമായി 1.01,644 കോടിരൂപ വേണം. ഇവകൂടി ഉൾപ്പെടുന്നതാണ് മൊത്തം ചെലവുകൾ. 1,76,089 കോടിരൂപ കേന്ദ്ര നികുതിവിഹിതവും ഗ്രാന്റുകളും ഉപയോഗപ്പെടുത്തിയാൽ പോലും പിന്നെയും അവശേഷിക്കും കമ്മി. നികുതിവിഹിതവും ഗ്രാന്റുകളും വെട്ടിക്കുറച്ചാലോ? സംസ്ഥാനം സാമ്പത്തിക ഞെരുക്കത്തിലാവും. വായ്പ വാങ്ങിയേ കമ്മി നികത്താൻ കഴിയൂ. വികസന ചെലവുകൾ നിർവഹിക്കാനും കഴിയൂ. വായ്പയുടെ കടിഞ്ഞാൺ കേന്ദ്രസർക്കാരിന്റെ കൈകളിലാണ്. അതായത് കേന്ദ്രസർക്കാരിന്റെ അനുമതിയോടെ മാത്രമേ വായ്പ സ്വീകരിക്കാൻ കഴിയൂ. യഥേഷ്ടം വായ്പ വാങ്ങാൻ സംസ്ഥാനങ്ങൾക്ക് അനുമതി

## 2023 24 കേന്ദ്ര ബജറ്റിൽ നിന്ന്

| | കോടിരൂപ |
|---|---|
| മൊത്തം നികുതിവരുമാനം | 2,71,6281 |
| നികുതിസമാഹരണചെലവും സെസ്സും സർചാർജ്ജും ഒഴിവാക്കി സംസ്ഥാനങ്ങളുമായി പങ്കിടാൻ ലഭിക്കുന്നത് | 1,86,2874 |
| **സംസ്ഥാനങ്ങളുമായി യഥാർഥത്തിൽ പങ്കിടുന്ന നികുതിവരുമാനം** | 1,02,1448 |
| പത്താം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരമുള്ള 3.88 ശതമാനം അനുവദിച്ചിരുന്നെങ്കിൽ ലഭിക്കുമായിരുന്നത് | 39,632.1 |
| 14-ാം കമ്മിഷൻ പ്രകാരമുള്ള 2.50 ശിപാർശ ചെയ്തിരുന്നെങ്കിൽ | 25,536.20 |
| 15-ാം കമ്മിഷൻ പ്രകാരമുള്ള 1.92 5% ശിപാർശചെയ്തപ്പോൾ | 19,662.87 |

ആശാസ്യമല്ല. ആവശ്യാധിഷ്ഠിതവും നീതിയുക്തവുമായ നിയന്ത്രണം ആവശ്യമാണ്. എന്നാൽ കേന്ദ്രസർക്കാരിന്റെ നിലവിലെ നിയന്ത്രണങ്ങൾ വികസനവിരുദ്ധവും സംസ്ഥാന താൽപര്യങ്ങൾക്ക് എതിരുമാണ്.

### വിവേചനം ഇങ്ങനെ

സംസ്ഥാനവുമായി ധനവിഭവങ്ങൾ പങ്കിടുന്നതിന് ശിപാർശ നൽകാൻ ബാധ്യതപ്പെട്ട ഭരണഘടന സംവിധാനമാണ് ധനകാര്യ കമ്മീഷൻ. കമ്മീഷൻ ശിപാർശകൾ നീതിയുക്തമല്ല എന്ന് കണ്ടാൽ തിരുത്താനുള്ള ചുമതല കേന്ദ്രസർക്കാരിനുണ്ട്. ഏറെ വിമർശിക്കപ്പെടുന്നതാണ് 15-ാം ധനകാര്യ കമ്മിഷൻ ശിപാർശകൾ. കമ്മീഷൻ കേരളത്തോട് കടുത്ത വിവേചനമാണ് കാണിച്ചത്. പത്താം ധനകാര്യ കമ്മിഷൻ കേരളത്തിന് 3.88% വിഹിതം അനുവദിച്ചപ്പോൾ പതിനഞ്ചാം ധനകാര്യ കമ്മിഷൻ അത് 1.9 4% ആയിവെട്ടിച്ചുരുക്കി.

പത്താം കമ്മിഷൻ ശിപാർശ ചെയ്തത്ര തന്നെ കേരളത്തിന് അനുവദിച്ചിരുന്നുവെങ്കിൽ ലഭ്യമായിരുന്നതിന്റെ 49.61% കുറച്ച് മാത്രമാണ് 15-ാം കമ്മിഷൻ ശിപാർശചെയ്തതും കേന്ദ്രസർക്കാർ അംഗീകരിച്ചതും. കേരളത്തിന്റെ സാമ്പത്തികപ്രയാസങ്ങളുടെ മൂലകാരണങ്ങളിൽ ഒന്ന് ഇതാണ്. 19,662.87 കോടിരൂപ ലഭിക്കാൻ അർഹതയുള്ളപ്പോൾ 2022- 23ൽ ലഭിച്ചത് 17784.12 കോടി മാത്രം എന്നത് മറ്റൊരു വൈചിത്ര്യം.

### നികുതിവരുമാനം

കേന്ദ്രനികുതിവരുമാനം മുഴുവനും സംസ്ഥാനങ്ങളുമായി പങ്കിടുന്നതിന് പരിഗണിക്കുന്നില്ല. നികുതി വരുമാനത്തിന്റെ 29 ശതമാനം ലെവിയും സർച്ചാർജുകളുമായി കേന്ദ്രം കയ്യടക്കുകയാണ്. അതായത് 7,87,721.49 കോടിരൂപ. അത്രയും തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നു. അവ കൂടി പരിഗണിച്ചിരുന്നെങ്കിൽ 1.925% നിരക്കിൽ പോലും കേരളത്തിന് 15163.64 കോടിരൂപ അധികമായി ലഭിക്കുമായിരുന്നു.

2017 ജൂലായ് ഒന്നിന് ചരക്ക്സേവന നികുതി സമ്പ്രദായം നിലവിൽ വന്നതോടെ നികുതി നിരക്കിൽ ഭേദഗതി വരുത്തിയും വിഭവസമാഹരണത്തിന്മേൽ സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന അവകാശത്തിന് കൂച്ചുവിലങ്ങുവീണു. സംസ്ഥാനങ്ങളുടെ പൂർണ്ണസമ്മതത്തോടെയല്ല പരിഷ്കാരങ്ങളിലേക്ക് എടുത്തുചാടിയത്. 2015- 16 അടിസ്ഥാന

വർഷമാക്കി തുടർന്നുള്ള വർഷങ്ങളിൽ നികുതിവരുമാനം പ്രതിവർഷം 14 ശതമാനം വീതം വർധിച്ചില്ലെങ്കിൽ കുറവ് കേന്ദ്രം നികത്തുമെന്ന് വ്യവസ്ഥചെയ്തു. നഷ്ടപരിഹാരമായി കേരളത്തിന് 26,501 കോടിരൂപ ലഭിച്ചു പ്രതിവർഷം 5300 കോടിരൂപ.

കേരളത്തിന്റെ നികുതിവരുമാനം 14 ശതമാനം നിരക്കിൽ വർധിച്ചില്ല. പക്ഷേ 2022 ജൂൺ 22ന് നഷ്ടപരിഹാരം നിർത്തലാക്കി. അഞ്ചുവർഷം കൂടി നീട്ടണമെന്ന ആവശ്യം കേന്ദ്രം യുക്തിരഹിതമായി നിഷേധിച്ചു. നഷ്ടപരിഹാരം നിർത്തിയെങ്കിലും ആ ഇനത്തിൽ പിരിക്കുന്ന അധികം സെസ്സ് 2026 മാർച്ച്വരേക്കും നീട്ടി. നാലുവർഷത്തെ നഷ്ടപരിഹാരത്തുക കേന്ദ്രസർക്കാർ ഖജനാവിലേക്ക്.

## വായ്പാപരിധി

കമ്മി നികത്തുന്നതിനും വികസന പ്രവർത്തനങ്ങൾക്കും വായ്പ വാങ്ങാത്ത ഇന്ത്യൻ സംസ്ഥാനങ്ങളില്ല.

> കേരളത്തിന്റെ നികുതിവരുമാനം 14 ശതമാനം നിരക്കിൽ വർധിച്ചില്ല. പക്ഷേ 2022 ജൂൺ 22ന് നഷ്ടപരിഹാരം നിർത്തലാക്കി

### സംസ്ഥാന ആഭ്യന്തര വരുമാനം

| വർഷം | ലക്ഷം/കോടിരൂപ ആഭ്യന്തരവരുമാനം |
|---|---|
| 2019-2020 | 8.76 |
| 2020-21 | 9.78 |
| 2021-2022 | 8.76 |
| 2022-2023 | 9.01 |
| 2023-2024 | 11.3 |

വിഭവപരിമിതിയുള്ള കേരളം പോലുള്ള സംസ്ഥാനങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു. നിയമാനുസരണം ആഭ്യന്തരവരുമാനത്തിന്റെ മൂന്ന് ശതമാനം വായ്പയ്ക്ക് സംസ്ഥാനത്തിന് അർഹതയുണ്ട്. 2022 -23ലെ ആഭ്യന്തരവരുമാനം 10 ലക്ഷംകോടിരൂപയാണ്. (999643 കോടി) മുൻവർഷം 901998 കോടിരൂപയായിരുന്നു. 2023- 24 ൽ 11 ലക്ഷംകോടി രൂപയാകും എന്ന് ന്യായമായും പ്രതീക്ഷിക്കാം. മൂന്നരശതമാനം തുകയ്ക്ക് (മൂന്ന് ശതമാനം + അര ശതമാനം വൈദ്യുതി മേഖലയിലുള്ള പരിഷ്കാരങ്ങൾക്ക്) അർഹതയുണ്ട്. അതായത് 38,500 കോടിരൂപ. നിയമപരമായി അർഹതപ്പെട്ട വായ്പയിൽ നിരന്തരമെന്നോണം ഏകപക്ഷീയമായി വെട്ടിക്കിഴിവ്വരുത്തുകയാണ് കേന്ദ്രസർക്കാർ. 2023- 24 ൽ 17,310 കോടിരൂപയുടെ കുറവ് വരുത്തി. വാങ്ങാൻ കഴിയുന്നത് 20690 കോടിരൂപ മാത്രം.

സംസ്ഥാനത്തിന്റെ ധനകമ്മി മൂന്ന് ശതമാനത്തിൽ ഒതുക്കണമെന്ന് കേന്ദ്രസർക്കാർ. മൂന്ന്ശതമാനത്തിൽ കൂടിയാൽ അനുവദനീയമായ വായ്പ പരിധിയിൽ വെട്ടിക്കിഴിവ് വരുത്തും. ധനകമ്മി പരിധി മൂന്ന് ശതമാനത്തിൽ ഒതുക്കുന്നതിന് വേണ്ടികൂടിയാണ് കേരളം വായ്പോപകരണങ്ങൾ ആയ കിഫ്ബിയും കേരള സോഷ്യൽസെക്യൂരിറ്റി പെൻഷൻ ലിമിറ്റഡും ആവിഷ്കരിച്ചത്. രണ്ടും നിയമംമൂലം നിലവിൽ വന്നതാണ്. പശ്ചാത്തലസൗകര്യവികസനമാണ് ആദ്യത്തേതിന്റെ ലക്ഷ്യം. ക്ഷേമ പെൻഷൻ നൽകുകയാണ് രണ്ടാമത്തെതിന്റെ ലക്ഷ്യം. സംസ്ഥാനത്തെ സംബന്ധിച്ച് അനിവാര്യമായ ചെലവുകളാണ് അവ. പ്രസ്തുതവായ്പകൾ ബഡ്ജറ്റിന്റെ ഭാഗമാകണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്നു. വായ്പ വാങ്ങാതിരിക്കുക എന്നാൽ ക്ഷേമ പെൻഷൻ നൽകാതിരിക്കുക എന്നാണ് അർഥം. ജനാഭിമുഖ്യമുള്ള ഒരുസർക്കാരിന് സ്വീകരിക്കാവുന്ന മാർഗമല്ല അത്. 2023 ജൂൺ വരെയുള്ള കണക്കുപ്രകാരം കിഫ്ബി ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പ 19,634 കോടിരൂപയാണ്. ഇക്കാലയളവിൽ സർക്കാർ ഗ്രാന്റ് ഇനത്തിൽ 16,063 കോടിരൂപ കൈമാറിയിട്ടുണ്ട്. കിഫ്ബിയുടെ ഇതരവരുമാന മാർഗങ്ങളും പരിഗണിക്കുമ്പോൾ കിഫ്ബി സംസ്ഥാന ഖജനാവിന് ഒരു ബാധ്യതയും സൃഷ്ടിക്കുന്നില്ല.

സംസ്ഥാന ആഭ്യന്തരവരുമാനവും തനത് നികുതിവരുമാനവും വർഷംതോറും വർധിക്കുകയാണ്. ഏതു സാമ്പത്തിക ഉപരോധത്തെയും മറികടക്കാനുള്ള ആന്തരികോർജം സംസ്ഥാനത്തിനുണ്ടെന്ന് അനുഭവങ്ങൾതന്നെ സാക്ഷ്യം.■



സന്തോഷ് ടി വർഗീസ്
സാമ്പത്തികശാസ്ത്ര വിഭാഗം അധ്യക്ഷൻ, മഹാരാജാസ് കോളേജ്, എറണാകുളം



# ധനയാഥാസ്ഥിതികത്വം സൃഷ്ടിക്കുന്ന പ്രതിസന്ധികൾ




സംസ്ഥാന സർക്കാർ പാസാക്കിയ ധന ഉത്തരവാദിത്വ നിയമപ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തരവരുമാനത്തിന്റെ 3% (32,400 കോടി) കടം എടുക്കാൻ കഴിയും. അതിന്റെ അടിസ്ഥാനത്തിലാണ് ഫെബ്രുവരിയിൽ ഭരണഘടനാനുസൃതമായി പാസാക്കിയ ബജറ്റിന്റെ നടത്തിപ്പുമായി സംസ്ഥാന സർക്കാർ മുന്നോട്ടുനീങ്ങിയത്. എന്നാൽ മെയിൽ യൂണിയൻ സർക്കാർ നൽകിയ കത്തിനെ തുടർന്ന് ഒറ്റയടിക്ക് ഈ തുക 17,000 കോടി രൂപ കണ്ട് വെട്ടിക്കുറച്ചു. ഈ നടപടി യഥാർഥത്തിൽ ഭരണഘടനാവകുപ്പുകളുടെ അന്തസ്സത്തയെ ചോദ്യം ചെയ്യുന്നവയാണ്.

ഭരണഘടനയുടെ വകുപ്പ് 202 പ്രകാരം സംസ്ഥാനസർക്കാർ വരവ് ചെലവ് കണക്കുകളുടെ എസ്റ്റിമേറ്റ് നിയമസഭയിൽ

**ഒരു സംസ്ഥാനത്ത് ഏത് അളവിലുള്ള പൊതുചെലവ് ചെയ്യലാണ് ഉണ്ടാവേണ്ടത് എന്നുള്ളത് ആത്യന്തികമായി തീരുമാനിക്കപ്പെടേണ്ടത് ആ സംസ്ഥാനത്ത് നടക്കുന്ന രാഷ്ട്രീയപ്രക്രിയയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകളുടെ നയസമീപനം അനുസരിച്ചാണ്.**

അവതരിപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്യേണ്ടതുണ്ട്. അതുപ്രകാരം ഭരണഘടനാവകുപ്പുകൾ അനുശാസിക്കുന്ന ആന്വൽ ഫൈനാൻസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കി മുന്നോട്ടു പോയതിനുശേഷം അതനുസരിച്ചുള്ള സാമ്പത്തിക ചെലവുചെയ്യലിനെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള നിബന്ധനകളോ നിയന്ത്രണങ്ങളോ വേറെ കൊണ്ടുവരുവാൻ യൂണിയൻ സർക്കാരിന് അധികാരം നൽകുന്ന ഭരണഘടനാവ്യവസ്ഥ ഏതെന്നതാണ് പ്രസക്തമായ ചോദ്യം. അത്തരമൊരു വ്യവസ്ഥയുണ്ടെങ്കിൽ അത് സർക്കാരിന്റെ അടിസ്ഥാനപരമായ നിലനിൽപ്പിനെ തന്നെ അതിലംഘിക്കുന്നതാണ് എന്ന കാര്യം ശ്രദ്ധിക്കേണ്ടതായി വരും.



സാമ്പത്തികപരമായ ചെലവ് ചെയ്യലാണ് ഏതൊരു സർക്കാരിന്റെയും ഏതൊരു കാലത്തെയും നിലനിൽപ്പിന് ആധാരം. ചെലവ് ചെയ്യൽ ഇല്ലെങ്കിൽ സർക്കാർ അപ്രത്യക്ഷമാകും എന്നതാണ് ലളിതമായ യാഥാർഥ്യം. അതുകൊണ്ടുതന്നെ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ചെലവ് ചെയ്യലുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഭരണഘടനാ വ്യവസ്ഥ എന്നുപറയുന്നത് വരവുചെലവുകണക്കുകൾ നിയമസഭയിൽ അവതരിപ്പിച്ച് സാമ്പത്തിക പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ അനുമതി നൽകുന്ന 202 എന്ന ഭരണഘടനാവകുപ്പാണ്. പ്രസ്തുത വകുപ്പിന്റെ പ്രാഥമികമായ പ്രവർത്തനങ്ങളെ തടയാൻ കഴിയുന്ന യാതൊരു ഭരണഘടനാപരമായ വ്യവസ്ഥയ്ക്കും സാമ്പത്തികശാസ്ത്രപരമായി യാതൊരു അടിസ്ഥാനവും ഉണ്ടായിരിക്കില്ല.

സംസ്ഥാന സർക്കാർ കടം എടുക്കുമ്പോൾ നിയമാനുസൃതമായ കടപരിധിക്കുള്ളിലാണെങ്കിൽ അനുമതി നൽകാനും അനുയോജ്യമെന്ന് തോന്നുന്ന വ്യവസ്ഥകൾ നിഷ്കർഷിക്കാനും ഒക്കെയുള്ള ഭരണഘടനാപരമായ അവകാശം യൂണിയൻ സർക്കാരിനുണ്ട്. അതെല്ലാം ഉള്ളപ്പോൾ തന്നെ അവയൊക്കെ പരമപ്രധാനമായ വകുപ്പ് 202 പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതിനു ശേഷം അവയെ തടയുന്ന തരത്തിൽ നടപ്പിലാക്കാൻ യൂണിയൻ സർക്കാരിനെ അനുവദിക്കുന്നുണ്ടോ എന്നതാണ്. അത്തരം വകുപ്പുകൾ ഒന്നും ഭരണഘടനയിൽ കാണാൻ കഴിയുന്നില്ല എന്നതാണ് വാസ്തവം.

സംസ്ഥാന സർക്കാരിന്റെ ചെലവ് ചെയ്യാനുള്ള തീരുമാനം ആന്വൽ ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ് വഴി പ്രഖ്യാപിച്ച് പാസാക്കിയതിനുശേഷം പ്രസ്തുത കടപരിധി നിയമാനുസൃതമല്ല എന്ന് പറഞ്ഞ് നിയന്ത്രണങ്ങൾ കൊണ്ടുവരിക എന്നുള്ളത് സാമ്പത്തികശാസ്ത്രപരമായി അഭിലഷണീയമായ കാര്യമല്ല. തെരഞ്ഞെടുക്കപ്പെട്ട നിയമസഭ അംഗീകരിച്ച ബജറ്റിനു മേൽ അതിനുശേഷം നിയന്ത്രണങ്ങൾ കൊണ്ടുവരിക എന്നുള്ളത് ആരോഗ്യകരമായ ജനാധിപത്യ പ്രക്രിയയ്ക്ക് അനുഗുണവുമല്ല. വാസ്തവത്തിൽ ഓരോ വർഷവും നിയമാനുസൃതമായി അനുവദിക്കാൻ കഴിയുന്ന കടപരിധി ബജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങളെ അറിയിക്കാനുള്ള വ്യവസ്ഥ ഭരണഘടനയിൽ ആവശ്യമായി വരുന്നുണ്ട്. എന്നാൽ അത്തരം ഒരു വ്യവസ്ഥയും ഇല്ലാത്തിടത്തോളം ബജറ്റ് പാസാക്കിയതിനുശേഷം പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന സംസ്ഥാന സർക്കാരിനുമേൽ അപ്രതീക്ഷിതമായ കടപരിധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സാമ്പത്തികപ്രതിസന്ധി സൃഷ്ടിക്കുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളൂ.

> സംസ്ഥാന സർക്കാർ കടം എടുക്കുമ്പോൾ നിയമാനുസൃതമായ കടപരിധിക്കുള്ളിലാണെങ്കിൽ അനുമതി നൽകാനും അനുയോജ്യമെന്ന് തോന്നുന്ന വ്യവസ്ഥകൾ നിഷ്കർഷിക്കാനും ഒക്കെയുള്ള ഭരണഘടനാപരമായ അവകാശം യൂണിയൻ സർക്കാരിനുണ്ട്

## യാഥാസ്ഥിതിക ധനശാസ്ത്ര സ്വാധീനം

യൂണിയൻ സർക്കാർ ധന ഉത്തരവാദിത്വനിയമം 2003-ൽ പാസാക്കിയതിനെ തുടർന്നാണ് രാജ്യത്ത് ധനകമ്മിയുടെ 3% എന്ന പരിധി നടപ്പിലാക്കിയത്. ഇതിനെ തുടർന്ന് വിവിധ സംസ്ഥാന സർക്കാരുകൾ സ്വന്തം നിലയ്ക്ക് ധന ഉത്തരവാദിത്വനിയമം പാസാക്കാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടു. വഴിവിട്ട അത്തരം നീക്കങ്ങളോടുള്ള വിയോജിപ്പ് എന്ന നിലയിലാണ് പതിനൊന്നാം ധനകാര്യ

കമ്മിഷനിൽ അംഗമായ സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫ. അമരേഷ് ബാഗ്ചി തന്റെ ശ്രദ്ധേയമായ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്.

യൂണിയൻ സർക്കാർ പാസാക്കിയ ധന ഉത്തരവാദിത്വ നിയമത്തിൽ ധനകമ്മിയുടെ പരിധി മൂന്ന് ശതമാനം എന്ന് പറയുന്നുണ്ടെങ്കിലും അഭിലഷണീയമായ ഒരു പരിധി (റൂൾ) എന്ന നിലയിൽ മാത്രമാണ് ഉൾച്ചേർത്തിട്ടുള്ളത്. നിയമപരമായ ബാധ്യത എന്ന രീതിയിൽ 3% എന്ന പരിധി യൂണിയൻ സർക്കാർ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധികേണ്ടതുണ്ട്. എന്നാൽ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ധനകമ്മിയുടെ പരിധി മൂന്ന് ശതമാനം എന്നത് നിയമപരമായ ബാധ്യതയായിട്ടാണ് ഉൾചേർത്തിരിക്കുന്നത്. അഭിലഷണീയമായ പരിധി എന്നുപറഞ്ഞാൽ വേണ്ട സാഹചര്യങ്ങളിൽ പരിധി ലംഘിക്കാൻ കഴിയുമെന്നുള്ളതാണ് അർത്ഥം. എന്നാൽ സംസ്ഥാനതലത്തിലുള്ള ധന ഉത്തരവാദിത്വ നിയമപ്രകാരം ധനകമ്മിയുടെ 3% എന്ന പരിധി നിയമപരമായ വ്യവസ്ഥയാണ്. അതുകൊണ്ടുതന്നെ ഒരു സാഹചര്യത്തിലും അനുമതിയില്ലാതെ അത് ലംഘിക്കുവാൻ സംസ്ഥാനങ്ങൾക്ക് കഴിയുകയില്ല.

ഒരു സംസ്ഥാനത്ത് ഏത് അളവിലുള്ള പൊതു ചെലവ് ചെയ്യലാണ് ഉണ്ടാവേണ്ടത് എന്നുള്ളത് ആത്യന്തികമായി തീരുമാനിക്കപ്പെടേണ്ടത് ആ സംസ്ഥാനത്ത് നടക്കുന്ന രാഷ്ട്രീയപ്രക്രിയയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകളുടെ നയസമീപനം അനുസരിച്ചാണ്

ഇത്തരമൊരു ഉദാരമായ സമീപനം യൂണിയൻ സർക്കാരിന്റെ നിയമത്തിൽ ഉൾപ്പെടുത്തിയതിന് സാമ്പത്തികശാസ്ത്രപരമായ കാരണം ഉണ്ട്. കൗണ്ടർ സൈക്ലിക്കൽ ഫിസ്കൽ പോളിസി നടപ്പിലാക്കേണ്ട സാഹചര്യങ്ങളിൽ മൂന്ന് ശതമാനം എന്ന ധനകമ്മിയുടെ പരിധി പ്രശ്നങ്ങൾ സൃഷ്ടിക്കും. ഉദാഹരണത്തിന് രാജ്യം സാമ്പത്തികമാന്ദ്യത്തിലേക്ക് വീണുപോകുന്ന സാഹചര്യങ്ങളിൽ സമ്പദ് വ്യവസ്ഥയെ ഉയർത്തിക്കൊണ്ടു വരുന്നതിന് പൊതുചെലവ് വർധിപ്പിക്കേണ്ടി വരും. സ്വാഭാവികമായും ധനകമ്മി പരിധി വിട്ട് ഉയരും. സമ്പദ്വ്യവസ്ഥയിലെ വളർച്ചാനിരക്ക് കുറയുമ്പോൾ പൊതു ചെലവ് വർധിപ്പിച്ച് പ്രതിരോധിക്കാൻ ശ്രമിക്കുന്ന സാമ്പത്തികശാസ്ത്ര തന്ത്രത്തിന്റെ പേരാണ് കൗണ്ടർ സൈക്ലിക്കൽ ഫിസ്കൽ പോളിസി. സാമ്പത്തികശാസ്ത്ര രംഗത്ത് പൊതുവേ അംഗീകരിക്കപ്പെട്ട സമീപനമാണ് ഇത്. കെയിനീഷ്യൻ സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിത്തറയിലാണ് ഈ ആശയം ഉറപ്പിച്ചിട്ടുള്ളത്. അനിഷേധ്യമായ ഈ സാമ്പത്തികശാസ്ത്ര യുക്തി നിലനിൽക്കുന്നതുകൊണ്ടാണ് യൂണിയൻ സർക്കാർ ധന ഉത്തരവാദിത്വനിയമത്തിൽ ധനകമ്മി മൂന്ന് ശതമാനം അഭിലഷണീയമായ പരിധിയായി ഉൾച്ചേർത്തിരിക്കുന്നത്.

യഥാർഥത്തിൽ ഇത്തരം വിവേചനപരമായ വ്യവസ്ഥകൾക്കോ മൂന്ന് ശതമാനമെന്ന പരിധിക്കോ സാമ്പത്തികശാസ്ത്രപരമായി യാതൊരു അടിസ്ഥാനവുമില്ല. യൂണിയൻ സർക്കാരിന് കൗണ്ടർ സൈക്ലിക്കൽ ഫിസ്കൽ പോളിസി നടപ്പിലാക്കുന്നതിനുവേണ്ടി ധനകമ്മി പരിധി വിട്ട് അനുവദിക്കാമെങ്കിൽ കൗണ്ടർ സൈക്ലിക്കൽ ഫിസ്കൽ പോളിസി ആവശ്യമായി വരുന്ന സംസ്ഥാന സർക്കാരുകൾക്കും അതിനുള്ള അവകാശം അനുവദിച്ച് നൽകേണ്ടതായിട്ടുണ്ട്. തൊഴിലില്ലായ്മയും സാമ്പത്തികവളർച്ചയുടെ നിരക്കും രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായ രീതിയിലാണ് എന്ന ലളിതമായ വസ്തുത സംസ്ഥാന തലങ്ങളിലും കൗണ്ടർ സൈക്ലിക്കൽ ഫിസ്കൽ പോളിസി ആവശ്യമാണ് എന്നതിനുള്ള സാധൂകരണമാണ് മുന്നോട്ടു വെയ്ക്കുന്നത്.




അങ്ങനെ വരുമ്പോൾ ധനകമ്മിയുടെ 3% എന്ന നിയമപരമായ പരിധി കൗണ്ടർ സൈക്ലിക്കൽ ഫിസ്കൽ പോളിസി നടപ്പാക്കുന്നതിൽനിന്നും സംസ്ഥാനസർക്കാരുകളെ തടയുന്ന സ്ഥിതിയാണ് സംജാതമാകുന്നത്. യൂണിയൻ സർക്കാരിന് ഉദാരമായ വ്യവസ്ഥയും സംസ്ഥാന സർക്കാരുകൾക്ക് കർശനമായ വ്യവസ്ഥയും നിഷ്കർഷിക്കുന്ന ഇത്തരം സമീപനം യഥാർത്ഥത്തിൽ സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങൾക്ക് വിരുദ്ധമായ സംഗതിയാണ്. വാസ്തവത്തിൽ ഇത്തരം വിവേചനപരമായ സമീപനം സ്വീകരിക്കുന്നത് സംസ്ഥാനസർക്കാരിന്റെ വലിപ്പവും സമ്പദ്വ്യവസ്ഥയിലെ സാന്നിധ്യവും




കുറയ്ക്കുക എന്ന് ന്യൂ ക്ലാസിക്കൽ മാക്രോ ഇക്കണോമിക്സിന്റെ സ്വാധീനത്താൽ സ്വീകരിക്കപ്പെടുന്ന തീരുമാനങ്ങളാണ്. ഇത്തരം സമീപനങ്ങളെയാണ് യാഥാസ്ഥിതിക ധനശാസ്ത്ര സമീപനമെന്ന് പരക്കെ വിലയിരുത്തപ്പെടുന്നത്. വിവേചനപരമായ വ്യവസ്ഥകൾ സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങൾക്ക് എതിരാണെന്ന് മാത്രമല്ല ജനാധിപത്യപ്രക്രിയയെ കൂടി ദുർബലപ്പെടുത്തുകയാണ്.

## പൊതുചെലവ് ചെയ്യലും സർക്കാരുകളുടെ നയസമീപനങ്ങളും

കൂടാതെ യാതൊരു സാമ്പത്തികശാസ്ത്ര അടിത്തറയും ഇല്ലാത്ത ധന ഉത്തരവാദിത്വ നിയമത്തിലുള്ള ധനകമ്മിയുടെ പരിധി അടിസ്ഥാന പരമായി തന്നെ ചോദ്യം ചെയ്യപ്പെടേണ്ട ഒന്നാണ്. യാഥാസ്ഥിതിക ധനശാസ്ത്ര സമീപനത്തിന്റെ സ്വാധീനത്താൽ നടപ്പാക്കിയിരിക്കുന്നത് മാത്രമാണ് 3% എന്ന പരിധി. വ്യാപകമായ വിമർശനം ഉയർന്നുവന്നപ്പോൾ ഡോ. സി രംഗരാജൻ അധ്യക്ഷനായുള്ള പന്ത്രണ്ടാം ധനകാര്യകമ്മിഷൻ തങ്ങളുടെ റിപ്പോർട്ടിൽ ഒരു വിശദീകരണം നൽകാൻ ശ്രമിച്ചിട്ടുണ്ട്. കടവും ജിഡിപിയും തമ്മിലുള്ള അനുപാതം 28% എന്ന നിലയിൽ സ്ഥിരപ്പെട്ട് നിൽക്കാൻ (സസ്റ്റൈനബിലിറ്റി) മൂന്ന് ശതമാനമെന്ന കടപരിധി ആവശ്യമുണ്ടെന്നതായിരുന്നു വാദം. എന്നാൽ കടവും ജിഡിപിയും തമ്മിലുള്ള അനുപാതം അത്തരമൊരു നിലയിൽ സുസ്ഥിരത പ്രാപിക്കുമെന്ന വിലയിരുത്തലിനു വേണ്ടി തികച്ചും അയഥാർഥമായ അനുമാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. പ്രശസ്തമായ ജനീവ ഗ്രാജ്വേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ഇന്റർനാഷണൽ ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസിലെ സാമ്പത്തികശാസ്ത്രജ്ഞനായ ചാൾസ് വൈപ് ലോസ് 2007-ൽ എഴുതിയ ലേഖനത്തിൽ പൊതുകടത്തിന്റെ സുസ്ഥിരതാപഠനങ്ങളുടെ അടിസ്ഥാനം തന്നെ ചോദ്യം ചെയ്തിട്ടുണ്ട്. ഭൂതകാല ഡേറ്റ ഉപയോഗിച്ച് ഭാവിയിൽ ഉണ്ടാകുന്ന കടബാധ്യതയുടെ വിലയിരുത്തൽ നടത്തുന്നതിന്റെ പൊള്ളത്തരമാണ് അദ്ദേഹം ഉന്നയിക്കുന്നത്. അതിനാൽ തന്നെ രംഗരാജൻ കമ്മിഷൻ നടത്തിയിട്ടുള്ള വിശകലനം സൈദ്ധാന്തികമായി തികച്ചും ദുർബലമാണെന്ന് മാത്രമേ പറയാൻ കഴിയൂ. അടിസ്ഥാനമൊന്നുമില്ലാത്ത ഇത്തരം ആശയങ്ങളുടെ തണലിൽ നടപ്പാക്കിയിട്ടുള്ള കടപരിധിയാണ് സംസ്ഥാനത്തിന് ഇപ്പോൾ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത് എന്നത് കാണാതിരിക്കാനാവില്ല.



ഡോ. സി. രംഗരാജൻ



ചാൾസ് വൈപ്‌ലോസ്

ഒരു സംസ്ഥാനത്ത് ഏത് അളവിലുള്ള പൊതുചെലവ് ചെയ്യലാണ് ഉണ്ടാവേണ്ടത് എന്നുള്ളത് ആത്യന്തികമായി തീരുമാനിക്കപ്പെടേണ്ടത് ആ സംസ്ഥാനത്ത് നടക്കുന്ന രാഷ്ട്രീയപ്രക്രിയയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകളുടെ നയസമീപനം അനുസരിച്ചാണ്. സമ്പദ്‌വ്യവസ്ഥയിലെ വ്യക്തികളുടെ വികസനവുമായി ബന്ധപ്പെട്ട താൽപര്യങ്ങളെ (പ്രിഫറൻസ്) മൊത്തമായി (അഗ്രഗേറ്റ്) ചേർത്തെടുക്കാനുള്ള സംവിധാനം അവിടെ നടക്കേണ്ട രാഷ്ട്രീയപ്രക്രിയയാണ് എന്നാണ് സാമ്പത്തിക ശാസ്ത്രസിദ്ധാന്തങ്ങൾ ഒരേസ്വരത്തിൽ അഭിപ്രായപ്പെടുന്നത്. അങ്ങനെ നോക്കുമ്പോൾ സംസ്ഥാനത്തെ ജനങ്ങളുടെ വികസനപരമായ താൽപര്യങ്ങളെ അഗ്രഗേറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള രാഷ്ട്രീയ പ്രക്രിയയുടെ ഫലമായി അധികാരത്തിലെത്തുന്ന തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ഏത് അളവിലുള്ള പൊതുചെലവ് ചെയ്യലാണോ ഒരു സമ്പദ് വ്യവസ്ഥയിൽ വിഭാവനം ചെയ്യുന്നത് അതിനുമുകളിൽ നിയന്ത്രണം വയ്ക്കുവാൻ യാതൊരു ശക്തിക്കും സാമ്പത്തികശാസ്ത്രപരമായി അവകാശമില്ല എന്ന സൈദ്ധാന്തികനിലപാട് ശക്തമായി തന്നെ ഉന്നയിക്കേണ്ടതുണ്ട്. അത്തരം വാദങ്ങൾ ദേശീയതലത്തിലും രാജ്യത്തെ നീതിന്യായ സംവിധാനങ്ങളുടെ മുമ്പിലും ഉന്നയിച്ചാൽ മാത്രമേ ജനതയുടെ വികസനസ്വപ്നങ്ങളുടെ പരമാധികാരസ്വഭാവം സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ വിജയപഥത്തിൽ എത്തുകയുള്ളൂ.■

**വിവേചനപരമായ വ്യവസ്ഥകൾ സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങൾക്ക് എതിരാണെന്ന് മാത്രമല്ല ജനാധിപത്യപ്രക്രിയയെ കൂടി ദുർബലപ്പെടുത്തുകയാണ്.**

സിദ്ധിക്ക് റാബിയത്ത്
അസിസ്റ്റന്റ് പ്രൊഫസർ, സാമ്പത്തികശാസ്ത്ര വിഭാഗം
കേരളസർവകലാശാല



# ധനകാര്യത്തിലെ ഫെഡറലിസം



**ഇന്ത്യയിലെ സാമ്പത്തിക ഫെഡറലിസത്തിന്റെ ഏറ്റവും സുപ്രധാനമായ നില നിർണ്ണയിക്കുന്നത് ധനകാര്യകമ്മിഷനുകളിലൂടെയാണ്. പതിനാറാം ധനകാര്യ കമ്മിഷനെ ഇപ്പോൾ നിയോഗിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ടുള്ള ചർച്ചകളും ആശങ്കകളും പ്രസക്തമാണ്**

ഭരണഘടനാപരമായി വിവിധങ്ങളായ തലത്തിൽ കേന്ദ്ര സംസ്ഥാനബന്ധങ്ങളെ വർഗീകരിച്ചിട്ടുണ്ട്. അതിൽ സുപ്രധാനമായിട്ടുള്ള അധികാരങ്ങൾ രാഷ്ട്രീയവും ഭരണപരവും ധനപരവുമായ അധികാരങ്ങളാണ്. ഫെഡറലിസത്തിന്റെ മാതൃക പിൻപറ്റിയിട്ടുള്ള രാജ്യം എന്ന നിലയിൽ ഇത് വളരെ പ്രധാനപ്പെട്ടതാണ്..

**ഇന്ത്യൻ ഭരണഘടനയിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് അനുച്ഛേദം 245 മുതൽ 300 എ വരെ വിശദീകരിക്കുന്നു. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ സുപ്രധാനമായ ഒന്നാണ് സാമ്പത്തിക ബന്ധം. സാമ്പത്തിക ബന്ധം നിർണയിക്കുന്നതിൽ ഭരണഘടന തന്നെ വ്യവസ്ഥാപിതമായ മാർഗനിർദേശങ്ങൾ** മുന്നോട്ടുവച്ചിട്ടുണ്ട്. ഭരണഘടനയിലെ പന്ത്രണ്ടാം ഭാഗത്തിൽ ഒന്നാം അധ്യായമാണ് വിശദമായ സാമ്പത്തിക ഫെഡറലിസത്തെക്കുറിച്ച് പരാമർശിക്കുന്നത്. കേന്ദ്ര-സംസ്ഥാനങ്ങളുടെ നികുതി അവകാശങ്ങളും പിരിച്ചെടുക്കാനുള്ള അവകാശങ്ങളും എത്ര ലഭിക്കണമെന്നുള്ള അവകാശങ്ങളുമെല്ലാം വിശദീകരിക്കുന്നത് ഇവിടെയാണ്. കൂടാതെ അനുച്ഛേദം 275, 282 എന്നിവ സംസ്ഥാനങ്ങൾക്ക് നൽകുന്ന സഹായവുമായിട്ട് ബന്ധപ്പെട്ടിട്ടുള്ളതാണ്. അതിൽ തന്നെ പ്രമുഖമായത് 275 പ്രകാരം നിയമബദ്ധമായ ഗ്രാൻഡ് ഇൻ എയ്ഡുകളെ കുറിച്ചാണ്. എന്നാൽ 282 ലക്ഷ്യം വെക്കുന്നത് കേന്ദ്രസർക്കാരിന്റെ വിവേചനാധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് തങ്ങൾക്കിഷ്ടമുള്ളവർക്ക് സഹായം നൽകാനുള്ള സാധ്യതയാണ്.



സമീപകാലത്ത് ഇതിന്റെ സാധ്യതകൾ ലഭിച്ചത് അസം പോലുള്ള സംസ്ഥാനങ്ങൾക്കാണ്. അതുപോലെതന്നെ വിഭവസമാഹരണവുമായും അതിന്റെ വീതിച്ചു നൽകലുമായും ബന്ധപ്പെട്ട അനുച്ഛേദമാണ് 280. ധനകാര്യ കമ്മീഷന്റെ സാധുതയെയും കമ്മീഷൻ നൽകുന്ന ശിപാർശകൾ നടപ്പാക്കുന്നത് ഉറപ്പുവരുത്തുന്ന അനുച്ഛേദം 281ഉം കേന്ദ്ര-സംസ്ഥാന ധന ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്ന പ്രധാന സംവിധാനമാണ്. പുതിയ ധനകാര്യ കമ്മിഷനെ നിയമിച്ചിരിക്കുന്ന സാഹചര്യത്തിൽ മുൻ ധനകാര്യ കമ്മിഷനുകൾ എപ്രകാരമാണ് കേരളത്തെയും മറ്റ സംസ്ഥാനങ്ങളെയും പരിഗണിച്ചത് എന്നതുകൂടി പരിശോധിച്ചാൽ ധനകാര്യ വിഭവവിനിയോഗത്തിൽ ഉണ്ടാകുന്ന കയറ്റിറക്കങ്ങൾ വ്യക്തമാകും.

സംസ്ഥാനങ്ങളും കേന്ദ്രവും പിരിച്ചെടുക്കുന്ന പൊതു നികുതിവരുമാനത്തിൽ നിന്നും പുനർവിതരണത്തിലൂടെ, 2015-20 കാലയളവിൽ 14-ാം ധനകാര്യ കമ്മിഷൻ ശിപാർശ വഴി സംസ്ഥാനങ്ങൾക്ക് നൽകാൻ വ്യവസ്ഥ ചെയ്തത് 42% ആണ്. എന്നാൽ ഇത് 15-ാം ധനകാര്യ കമ്മിഷന്റെ കാലഘട്ടത്തിൽ (2021-26) 41 ശതമാനമായി ചുരുങ്ങി. സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്ന നികുതിഭാഗം മാത്രമല്ല പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും ചെലവുകളുടെ ഘടന ഈ കാലയളവിൽ മാറ്റങ്ങൾക്ക് വിധേയമായി. ഉദാഹരണത്തിന് കേന്ദ്രം 60% വും സംസ്ഥാനം 40% വും ചെലവ് വഹിക്കുന്ന പദ്ധതികൾ പുതിയ കാലഘട്ടത്തിൽ 50 : 50 അനുപാതത്തിലോ സംസ്ഥാനങ്ങൾ 60% കേന്ദ്രം 40% എന്ന തരത്തിലോ മാറിയിട്ടുണ്ട്. ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ കൃത്യമായും നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്കാണ് പലപ്പോഴും ഈ മാറ്റങ്ങൾ വർധിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നത്. കേരളം ഉൾപ്പെടെയുള്ള മിക്കവാറും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഇത്തരത്തിലുള്ള സാമ്പത്തിക ബാധ്യതകളിൽ ഉഴറുന്ന സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്.

**കേരളത്തിന്റെ വികസന പരിപ്രേക്ഷ്യത്തിൽ പ്രധാനപ്പെട്ട സംഭാവന നൽകുന്ന വിദ്യാഭ്യാസവും ആരോഗ്യവും മറ്റു സേവന മേഖലകളും അടങ്ങുന്ന സെക്ടറിൽ കേരളത്തിന്റെ വാഗ്ദാനം ചെയ്ത റവന്യു ചെലവ് ഒരു കാരണവശാലും കുറയ്ക്കാനാവില്ല.**

### ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ അവസ്ഥ

മൊത്തം നികുതിവരുമാനത്തിലെ ഇടിവ് മാത്രമല്ല മറിച്ച് സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്ന വിഹിതങ്ങളിലും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് കുറവ് ഉണ്ടായി എന്നതാണ് വസ്തുത. ഉദാഹരണത്തിന് കേന്ദ്രം 100 രൂപ നികുതിവരുമാനമായി സംസ്ഥാനങ്ങൾക്ക് നൽകുകയാണെങ്കിൽ 14-ാം പതിനാലാം ധനകാര്യ കമ്മിഷൻ അനുസരിച്ച് 2.50 രൂപ കേരളത്തിന് ലഭിച്ചിരുന്നത് 15-ാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം 1.89 രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. കർണാടകത്തിന് ആകട്ടെ 14-ാം ധനകാര്യ കമ്മിഷൻ കാലഘട്ടത്തിൽ 4.71 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 3. 64 രൂപ മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. തെലങ്കാനയിൽ 2.43ൽ നിന്നും 2.10 രൂപയായി ചുരുങ്ങി എന്ന വസ്തുതയാണ്. ആന്ധ്രയിലും സ്ഥിതി വ്യത്യസ്തമല്ല - 4.30 രൂപയിൽ നിന്നും 4.04 ആയി





ചുരുങ്ങി. തമിഴ്നാട്ടിൽ മാത്രമാണ് പതിനാലും പതിനഞ്ചും ധനകാര്യ കമ്മിഷൻ കാര്യമായി നഷ്ടം വരുത്താത്തത്. എങ്കിലും അത് 4.02 രൂപയിൽ നിന്നും 4.07 എന്ന കേവലവളർച്ച മാത്രമാണ് എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന 15-ാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരമുള്ള ധനം വീതിക്കൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ ഒട്ടാകെ വിശേഷിച്ചും കേരളത്തെയും കർണാടകത്തെയും തെലങ്കാനയെയും കഷ്ടത്തിലാക്കുന്നതാണ് കാണാൻ കഴിയുന്നത്. വലിയ തോതിലുള്ള റവന്യൂ ചെലവുള്ള സംസ്ഥാനമായ കേരളത്തെ ഇത് വല്ലാതെ ഞെരുക്കുന്ന സാഹചര്യമാണ് ഉണ്ടാക്കുന്നത്. കേരളത്തിൽ ലഭ്യമാക്കുന്ന നികുതിവരുമാനം കഴിഞ്ഞ നാല് ധനകാര്യ കമ്മിഷനുകളുടെ കാലത്തായി മൂന്നര ശതമാനത്തിൽ നിന്നും 1.89% ആയി കുറച്ചു കുത്തുന്നത് കേരളത്തിന്റെ ധനസ്ഥിതിയെ ചെറുതായിട്ടൊന്നുമല്ല ബാധിക്കുന്നത് എന്നത് കണക്കുകൾ കൊണ്ടുമാത്രം ബോധ്യപ്പെടുന്നതാണ്.

15-ാം ധനകാര്യ കമ്മിഷന്റെ ശുപാർശ പ്രകാരം മറ്റിനങ്ങളിൽ ലഭ്യമാകുന്ന ഗ്രാൻഡിലും കേരളത്തിന് വലിയ തോതിൽ മെച്ചം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. വിവേചനപൂർവ്വം യൂണിയൻ ഗവൺമെന്റിന് വിനിയോഗിക്കാനാകുന്ന പല ഗ്രാന്റുകളുടെ തുച്ഛമായ വിഹിതമാണ് കേരളത്തിന് ലഭിക്കുന്നത്.

ഉദാഹരണത്തിന് ദുരന്തനിവാരണം. പൊതു കടവും ധനക്കമ്മി നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഗ്രാൻഡ്, വൈദ്യുതമേഖലയിലെ പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ഗ്രാൻഡുകൾ എന്നിവയിൽ നമുക്ക് ലഭിച്ചിരിക്കുന്ന തുക പരിശോധിച്ചാൽ ഇത് വ്യക്തമാണ്.

കേരളത്തിന്റെ വികസന പരിപ്രേക്ഷ്യത്തിൽ പ്രധാനപ്പെട്ട സംഭാവന നൽകുന്ന വിദ്യാഭ്യാസവും ആരോഗ്യവും മറ്റു സേവന മേഖലകളും അടങ്ങുന്ന സെക്ടറിൽ കേരളത്തിന്റെ വാഗ്ദാനം ചെയ്ത റവന്യൂ ചെലവ് ഒരു കാരണവശാലും കുറയ്ക്കാനാവില്ല. ഈ സാഹചര്യത്തിൽ കേരളത്തെ സംബന്ധിച്ച് ഏതുതരം വികസന ചെലവുകളും ബജറ്റിനുള്ളിൽ നിന്നുകൊണ്ട് സാധ്യമാക്കുക അങ്ങേയറ്റം ദുഷ്കരമാണ്. പ്രത്യേകിച്ചും എഫ് ആർ ബി എമ്മിന്റെ പശ്ചാത്തലത്തിൽ കേരളത്തിന് ഇപ്പോൾ ഉണ്ടാകുന്ന തരത്തിലുള്ള വിജ്ഞാന സമ്പദ്ഘടനയെ ഉദ്ഘോഷിക്കുന്ന തരത്തിലുള്ള വികസന പ്രക്രിയകൾ നടത്താൻ



> **സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും ബജറ്റിന് പുറത്തുള്ള വിഭവസമാഹരണ സാധ്യതകളെ വിവേചനപരമായി കടപരിധിക്കകത്തു കൊണ്ടുവന്നതു സാമ്പത്തിക ഫെഡറലിസത്തിനു ചെറിയ ഭീഷണിയല്ല ഉയർത്തുന്നത്.**



സമീപകാലത്തുപോലും സാധിക്കില്ല എന്ന തിരിച്ചറിവിൽ നിന്നാണ് സംസ്ഥാനം ബജറ്റിന് പുറത്ത് വിഭവ സമാഹരണം നടത്താൻ ശ്രമിച്ചത്. കേരളത്തിൽ അഭൂതപൂർവം ആയ അടിസ്ഥാന സൗകര്യ വികസനം ഇതിലൂടെ സാധ്യമായതും. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, പാതകൾ തുടങ്ങിയ വികസന പ്രവർത്തനങ്ങളിലാണ് ഈ വിപ്ലവകരമായ മാറ്റം എന്നത് ചാരിതാർഥ്യം നൽകുന്നതാണ്. എന്നാൽ സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും ബജറ്റിന് പുറത്തുള്ള വിഭവസമാഹരണ സാധ്യതകളെ വിവേചനപരമായി കടപരിധിക്കകത്തു കൊണ്ടുവന്നതു സാമ്പത്തിക ഫെഡറലിസത്തിനു ചെറിയ ഭീഷണിയല്ല ഉയർത്തുന്നത്.■

അഡ്വ വി എൻ ഹരിദാസ് ഹൈക്കോടതി അഭിഭാഷകൻ



# ഫെഡറലിസം ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകം

**ഇന്ത്യ ഒരു ഫെഡറൽ രാഷ്ട്രമാണെന്നും ഫെഡറലിസം ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകമാണെന്നും (Basic Structure) ഭരണഘടനാ ഭേദഗതി വഴി പോലും അതിന് മാറ്റം വരുത്താൻ പാടില്ലെന്നും എസ്.ആർ. ബൊമ്മെ കേസിൽ സുപ്രീം കോടതി വിധിച്ചു**

രാഷ്ട്രത്തിന്റെ അധികാരം ഒരു ഭരണകൂടത്തിൽ നിക്ഷിപ്തമാണോ അതോ അത് വ്യത്യസ്ത പ്രാദേശിക ഭരണകൂടങ്ങൾക്കിടയിൽ വിതരണം ചെയ്തിരിക്കുകയാണോ എന്നതിനെ അടിസ്ഥാനമാക്കി ഭരണകൂടത്തെയും ഭരണഘടനയെയും യൂണിറ്ററി എന്നും ഫെഡറൽ എന്നും വേർതിരിക്കാറുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ഒരു സവിശേഷതയാണ് സമ്പൂർണ്ണമായും യൂണിറ്ററി എന്നോ ഫെഡറൽ എന്നോ വ്യവച്ഛേദിക്കാൻ കഴിയാത്ത നില. ഈ ഒരു സംശയത്തിന് ഒരു സുനിശ്ചിതമായ ഉത്തരം സുപ്രീം കോടതി നൽകിയത് എസ് ആർ ബൊമ്മെ കേസിലാണ്. (S.R. Bommai v Union of India (1994) 3SCC 1. ഇന്ത്യ ഒരു ഫെഡറൽ രാഷ്ട്രമാണെന്നും ഫെഡറലിസം ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകമാണെന്നും (Basic Structure) ഭരണഘടനാ ഭേദഗതി വഴി പോലും അതിന് മാറ്റം വരുത്താൻ പാടില്ലെന്നും ഈ കേസിൽ സുപ്രീം കോടതി വിധിച്ചു.




ഡോ.ബി.ആർ.അംബേദ്കർ

ഒരു ഫെഡറൽ ഭരണകൂടത്തിൽ ഒരു കേന്ദ്ര ഭരണകൂടവും പരസ്പരം ബന്ധപ്പെട്ട നിരവധി പ്രാദേശിക ഭരണകൂടങ്ങളുമുണ്ട്. അതുപോലെ യൂണിറ്ററി ഭരണകൂടത്തിലും കേന്ദ്ര സർക്കാരും പ്രാദേശിക സർക്കാരുകളുമുണ്ട്. അതുകൊണ്ടുതന്നെ ഉപരിതലത്തിൽ നോക്കിയാൽ രണ്ടും തമ്മിൽ വലിയ വ്യത്യാസമില്ല എന്ന് തോന്നാം. അതേസമയം, അത്ര പ്രത്യക്ഷമല്ലെങ്കിലും രണ്ടും തമ്മിൽ യഥാർത്ഥമായ വ്യത്യാസമുണ്ട്. വ്യത്യാസം ഇരിക്കുന്നത് കേന്ദ്ര- പ്രാദേശിക ഭരണകൂടങ്ങളുടെ ബന്ധത്തിലെ സ്വഭാവത്തിലാണ്. അവ തമ്മിലുള്ള വ്യത്യാസത്തെ ഇങ്ങനെ ചുരുക്കി പറയാം: ഒരു യൂണിറ്ററി ഭരണകൂടത്തിൽ പ്രാദേശിക സർക്കാരുകളുടെ അധികാരം വരുന്നത് കേന്ദ്ര സർക്കാർ നിർമ്മിക്കുന്ന നിയമങ്ങളിൽ നിന്നാണ്. അതുകൊണ്ട് തന്നെ പ്രാദേശിക സർക്കാരുകളുടെ അധികാരങ്ങൾ എപ്പോൾ വേണമെങ്കിലും കേന്ദ്ര ഭരണകൂടത്തിന് പിൻവലിക്കാം. അതേസമയം ഫെഡറൽ ഭരണകൂടത്തിൽ കേന്ദ്ര ഭരണകൂടത്തിന്റെയും പ്രാദേശിക ഭരണകൂടങ്ങളുടെയും അധികാരങ്ങൾ നിലവിൽ വരുന്നത് ഭരണഘടനയിൽ നിന്നാണ്. കേന്ദ്രത്തിനോ പ്രാദേശിക ഭരണകൂടങ്ങൾക്കോ അവരുടെ പ്രവൃത്തി കൊണ്ട് അതിന് മാറ്റം വരുത്താൻ കഴിയില്ല. ഇരുകൂട്ടർക്കും അധികാരം ലഭിക്കുന്നത് ഭരണഘടനയിൽ നിന്നാണ്, ഇരുകൂട്ടരും തങ്ങളുടെ അധികാരങ്ങൾ ഭരണഘടന നിഷ്കർഷിക്കുന്ന പരിധിക്കുള്ളിൽ



ഒതുക്കി നിർത്താൻ ബാധ്യസ്ഥരുമാണ്. ഭരണഘടന ഇരുകൂട്ടരുടെയും അധികാരത്തെ നിർവ്വചിക്കുന്നു എന്ന് മാത്രമല്ല, ഒരു സ്വതന്ത്ര നീതിന്യായ സംവിധാനത്തെ സ്ഥാപിക്കുന്നു, ഈ കോടതികൾ കേന്ദ്ര - പ്രാദേശിക ഭരണകൂടങ്ങൾ തങ്ങളുടെ അധികാര പരിധി ലംഘിക്കുമ്പോൾ അതിനെ ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിക്കുന്നു '

**- ഡോ. ബി ആർ അംബേദ്കർ**

1939 ജനവരി 29ന് ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പൊളിറ്റിക്സ് ആൻഡ് എക്കണോമിക്സ്, ഗോഖലെ ഹാൾ പൂനെയിൽ ചെയ്ത പ്രഭാഷണം

രാഷ്ട്രത്തിന് മുഴുവനായി ഒരു ഭരണകൂടം, പ്രാദേശിക തലത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ, അവയ്ക്കിടയിൽ അധികാരത്തിന്റെയും അവകാശങ്ങളുടെയും വിതരണം, തമ്മിൽ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഭരണഘടനയാൽ സ്ഥാപിതമായ സുപ്രീം കോടതിയും അതിലെ വ്യവസ്ഥകളും തുടങ്ങി ഒരു ഫെഡറൽ ഭരണസംവിധാനത്തിന്റെ എല്ലാ അനിവാര്യഘടകങ്ങളും ഇന്ത്യൻ ഭരണഘടനയിലും ഉൾച്ചേർന്നിരുന്നു. അതോടൊപ്പം തന്നെ രാജ്യം ആഭ്യന്തരവും വൈദേശികവുമായ ഭീഷണികളും വെല്ലുവിളികളും നേരിടുന്ന സന്ദർഭത്തിൽ ഈ വൈവിധ്യങ്ങളും വൈജാത്യങ്ങളും അധികാരവിഭജനങ്ങളും ഒഴിവാക്കി ഏക ഭരണസംവിധാനത്തിൻ കീഴിൽ



അണിനിരത്തുന്നതിനുള്ള അവസരവും ഭരണഘടന പ്രദാനം ചെയ്യുന്നു. ഇന്ത്യ വിഭജനത്തിന്റെ അന്തരീക്ഷം ഭരണഘടനാ നിർമ്മാണസഭയെ നിർണ്ണായകമായി സ്വാധീനിച്ചിരുന്നു. വിഭാഗീയ പ്രവൃത്തികളെയും പ്രവണതകളെയും നേരിടുന്നതിന് ശക്തമായ ഒരു യൂണിറ്ററി ഭരണകൂടം വേണമെന്ന് ഭരണഘടന നിർമ്മാതാക്കൾ കരുതിയിരുന്നു. അതുകൊണ്ടാണ് ഫെഡറലിസം അടിസ്ഥാന ശിലയായിരിക്കുമ്പോൾ തന്നെ ഒരു ശക്തമായ യൂണിറ്ററി ഭരണകൂടത്തെക്കൂടി ഭരണഘടന വിഭാവനം ചെയ്തത്.

എന്നാൽ ശക്തമായ ഏകകക്ഷി ഭരണത്തിലും തങ്ങൾക്ക് ഹിതകരമല്ലാത്ത കക്ഷികൾ സംസ്ഥാനങ്ങൾ ഭരിക്കുമ്പോൾ



അവയെ വരുതിക്ക് നിർത്താനും ഈ അനുച്ഛേദങ്ങൾ ഉപയോഗിക്കുന്നതാണ് പിൽക്കാലം കണ്ടത്. സംസ്ഥാനങ്ങൾക്ക് മാത്രം അവകാശാധികാരങ്ങൾ ഉണ്ടായിരുന്ന വിദ്യാഭ്യാസം ഉൾപ്പടെയുള്ള പല വിഷയങ്ങളും സംസ്ഥാനങ്ങൾക്കും യൂണിയൻ ഭരണകൂടങ്ങൾക്കും ഒരുപോലെ അധികാരങ്ങളുള്ള കൺകറന്റ് ലിസ്റ്റിലോ യൂണിയൻ ഭരണകൂടത്തിന് മാത്രം ഇടപെടാൻ കഴിയുന്ന  യൂണിയൻ ലിസ്റ്റിലേക്കോ ഭരണഘടനാ ഭേദഗതികളിലൂടെ മാറ്റി.  സംസ്ഥാനങ്ങൾക്ക് തനത് വരുമാനമുണ്ടായിരുന്ന പല വിഷയങ്ങളിലും നികുതി ഏർപ്പെടുത്തുന്നതിനും പിരിക്കുന്നതിനുമുള്ള അധികാരം യൂണിയൻ ഭരണകൂടത്തിലേക്ക് മാറ്റുകയും സംസ്ഥാനങ്ങൾക്ക് കേവലം യൂണിയൻ  ഭരണകൂടത്തിന്റെ ഗ്രാന്റ് ആശ്രയിച്ച് തങ്ങളുടെ ചെലവുകളും പദ്ധതികളും വികസന പ്രവർത്തനങ്ങളും നടത്തേണ്ട അവസ്ഥ സംജാതമാവുകയും ചെയ്തു. ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന അധികാരങ്ങളുടെ വിഭജനമാണ് നിയമമെന്നും  വളരെ ചുരുങ്ങിയ അപൂർവം സന്ദർഭങ്ങളിൽ മാത്രമേ അതിൽ മാറ്റം വരുത്താവൂ എന്നുമുള്ള **ഭരണഘടനാ സങ്കല്പം പൂർണ്ണമായും കാലക്രമത്തിൽ ദുർബ്ബലപ്പെട്ടു. സംസ്ഥാനങ്ങളും യൂനിയൻ ഭരണകൂടവും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളെ നിർവചിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നതിന് വേണ്ടി ഭരണഘടന തന്നെ വിഭാവനം ചെയ്ത സ്ഥാപനങ്ങളായിരുന്നു ഫിനാൻസ് കമ്മീഷനും പ്ലാനിങ് കമ്മീഷനും മറ്റും. അവയിൽ തന്നെ ഘടനാപരമായ മാറ്റം വരുത്തുന്നതോട് കൂടി സംസ്ഥാന യൂനിയൻ സാമ്പത്തിക ബന്ധങ്ങളിലും കാതലായ മാറ്റം വന്നു.  അത് ഫെഡറൽ ഘടനക്കോ സംസ്ഥാനങ്ങൾക്കോ അനുഗുണമായ തരത്തിൽ അല്ല സംഭവിച്ചത് എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ.**

## ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷത

ഇന്ത്യൻ ഫെഡറലിസത്തിന്റെ ഒരു സവിശേഷത അതിന്റെ അസമതുലിതയാണ്. സംസ്ഥാനങ്ങളും യൂണിയൻ ഭരണകൂടങ്ങളും അവയ്ക്കിടയിൽ അധികാര വിഭജനങ്ങളുമുണ്ടെങ്കിലും സംസ്ഥാനങ്ങൾക്ക് എല്ലാം ഏകതാനമായ അധികാരമോ പദവിയോ അല്ല ഭരണഘടന  വിഭാവനം ചെയ്തിരിക്കുന്നത്.  ഇന്ത്യയുടെ ഫെഡറലിസത്തെക്കുറിച്ചുള്ള ആലോചനകൾ ഈ അസമതുലിതയെ, നിർഭാഗ്യവശാൽ,

> ”
> ഒരു ഫെഡറൽ സംവിധാനത്തിനകത്ത് വ്യത്യസ്ത വിഭാഗങ്ങൾക്കും വംശങ്ങൾക്കും ഗോത്രങ്ങൾക്കും ഭാഷാവിഭാഗങ്ങൾക്കും എല്ലാം സംരക്ഷണം നൽകുന്ന, സ്വയംനിർണ്ണയാവകാശവും കർത്തൃത്വവും വളർത്താൻ സഹായകരമാകുന്ന ഒരു സംവിധാനത്തെയാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തത്

ദേശരാഷ്ട്രം എന്നതിനേക്കാൾ സംസ്ഥാനങ്ങൾ ചേർന്ന് രാഷ്ട്രം എന്ന, ഇന്ത്യയിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്ന / പ്രതിനിധീകരിക്കുന്ന എല്ലാ വൈവിധ്യങ്ങളെയും വൈജാത്യങ്ങളെയും അംഗീകരിക്കുന്നതായിരുന്നു ഇന്ത്യൻ ഭരണഘടനയിലെ ഫെഡറൽ സങ്കല്പം.



കണക്കിലെടുക്കാറില്ല. ഭാഷാടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട സംസ്ഥാനങ്ങൾ എന്ന് പൊതുവെ പറയാമെങ്കിലും സംസ്ഥാനങ്ങൾക്കിടയിൽ തന്നെ അധികാരത്തിലും അവകാശങ്ങളിലും വ്യത്യസ്തതകൾ ഭരണഘടന തന്നെ വിഭാവനം ചെയ്തിരുന്നു. ഇന്ത്യൻ ഭരണഘടനയിലെ അഞ്ച്, ആറ് ഷെഡ്യൂളുകളും 371 മുതൽ 371 ജെ വരെയുള്ള അനുച്ഛേദങ്ങളും ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണങ്ങളാണ്. വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്ക് മാത്രമല്ല , ഗുജറാത്ത് , മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, ഗോവ, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങൾക്ക് വരെ സവിശേഷമായ ചില അധികാരങ്ങളും അവകാശങ്ങളും ഭരണഘടന നൽകുന്നുണ്ട്.

ഒരു ഫെഡറൽ സംവിധാനത്തിനകത്ത് വ്യത്യസ്ത വിഭാഗങ്ങൾക്കും വംശങ്ങൾക്കും ഗോത്രങ്ങൾക്കും ഭാഷാവിഭാഗങ്ങൾക്കും എല്ലാം സംരക്ഷണം നൽകുന്ന, സ്വയംനിർണ്ണയാവകാശവും കർത്തൃത്വവും വളർത്താൻ സഹായകരമാകുന്ന ഒരു സംവിധാനത്തെയാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തത്. അതിന് അനുസൃതമായ നിയമ നിർമ്മാണ, നിർവ്വഹണ, നീതിന്യായ, ഫിസ്കൽ ഫെഡറലിസം ഇന്ത്യൻ ഭരണഘടന ഉറപ്പ് വരുത്തിയിരുന്നു. ദേശരാഷ്ട്രം (Nation -State ) എന്നതിനേക്കാൾ സംസ്ഥാനങ്ങൾ ചേർന്ന് രാഷ്ട്രം State Nation എന്ന, ഇന്ത്യയിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്ന / പ്രതിനിധീകരിക്കുന്ന എല്ലാ വൈവിധ്യങ്ങളെയും വൈജാത്യങ്ങളെയും അംഗീകരിക്കുന്നതായിരുന്നു ഇന്ത്യൻ ഭരണഘടനയിലെ ഫെഡറൽ സങ്കല്പം. ഏകശിലാത്മകമായ ഒരു ദേശരാഷ്ട്രത്തെ നിർമ്മിക്കുമ്പോൾ സംഭവിക്കുന്നത് ഇന്ത്യൻ ഫെഡറലിസത്തിന്റെ സമ്പൂർണ്ണമായ തകർച്ചയാണ്. എല്ലാ സംസ്ഥാനങ്ങളുടെയും സ്വയംഭരണ, നിയമനിർമ്മാണ, നിർവ്വഹണ, ധനകാര്യ സ്വാതന്ത്ര്യത്തെയും അവകാശാധികാരങ്ങളെയും അംഗീകരിച്ചുകൊണ്ടുള്ള ഒരു ഫെഡറൽ സംവിധാനത്തിന് മാത്രമേ ഇന്ത്യ എന്ന രാഷ്ട്രത്തെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയൂ. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുത്തും അവരുടെ ധനാഗമമാർഗങ്ങളെ ഇല്ലാതാക്കിയും അവരുടെ നിലനിൽപ്പിന് യൂണിയൻ ഗവണ്മെന്റിനെ സമ്പൂർണ്ണമായും ആശ്രയിക്കേണ്ടുന്ന അവസ്ഥ സൃഷ്ടിച്ചുകൊണ്ടുമുള്ള ഒരു ഭരണനിർവഹണം ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന,സുപ്രീം കോടതി എത്രയോ കേസുകളിൽ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ഘടനയാണെന്ന് ആവർത്തിച്ചിട്ടുള്ള ഫെഡറലിസം എന്ന അടിസ്ഥാന തത്വത്തിന്റെ സമ്പൂർണ്ണ നിഷേധമാണ്.■

ഭരണഘടന ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അതിജീവനചരിത്രം എന്ന പുസ്തകത്തിന്റെ രചയിതാവ് കൂടിയാണ് ലേഖകൻ





**കേന്ദ്ര വാണിജ്യവ്യവസായ മന്ത്രാലയത്തിന്റെ സ്റ്റാർട്ടപ്പ് ഇന്ത്യ റാങ്കിങ്ങിന്റെ നാലാം പതിപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച് കേരളം. സംരംഭകർക്ക് അവരുടെ ലക്ഷ്യങ്ങളും സ്വപ്നങ്ങളും പിന്തുടരാൻ അവസരം ഒരുക്കുന്ന സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം കേരളത്തിൽ നിലനിൽക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ അംഗീകാരം**

# സ്റ്റാർട്ടപ്പ് കേരളം പുതിയ ഉയരങ്ങളിൽ



യുവജനതയുടെ സംരംഭസ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിൽ രാജ്യത്തിന് തന്നെ അഭിമാനമാതൃകയാണ് കേരളവും സ്റ്റാർട്ടപ്പ് മിഷനും. ചടുലമായ സ്റ്റാർട്ട്അപ് ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിൽ സ്വീകരിച്ച നടപടികളും ഇന്നൊവേഷൻ സോണുകളും ഉൾപ്പെടെ മികച്ച നിലവാരത്തിലുള്ള സൗകര്യങ്ങൾ ഒരുക്കിയാണ് കേരളം ഈ നേട്ടം കൈവരിച്ചത്. സ്റ്റാർട്ടപ്പുകൾക്കു അനുയോജ്യമായ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിലൂടെ കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിലെ സ്റ്റാർട്ടപ്പ് മേഖലയിൽ കടന്നുവന്നിട്ടുണ്ട്. ഇതിനോടകം അയ്യായിരത്തിലധികം സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്തു രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിൽ ഒരു സ്റ്റാർട്ടപ്പ് സംസ്കാരം വളർത്തിയെടുക്കുവാനും, നൂതനാശയങ്ങളുടെയും സ്റ്റാർട്ടപ്പുകളുടെയും ചലനാത്മക കേന്ദ്രമായി സംസ്ഥാനത്തെ ദേശീയ ശ്രദ്ധാകേന്ദ്രമാക്കി മാറ്റുന്നതിൽ 2006 ൽ രൂപീകരിച്ച കേരള സ്റ്റാർട്ടപ്പ് മിഷന് വലിയ പങ്കുണ്ട്. മികച്ച ആശയങ്ങൾ കണ്ടെത്തി അവയെ സംരംഭകത്വത്തിലേക്ക് നയിച്ച്, പിന്തുണച്ച്, പരിപോഷിപ്പിച്ച് മികച്ച സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള നിരവധി പദ്ധതികളാണ് സ്റ്റാർട്ടപ്പ് മിഷൻ ആവിഷ്കരിച്ചത്. ഉയർന്ന തലത്തിലുള്ള സാങ്കേതികത അടിസ്ഥാനമാക്കിയ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് സഹായകരമാകുംവിധം അടിസ്ഥാന സൗകര്യവും ആവാസവ്യവസ്ഥയും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രൂപവൽക്കരിച്ചതാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ.

ഒരു ദശാബ്ദത്തിലേറെയായി കെ.എസ്.യു.എം സ്റ്റാർട്ടപ്പുകളുടെ ആവശ്യങ്ങൾ കാര്യക്ഷമമായി അഭിസംബോധന ചെയ്യുകയും വളർച്ചയെ പിന്തുണയ്ക്കുന്നതിനുള്ള നയങ്ങൾ രൂപപ്പെടുത്തുകയും ചെയ്തുവരുന്നു. പുതിയ ഉൽപന്നം വികസിപ്പിച്ച് സംരംഭം തുടങ്ങുന്നതിനായി സാമ്പത്തിക സഹായവും, സീഡ് ലോൺ സപ്പോർട്ട്, സ്റ്റുഡന്റ് സംരംഭകർക്കും പേറ്റന്റിനായി ചെലവാകുന്ന തുകമടക്കി നൽകുന്ന പേറ്റന്റ് റീ ഇംബേഴ്സ്മെന്റ്, ഇന്ത്യയിലെ ഗവൺമെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് ടെക്നോളജി ലൈസൻസുകൾ വാങ്ങി

വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപന്നങ്ങൾ വികസിപ്പിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക്  നൽകുന്ന ടെക്നോളജി ട്രാൻസ്ഫർ ആൻഡ് കൊമേഴ്സ്യലൈസേഷൻ സപ്പോർട്ട് എന്നിവയാണ്  ഇവയിൽ പ്രധാനം. ഇന്ത്യയ്ക്കുള്ളിൽ മാത്രമല്ല, ആഗോളതലത്തിലും വളർന്നുവരുന്ന സംരംഭകർക്ക് കേരളത്തിലെ സ്റ്റാർട്ടപ്പ് നയം ആകർഷകമാവുന്നു. കൂടുതൽ സംരംഭകർ ഇവിടേക്കു വരുന്നു.

## സ്ത്രീ ശാക്തീകരണം

**വനിതസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായായി കെ എസ് യു എം നടപ്പാക്കിയ വൈവിധ്യമായ പരിപാടികളിലൂടെ സ്ത്രീ സ്റ്റാർട്ടപ്പുകളുടെയും സംരംഭകരുടെയും എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്.  വിങ്ങ്(വിമൻ റൈസ് ടുഗെദർ), കേരള വിമൻ ഇൻ നാനോ സ്റ്റാർട്ടപ്പുകൾ, വിമൻ സ്റ്റാർട്ടപ്പ് സമ്മിറ്റ്, ഷീ ലവ്സ് ടെക്, വൈഹാക്ക്-ഇന്നൊവേറ്റർ (ഒരു ഹാക്കത്തോൺ), ആറ് മാസത്തെ പ്രീ-ഇൻകുബേഷൻ പ്രോഗ്രാമായ വി സ്റ്റാർട്ട് എന്നീ പരിപാടികൾ കെഎസ്‌യു** എമ്മിന്റെ കീഴിൽ നടന്നുവരുന്നു. വനിതാസംരംഭകർക്കായി സോഫ്റ്റ് ലോൺ സ്കീമുകളും അവരുടെ മിനിമം വയബിൾ പ്രൊഡക്റ്റ് (എംവിപി) അന്തിമ ഉൽപന്നമാക്കിമാറ്റുന്നതിനു 20 ലക്ഷംവരെ അധിക ഗ്രാന്റുകളും 12 ലക്ഷംവരെ ഉൽപാദന ഗ്രാന്റുകളും കെഎസ്‌യുഎം നൽകുന്നു. അയ്യായിരത്തിലധികം സ്റ്റാർട്ടപ്പുകളിൽ 1500-ലധികം സ്റ്റാർട്ടപ്പുകളിൽ കുറഞ്ഞത് ഒരു വനിതാസ്ഥാപകയെങ്കിലുമുള്ളത് ശ്രദ്ധേയമാണ്.

**5015+**
സ്റ്റാർട്ട്അപ്പ്

**27 കോടി**
ഗ്രാന്റ് തുക

**61 കോടി**
ഫണ്ട് ഓഫ് ഫണ്ട്

**63+**
ഇൻക്യുബേറ്റർ






## സംരംഭകത്വസംസ്കാരം

വിജയം കൈവരിച്ച സംരംഭകരെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, യുവപ്രതിഭകളെ കണ്ടെത്തുകയും അവർക്ക്  ആത്യാധുനിക സാങ്കേതികവിദ്യ, ലോകോത്തര നിലവാരമുള്ള അടിസ്ഥാനസൗകര്യം, ഉന്നത നിലവാരമുള്ള മെന്റർഷിപ്പ്, ആദ്യകാലത്ത് നഷ്ടം വരാനിടയുള്ള മൂലധനം എന്നിവ ലഭ്യമാക്കുകയുംചെയ്യുന്നു. കോളേജ് വിദ്യാർഥികൾക്കായുള്ള പ്രത്യേക ഇൻക്യുബേഷൻ സെന്ററുകൾ (ഐ. ഇ. ഡി.സികൾ) വിദ്യാർഥികളിലും വിദ്യാഭ്യാസസമൂഹത്തിലും സംരംഭകത്വസംസ്കാരം കെട്ടിപ്പടുക്കുവാൻ സഹായിക്കുന്നു. സംസ്ഥാനത്തുടനീളം 466-ലധികം ഐ. ഇ. ഡി.സികൾ ഇന്നുണ്ട്.

## ആഗോളപങ്കാളിത്തം

കേരളത്തിൽ നിന്നുള്ള സംരംഭങ്ങൾക്ക് ആഗോളതലത്തിൽ വിപണി വ്യാപിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കെഎസ്യുഎം ദുബൈ, ബെൽജിയം, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്ററുകൾ ആരംഭിക്കുകയും ഇവയിലൂടെ ധാരാളം അവസരങ്ങൾ തുറന്നുകൊടുക്കുകയും ചെയ്തു.

## നവീകരണ പാതയിൽ

നവീകരണത്തിന്റെ ഭാഗമായി കെ.എസ്. യു.എം ഇൻകുബേഷൻ കേന്ദ്രങ്ങളെ ലീപ് കോവർക്കേഴ്സായി (LEAP Cowork) മാറ്റുകയാണ്. ലോഞ്ച്, എംപവർ, ആക്സിലറേറ്റ്, പ്രോസ്പർ എന്നതിന്റെ ചുരുക്കപ്പേരായ ഘല്ലഅജ സ്റ്റാർട്ടപ്പുകളെ ശാക്തീകരിക്കാനും അവയുടെ നൂതനസംസ്കാരം വളർത്തിയെടുക്കാനും സഹായിക്കുന്നു. ഗവേഷണസ്ഥാപനങ്ങളെ സ്റ്റാർട്ടപ്പുകളുമായും കോർപ്പറേറ്റുകളുമായും ബന്ധിപ്പിച്ച് ഗവേഷണ ഉൽപന്നങ്ങളെ വാണിജ്യസംരംഭങ്ങളാക്കി മാറ്റുവാനാണ് റിസർച്ച് ഇന്നവേഷൻ നെറ്റ്‌വർക്ക്-കേരള (റിങ്ക്) ലക്ഷ്യമിടുന്നത്. കൂടാതെ കൊച്ചിയിലെ ഒരുസൂപ്പർ ഫാബ്‌ലാബും സംസ്ഥാനത്തുടനീളമുള്ള 22 ഫാബ്‌ലാബുകളും അടങ്ങുന്ന ഫാബ്‌ലാബ് ഹാർഡ് വെയർരംഗത്ത് പുതിയ പാതകൾ തുറക്കുകയാണ്.■



# വിസാറ്റ് ആകാശത്ത് എഴുതിയ പെൺചരിത്രം

**വിവിധ വെല്ലുവിളികളെ അതിജീവിച്ച് വിദ്യാർഥിനികളാൽ നിർമ്മിക്കപ്പെട്ട കേരളത്തിലെ ആദ്യത്തെ സാറ്റലൈറ്റ്, വനിതകളാൽ നിർമ്മിക്കപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ ഉപഗ്രഹ പേലോഡ് – വി സാറ്റ്**

രാജ്യത്ത് ആദ്യമായി പെൺകുട്ടികൾ ഉപഗ്രഹമുണ്ടാക്കി. കേരളത്തിന്റെ മിടുക്കികൾ. വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ചു. തിരുവനന്തപുരം പൂജപ്പുര എൽബിഎസ് വനിത എൻജിനീയറിങ് കോളേജിലെ വിദ്യാർഥിനികൾക്ക് ഇത് അഭിമാനദിനങ്ങൾ. ഒരാഗ്രഹത്തിന് പിറകെപ്പോയി അത് നേടി എടുത്ത മൂന്ന് അധ്യാപികമാരുടെയും 150 വിദ്യാർഥികളുടെയും കഥ കൂടിയാണ് വി സാറ്റ്.

കോളേജിന് മുന്നിലെ സെൽഫി പോയിന്റ് ആ അഭിമാനത്തിന് ഒപ്പം നിൽക്കാനുള്ളതാണ്. വിസാറ്റ് പേലോഡിന്റെ മോഡലും വിക്ഷേപിച്ച പിഎസ്എൽവി സി-58 മോഡലും ചേർത്താണ് സെൽഫി പോയിന്റ് സ്ഥാപിച്ചത്.

ഉപഗ്രഹത്തിൽനിന്ന് പ്രാഥമികമായി ലഭിച്ച ടെലിമെട്രി ഡാറ്റയിൽ നിന്നും ബഹിരാകാശത്തു രേഖപ്പെടുത്തിയ പരമാവധി അൾട്രാവയലെറ്റ് റേഡിയേഷൻ ഇൻഡക്സ് 23 ആണ്. അന്തരീക്ഷോപരിതലത്തിൽ കേരളത്തിൽ പരമാവധി റിപ്പോർട്ട് ചെയ്യപ്പെട്ടത് 12 ആണ്. കൂടുതൽ പഠനങ്ങൾക്കും വിശകലനങ്ങൾക്കുമായി അൽഗോരിതം വികസിപ്പിച്ചെടുക്കാനുള്ള തയ്യാറെടുപ്പിലാണ് ടീം വിസാറ്റ്. വീസാറ്റിന് വെബ്സൈറ്റുണ്ട്. ഉപഗ്രഹം നൽകുന്ന തിരുവനന്തപുരം നഗരത്തിലെ അൾട്രാവയലറ്റ് വികിരണതോത്, അന്തരീക്ഷ ഊഷ്മാവ് തുടങ്ങിയ വിവരങ്ങളുടെ ലൈവ് അപ്ഡേഷൻ വെബ്സൈറ്റ് വഴി വീസാറ്റ് ടീം നൽകി തുടങ്ങി. ഭൗമോപരിതലത്തിൽ നിന്ന് 350 കിലോമീറ്റർ ഉയരത്തിലാണ് ഉപഗ്രഹമുള്ളത്. ഒന്നരക്കിലോഗ്രാമാണ് ഉപഗ്രഹത്തിന്റെ ഭാരം. ആറുമാസം വീ-സാറ്റ് ബഹിരാകാശത്ത് ഉണ്ടാകും.

### ഒരു സ്വപ്നവും അഞ്ചുവർഷവും

2018 ൽ കേരളത്തിലുണ്ടായ മഹാപ്രളയമാണ് അൾട്രാവയലറ്റ് രശ്മികളെക്കുറിച്ച് പഠിക്കാൻ ഒരു ഉപഗ്രഹമെന്ന ആശയത്തിലേക്ക് എത്തിച്ചതെന്ന് ഉപഗ്രഹനിർമ്മാണത്തിന് നേതൃത്വം




നൽകിയ അസി. പ്രൊഫസർ ലിസി എബ്രഹാം പറഞ്ഞു. ഡോ. ആർ രശ്മി, ഡോ. എം ഡി സുമിത്ര എന്നിവരും അധ്യാപക കോർഡിനേറ്റർമാരാണ്. നിലവിൽ ഡി കെ ദേവിക, സൂര്യ ജയകുമാർ, ഷെറിൽ മറിയം ജോസ് എന്നിവരാണ് വിദ്യാർഥി കോർഡിനേറ്റർമാർ. ഇന്റർനെറ്റിലൂടെയും പുസ്തകങ്ങളിലൂടെയും കിട്ടിയ വിവരങ്ങൾ അനുസരിച്ചാണ് ഉപഗ്രഹത്തിന്റെ രൂപരേഖ തയാറാക്കിയത്. ഗോപിക, ഗ്രെയിസ്, അജ്ന എന്നിവരായിരുന്നു ആദ്യ സ്റ്റുഡന്റ്സ് കോർഡിനേറ്റർമാർ.

## വിക്ഷേപണം

2024 ജനുവരി ഒന്നിന് ശ്രീഹരിക്കോട്ടയിൽ നിന്നും പിഎസ്എൽവി സി -58ന്റെ വിക്ഷേപണത്തിനൊപ്പമായിരുന്നു വിസാറ്റും. ഐഎസ്ആർഒ രൂപീകൃതമായി അറുപതാം വർഷത്തിൽ. വനിതകളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ രാജ്യത്തെ ആദ്യത്തെ ഉപഗ്രഹമെന്ന വിശേഷണവും ഇനി വിസാറ്റിനൊപ്പമുണ്ട്. അൾട്രാവയലറ്റ് വികിരണതോത് കേരളത്തിന്റെ കാലാവസ്ഥയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം പഠിക്കുന്നതാണ് വിക്ഷേപണം ദൗത്യം. പൂജപ്പുര എൽബിഎസിലെ നാലു ബാച്ചുകളിലായുള്ള 150 വിദ്യാർഥിനികളാണ് വീ സാറ്റിന് പിന്നിൽ പ്രവർത്തിച്ചത്. കോളേജ് അധികൃതരും സർക്കാരും കൂടെ നിന്നു. 2016-20 വർഷത്തെ ഇലക്ട്രോണിക്സ് വിഭാഗത്തിലെ വിദ്യാർഥിനികൾ പ്രാഥമിക ഡോക്യുമെന്റേഷൻ പ്രവത്തനങ്ങൾ പൂർത്തീകരിച്ചു. പിന്നാലെ മൂന്നു ബാച്ചുകളിലെ മുഴുവൻ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും താൽപര്യവും കഴിവുമുള്ള വിദ്യാർഥിനികളെ കണ്ടെത്തി. ഓരോ പ്രവർത്തനങ്ങളായി മുന്നോട്ട്. ഓരോ ബാച്ചിലും മൂന്നുപേർ സ്റ്റുഡന്റ്സ് കോ ഓർഡിനേറ്റർമാരായി. അവസാനഘട്ടത്തിൽ 42 പേരടങ്ങുന്ന സംഘം പ്രവർത്തനം പൂർത്തീകരിച്ചത്.



ശാസ്ത്ര, സാങ്കേതിക വിദ്യാ ഗവേഷണ രംഗത്ത് കേരളം കൈവരിച്ച പുരോഗതിയുടെ ദൃഷ്ടാന്തമാണ് ഈ സന്തോഷ വാർത്ത. വിജ്ഞാന സമൂഹമായി കേരളത്തെ മാറ്റിത്തീർക്കാനുള്ള സർക്കാരിന്റെ ഉദ്യമങ്ങൾക്ക് ഈ നേട്ടം വലിയ ഊർജം പകരും.

പിണറായി വിജയൻ
മുഖ്യമന്ത്രി



പെൺകരുത്തിന്റെ ചരിത്രനേട്ടമായ 'വി-സാറ്റ്' പിഎസ്എൽവി സി- 58ന്റെ ഭാഗമായി ബഹിരാകാശ പഥത്തിലേക്ക് കുതിച്ചുയർന്നത് ബഹിരാകാശ പര്യവേക്ഷണ ശ്രമങ്ങളിലെ ഏറ്റവും തിളക്കമുള്ള അധ്യായമായി. സർക്കാർ ധനസഹായമെന്നനിലയിൽ 31 ലക്ഷം രൂപ നൽകാനായി.

ഡോ. ആർ ബിന്ദു
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി

## വി സാറ്റിന്റെ പിന്നിലെ പരിശ്രമങ്ങളെക്കുറിച്ച് സ്റ്റുഡന്റ് കോ-ഓർഡിനേറ്റർ ഷെറിൽ മറിയം ജോസിന്റെ ഡയറിയിൽനിന്ന്

**15 മാർച്ച്**

**എൽബിഎസ് വനിതാഎൻജിനീയറിങ് കോളേജിന്റെ മൂന്നാമത്തെ നിലയിയുള്ള ലിറ്റാ ഹാളിൽ ലിസി മാമിന്റെ വരവിനായി കാത്തിരുന്നു. സ്പേസ് ക്ലബ് മീറ്റിങ്ങിനാണ് ഞങ്ങളൊക്കെ എത്തിയത്. രണ്ടാംവർഷ ബിടെക് വിദ്യാർഥികളായ ഞങ്ങളിൽ പലരും ആദ്യമായാണ് അന്ന് സ്പേസ് ക്ലബ്ബിനെ കുറിച്ച് അറിയുന്നത്. വി സാറ്റ് എന്ന കോളേജിന്റെ സ്വപ്നപദ്ധതിയെയും കുറിച്ചും. സ്വപ്ന പദ്ധതി, സ്ത്രീകളുടെ അഭിമാനം എന്നീ വാക്കുകൾ മനസ്സിൽ തറച്ചു. ഒരുപാട് സംശയങ്ങൾ ഉണ്ടായിരുന്നെങ്കിലും ഒന്നിനും കെടുത്താനാകാത്ത പ്രതീക്ഷയുടെ, സ്വപ്നത്തിന്റെ തിരി തെളിയിക്കാൻ ലിസി എബ്രഹാം എന്ന കോളേജിലെ അസി. പ്രൊഫസർക്ക് സാധിച്ചു.ഇപ്പോൾ വീസാറ്റ് ഞങ്ങളുടേതുമാണ്.**

**25 ജൂൺ**

യു വി ഇൻഡെക്സ് എന്ന പദം എല്ലാവർക്കും സുപരിചിതം. എങ്കിലും ഇന്ത്യയിൽ പല പ്രദേശങ്ങളുടെയും കൃത്യമായ ഡേറ്റ ഈ ആധുനിക യുഗത്തിലും ലഭ്യമല്ല എന്ന വിവരം ഗവേഷണത്തിലൂടെ കണ്ടെത്തിയിരുന്നു. കേരളത്തിൽ കാലാവസ്ഥയുടെ താളം തകിടം മറഞ്ഞ് കിടക്കുന്ന സാഹചര്യത്തിൽ യു വി ഡേറ്റയുടെ പ്രാധാന്യം വർധിച്ചുവരികയാണ്. അങ്ങനെ സ്വപ്നപദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യപടിയായി കോളേജിന്റെ മേൽക്കൂരയിൽ പ്രൗഢിയോടെ ഗ്രൗണ്ട് മോണിറ്ററിങ് സ്റ്റേഷൻ സജ്ജമായി. വൈകാതെ അകലെയുള്ള സൂര്യനിൽനിന്നും അന്തരീക്ഷം തുളച്ചെത്തുന്ന വികിരണത്തിന്റെ അളവ് നമ്മുടെ കുഞ്ഞൻ സെൻസറുകൾ കൃത്യമായി പകർത്താൻ ആരംഭിച്ചു. തത്സമയ ഡേറ്റ ഉള്ളംകൈയിൽ ഭദ്രം.

**13 ജൂലൈ**

അഭിമാനനേട്ടം. വി സാറ്റ് വിക്ഷേപണത്തിന് വിഎസ്എസ്സി , ഇൻസ്പേസ്, ഡിപ്പാർട്ട്മെന്റ് ഓഫ് സ്പേസ്, ഐഎസ്ആർഒ എന്നീ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. സ്വപ്നസാക്ഷാത്കാരത്തിന്റെ രണ്ടാമത്തെ വലിയ പടികടന്നിരിക്കുന്നു. ഇനി സ്വപ്നം വിദൂരമല്ല. പക്ഷേ ഇടിവെട്ടിയ പോലെ സമയം വെല്ലുവിളിയായി. രണ്ടുമാസത്തിനകം ഉപഗ്രഹം തയ്യാറാക്കണം. 30 ലക്ഷത്തിലധികം രൂപ ചെലവ് വരും. ഇനി എന്ത്? ഇനി തിരിഞ്ഞു നോക്കാൻ പറ്റില്ല. മുന്നോട്ടുവച്ച കാൽ മുന്നോട്ടുതന്നെ.

**2 സെപ്തം**

**സ്പേസ് ക്ലബ്ബിലേക്ക് കൂടുതൽപേരെ എടുക്കാൻ തീരുമാനിച്ചിരിക്കുന്നു. സ്വപ്നപദ്ധതിയുടെ സാക്ഷാത്കാരത്തിലേക്ക് ഞങ്ങൾ കൂടുതൽ അടുത്തു. പുതിയ അംഗങ്ങളെ സ്പേസ് ക്ലബ്ബിലേക്ക് തെരഞ്ഞെടുക്കേണ്ടത് അനിവാര്യതയായി. സാധാരണയായി നാലുവർഷം കഴിഞ്ഞു ബിടെക് പഠനം പൂർത്തിയാക്കി ഇറങ്ങുന്ന വിദ്യാർഥികൾക്ക് പകരമായാണ് പുതിയ അംഗങ്ങളെ ക്ലബ്ബിലേക്ക് തെരഞ്ഞെടുക്കുന്നത്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായ ലിസി മാമിന്റെയും ഫാക്കൽറ്റി കോ ഓർഡിനേറ്റർമാരായ സുമിത്ര മാമിന്റെയും രശ്മി മാമിന്റെയും നേതൃത്വത്തിൽ സജ്ജമാക്കും. ഒപ്പം പഠനം പൂർത്തിയാക്കി ഇറങ്ങുന്ന അംഗങ്ങൾ വി സാറ്റ് പദ്ധതിയുടെ അഭ്യുദയകാംക്ഷികളായി നിലനിന്നു.**

**10 സെപ്തം**

**വി സാറ്റ് എന്ന ഞങ്ങളുടെ പേലോഡിന്റെ നിർമ്മാണത്തിന് 30 ലക്ഷം രൂപ ആവശ്യമുണ്ട്. ഫണ്ടിനായി നിരവധി സ്പോൺസർമാരെ സമീപിച്ചെങ്കിലും ഫലം ഉണ്ടായില്ല. അന്നുവരെ ചെയ്തിരുന്നതുപോലെ പിടിഎയുടെയും കോളേജിന്റെയും ഫണ്ടിൽനിന്നും, ഒടുവിൽ സ്വന്തം ചെലവിലും കുറച്ചുനാൾ കൂടി പിടിച്ചുനിൽക്കാൻ നോക്കി. രക്ഷയില്ല. പുറം രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ ക്രൗഡ് ഫണ്ടിങ്ങിന് എല്ലാവരും ചേർന്ന് തീരുമാനിച്ചു. അതിനായി രാവും പകലും കുത്തി ഇരുന്ന് പോസ്റ്ററും ബ്രോഷറും ഉണ്ടാക്കുന്ന തിരക്കിൽ എല്ലാവരും ഏർപ്പെട്ടു.**

**14 സെപ്തം**

വി സാറ്റ് ലോഞ്ച് ആകും എന്ന് ഉറപ്പായതോടുകൂടി മാധ്യമങ്ങളിൽ വാർത്ത വരാൻ തുടങ്ങി. വനിതകൾ വികസിപ്പിച്ച് എടുത്ത ആദ്യത്തെ ഉപഗ്രഹത്തിന്റെ ഉപജ്ഞാതാക്കളായ ഞങ്ങളെ കാണാനും അന്വേഷിച്ചും റിപ്പോർട്ടർമാരും സോഷ്യൽമീഡിയയിൽനിന്നും ആളുകൾ എത്താൻ തുടങ്ങിയിരിക്കുന്നു. ആറ്റുനോറ്റ് കിട്ടിയ അവധിക്കിടയിലൂടെയും സ്പേസ് ക്ലബ്ബ് അംഗങ്ങളായ ഞങ്ങൾ അവരെ വരവേൽക്കാനായി കോളേജിൽ വരുന്നത് പതിവായി. കോളേജിൽ സജ്ജമാക്കിയ ഗ്രൗണ്ട് മോണിറ്ററിങ് സ്റ്റേഷനെ കുറിച്ച് പറയാൻ ഞങ്ങൾക്കും ആവേശമായി. പ്രവൃത്തിദിനങ്ങളിലും ഈ പതിവ് തുടരുന്നു. ഇതിനിടെ ധനസഹായ വാഗ്ദാനങ്ങളും വന്നു തുടങ്ങി.

**2 ഒക്ടോ**

പുതിയ ടീം രൂപപ്പെട്ടതുമുതൽ ക്രൗഡ് ഫണ്ടിങ് വരെ വി സാറ്റിന്റെ ബാഹ്യമായ കർമപദ്ധതികളായിരുന്നു നടപ്പാക്കി കൊണ്ടിരുന്നത്. ഈ ദിവസം ടീമിൽ അവസാന വർഷ വിദ്യാർഥികൾ വി സാറ്റിന്റെ അതത് ഘടകങ്ങളുടെ പ്രോജക്ട് ഗ്രൂപ്പുകളായി തരംതിരിച്ചു. ഒപ്പം രണ്ടും മൂന്നും വർഷക്കാരായ ഞങ്ങളെ അവരുടെ അസിസ്റ്റന്റ് ടീമുകളായും നിയോഗിച്ചു. അതോടൊപ്പം മീഡിയ ടീം, കണ്ടന്റ് ടീം, ഡോക്യുമെന്റ് ടീം , ഡിസൈൻ ടീം എന്നിങ്ങനെ ടീമുകളെ രൂപീകരിച്ചു. തങ്ങളുടെ മുൻഗാമികളെപ്പോലെ അവസാന വർഷ വിദ്യാർഥികളായ ടീമംഗങ്ങൾ വി സാറ്റ് തങ്ങളുടെ ഫൈനൽ ഇയർ പ്രോജക്ട് ആയി ഏറ്റെടുത്തു. ഇങ്ങനെ നാല് പ്രൊജക്റ്റ് ബാച്ചുകളുണ്ടായി.

**12 ഒക്ടോ**

ധനസമാഹരണത്തിനുള്ള പരിശ്രമം ഫലം കണ്ടു. തികച്ചും യാദൃശ്ചികമായി വി സാറ്റ് എന്ന ഞങ്ങളുടെ സ്വപ്നപദ്ധതിക്ക് സർക്കാർ ധനസഹായം നൽകാൻ തീരുമാനിച്ചു. കേന്ദ്ര സർക്കാർ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി വഴി നല്കിയ 10 ലക്ഷം രൂപയും കേരള സർക്കാർ സ്റ്റാർട്ടപ് മിഷൻ വഴി നല്കിയ 14.4 ലക്ഷം രൂപയും സിഇടിയിൽ നടന്ന ഐഇഡിസി സമ്മിറ്റിൽ ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ. ആർ ബിന്ദു കൈമാറി.



**7 നവംബർ**

ഞങ്ങൾ വിഎസ്എസ് സിയുടെ ടെക്നിക്കൽ സഹായത്തോടെ വി സാറ്റ് ഫാബ്രിക്കേഷനും നിർമ്മാണവും യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർത്തു. കോളേജ് ക്ലാസുകൾ കഴിഞ്ഞ് ഞങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞു രാത്രി വരെയും പലദിവസങ്ങളിലും പിറ്റേന്ന് രാവിലെ വരെയും ഇരുന്നാണ് ഞങ്ങൾ അത് ചെയ്തു തീർത്തത്. ഞങ്ങളതിനെ 'ഹാക്കത്തോൺ' എന്ന് ഓമനപ്പേരിട്ടു. അവസാന നാളുകളിൽ ക്ലാസ്സിൽപ്പോലും കയറാതെ വി സാറ്റിന്റെ പുറകെയാണ്.

ഇനിയാണ് ഏറ്റവും പ്രധാനപ്പെട്ട കടമ്പ. - ഞങ്ങൾ നിർമ്മിച്ച വി സാറ്റ് ഉപഗ്രഹം സ്പേസ് ക്വാളിഫൈഡ് ആണെന്ന് അംഗീകരിച്ചുകിട്ടണം. അതിന് ഐഎസ്ആർഒ നിർദേശിക്കുന്ന കഠിനമായ ടെസ്റ്റുകൾ ഞങ്ങളുടെ സാറ്റലൈറ്റ് പാസാകണം. വിഎസ്എസ്സിയിൽ വി സാറ്റിന്റെ ടെസ്റ്റിനായി ലിസി മാമും കോർഡിനേറ്റർമാരും പോയി. ഞങ്ങൾ മൂന്നാഴ്ചയോളം അതിനുവേണ്ടി വിഎസ്എസ്സിയിൽ ഉണ്ടായിരുന്നു. അടുത്ത പിഎസ്എൽവി വിക്ഷേപണത്തിന് തയ്യാറാകുന്ന എല്ലാ പേലോഡുകളും ഒരുമിച്ചുള്ളതായിരുന്നു അവസാന ദിവസങ്ങളിലെ ടെസ്റ്റുകൾ. മറ്റു ഒമ്പത് പേലോഡുകൾ വടക്കേ ഇന്ത്യക്കാരായിരുന്നു. അതിൽ എട്ടെണ്ണം ഇന്ത്യയിലെ വമ്പൻ സ്റ്റാർട്ട് അപ്പുകളുടേതുമാണ്. ഒരു കോളേജിൽനിന്നുള്ള പേലോഡ് ഞങ്ങളുടേത് മാത്രം. ഞങ്ങളെ കാണുമ്പോൾ മറ്റുള്ളവർക്ക് എല്ലാം വല്ലാത്തൊരാവേശം. എല്ലാ സ്പേസ് ക്വാളിറ്റി ടെസ്റ്റുകളും ഞങ്ങളുടെ വി സാറ്റ് വിജയകരമായി പൂർത്തിയാക്കി. അങ്ങനെ ഞങ്ങളുടെ വി സാറ്റ് സ്പേസ് ക്വാളിഫൈഡ് ആയി! ആ നിമിഷം തോന്നിയ ആഹ്ലാദത്തിന് അതിരില്ല.

**4 ഡിസംബർ**

ഇന്ത്യയിൽ ആദ്യമായി ഒരു സംഘം വനിതാ എൻജിനീയർമാർ ചേർന്ന് നിർമ്മിച്ച ഞങ്ങളുടെ വി സാറ്റ് ഐഎസ്ആർഒ നിഷ്കർഷിച്ച എല്ലാവിധ സ്പേസ് ക്വാളിറ്റി ടെസ്റ്റുകളും പൂർത്തിയാക്കി. ഇന്ന് വൈകിട്ട് നാലിന് മനോഹര സായാഹ്നത്തിൽ വിഎസ്എസ്സി ഡയറക്ടർ ഡോ. എസ് ഉണ്ണികൃഷ്ണൻ സാറും പിഎസ്എൽവി മിഷൻ ഡയറക്ടർ ഡോ. എം ജയകുമാർ സാറും ചേർന്ന് പേലോഡ് പൊതുജനങ്ങളെ കാണിച്ചു. സാധാരണ പേലോഡുകളെ അപേക്ഷിച്ച് വ്യത്യസ്തമായൊരു ഡിസൈൻ ആണ് ഞങ്ങൾ വീസാറ്റിന് നൽകിയത്. ഈ മനോഹരനിമിഷത്തിനു മിഴിവേകാൻ പ്രമുഖ വ്യക്തിത്വങ്ങളുടെ ഒരു നിര തന്നെയുണ്ടായിരുന്നു.

**21 ഡിസംബർ**

**ഇനിയാണ് അടുത്ത കടമ്പ .- 15 നിലയോളം വലിപ്പമുള്ള അടുത്ത വിക്ഷേപണത്തിന് തയ്യാറെടുക്കുന്ന യഥാർഥ പിഎസ്എൽവി സി -58 റോക്കറ്റിൽ ഞങ്ങളുടെ വീസാറ്റ് ഇന്റഗ്രേറ്റ് ചെയ്യണം. അത് ആന്ധ്രാപ്രദേശിലുള്ള ശ്രീഹരിക്കോട്ടയിൽവച്ചാണ്.**

ശ്രീഹരിക്കോട്ടയിലേയ്ക്ക് ലിസി മാമിന്റെ നേതൃത്വത്തിൽ ഞങ്ങളുടെ പെൺപട യാത്ര തിരിച്ചു. സ്റ്റുഡന്റ്സ് കോർഡിനേറ്റർമാരായ ദേവികയും സൂര്യയുമാണ് ഒപ്പമുണ്ടായത്. കാറിൽ ആയിരം കിലോമീറ്ററോളം സ്വയം ഡ്രൈവ് ചെയ്താണ് വീസാറ്റ് പേലോഡുമായി മാമിന്റെ ശ്രീഹരിക്കോട്ടയിലേക്കുള്ള യാത്ര. മറ്റ് ഒമ്പത് പേലോഡിനെ പ്രതിനിധീകരിച്ച് എത്തിയ സ്റ്റാർട്ട് അപ്പുകളുടെയും മറ്റു സയന്റിസ്റ്റുകളുടെയും എൻജിനീയർമാരുടെയും ഇടയിൽ വി സാറ്റ് വേറിട്ട് നിന്നു. അതീവസുരക്ഷാ ക്രമീകരണങ്ങളുള്ള മിഷൻ കൺട്രോൾ സെന്ററിൽ നിന്നും നമ്മുടെ സാറ്റലൈറ്റിന്റെ ടെലിമെട്രി ഡേറ്റ അക്സസ്സ് ചെയ്യൽ ഞങ്ങളുടെ ടീമിന്റെ ഭാഗ്യമാണ്.


**1 ജനുവരി**

ഞങ്ങൾ എല്ലാവരും കാത്തിരുന്ന ദിവസം. ഐഎസ്ആർഒയുടെ 60-ാം വാർഷിക പി എസ് എൽവി സി-58 മിഷൻ വിക്ഷേപണത്തിൽ ഞങ്ങളുടെ വി സാറ്റ് ഉപഗ്രഹ പേലോഡ് ശ്രീഹരിക്കോട്ടയിൽ നിന്നും ബഹിരാകാശത്തിലേക്ക് കുതിച്ചുയർന്ന് ചരിത്രം രചിച്ചു. ഐഎസ്ആർഒ ചെയർമാൻ സോമനാഥ് സാറും പിഎസ്എൽവി മിഷൻ ഡയറക്ടർ ജയകുമാർ സാറും വിജകരമായ വിക്ഷേപണത്തിന് ശേഷമുള്ള സന്ദേശത്തിൽ സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായി വി സാറ്റിനെ പ്രത്യേകം പരാമർശിച്ചത് ഞങ്ങളിൽ രോമാഞ്ചമുണ്ടാക്കി. കോളേജ് ക്യാമ്പസിൽ വിക്ഷേപണം തത്സമയം ബിഗ് സ്ക്രീനിൽ കാണിച്ചു. ക്യാമ്പസിൽ ഉത്സവ പ്രതീതിയായിരുന്നു. ബഹിരാകാശത്ത് ഭ്രമണം ചെയ്തുതുടങ്ങി. ഞങ്ങളെല്ലാം ഇനി ചരിത്രത്തിന്റെ ഭാഗം!

# ആലുവ സർവമത സമ്മേളനം

**മതമൈത്രിയുടെ മഹത്തായ സന്ദേശം നൽകി ശ്രീനാരായണഗുരുവിന്റെ നിർദേശപ്രകാരം 1924ൽ ആലുവ അദ്വൈതാശ്രമത്തിൽ ചേർന്ന സർവമതസമ്മേളനത്തിന് ഒരു നൂറ്റാണ്ട് തികഞ്ഞു. സമ്മേളനത്തിൽ പങ്കെടുത്ത ശ്രീനാരായണധർമ്മ പ്രചാരകനും ഗുരുവിന്റെ ജീവചരിത്രകാരനുമായ കോട്ടുകോയിക്കൽ വേലായുധന്റെ (1896–1986) ശ്രീനാരായണഗുരു എന്ന കൃതിയിൽനിന്നുമെടുത്ത പ്രസക്തഭാഗങ്ങൾ**

ഗുരുദേവൻ കുറെ ദിനങ്ങൾ ആലുവായിൽ തന്നെ വിശ്രമിച്ചു. ശ്രീ ടി.കെ. മാധവൻ ആലുവായിൽ വന്നു ഗുരുദേവനെ സന്ദർശിച്ചു. ശ്രീ സി.വി. കുഞ്ഞുരാമൻ അടുത്ത ദിവസം തന്നെ വന്നു. സഹോദരനും കൂടെ ഉണ്ടായിരുന്നു. കണ്ണന്തോടത്തു വേലായുധമേനവനും മറ്റു സവർണ്ണ ഹിന്ദുനേതാക്കളിൽ ഒട്ടധികം പേരും വന്നു ഗുരുദേവനെ സന്ദർശിച്ചു. ജനതതിയിൽ ഉണ്ടായിരിക്കുന്ന അത്ഭുത പരിവർത്തനം ഗുരുദേവനെ ഏവരും അറിയിച്ചു. ഈ നല്ല അവസരം കണ്ടുകൊണ്ടു മതപരമായി ഉണ്ടായ പുതിയ ആശയഗതി ജനങ്ങളിൽ പകർത്തുവാനോ എന്നു തോന്നുമാറ് ഒരു സർവമതസമ്മേളനം ശിവരാത്രിക്കാലത്ത് ആലുവായിൽവച്ചു നടത്തുവാൻ ഗുരുദേവൻ സത്യവ്രതസ്വാമികളോട് ആജ്ഞാപിച്ചു. 'വാദിക്കുവാനും ജയിക്കുവാനുമല്ല, അറിയാനും അറിയിക്കുവാനുമാണ്' എന്ന നിപുണമായ ആശയം സമ്മേളനത്തിന്റെ മുദ്രാവാക്യമായിരിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. സർവമതസമ്മേളനത്തിന്റെയും മറ്റും പ്രവർത്തകരിലൊരാളായ ഈ ഗ്രന്ഥകാരൻ സമ്മേളനവിവരം 1970-ൽ പ്രസിദ്ധം ചെയ്ത 'ശ്രീനാരായണഗുരുവും ശിഷ്യൻമാരും' എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളത് അതേവിധം അടിയിൽ പകർത്തുന്നു.



പാവനമായ അദ്വൈതാശ്രമത്തിനു പടിഞ്ഞാറുഭാഗം വിശാലമായ പറമ്പിൽ പെരിയാറിനു അഭിമുഖമായി കുറേ സ്ഥലം മുൻഭാഗത്തു ഒഴിച്ചിട്ടുകൊണ്ടു ഒരു വിസ്താരമേറിയ മാനസപ്പന്തൽ തയ്യാറാക്കി. തെക്കേയറ്റം സമുചിതമായവിധം പ്ലാറ്റ്ഫാറവും തയ്യാറാക്കി. സർവമതസമ്മേളനരംഗം "വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും' എന്ന മുദ്രാവാക്യം പ്രധാന ഗേറ്റിൽ സ്ഥാപിച്ചു. തൃപ്പാദങ്ങളുടെ മറ്റു സന്ദേശങ്ങളും നിർദ്ദേശങ്ങളും യഥാവിധി ഓരോ സ്ഥലങ്ങളിൽ എഴുതിവച്ചു. അധ്യക്ഷനായി ജസ്റ്റിസ് സദാശിവയ്യരുടെയും മറ്റു പ്രാസംഗിക·ാരുടെയും അനുകൂല മറുപടിയും കിട്ടി. തൃപ്പാദങ്ങളുടെ "ഒരു ജാതി, മതം, ഒരു ദൈവം' എന്ന സിദ്ധാന്തത്തിന്റെ സൂക്ഷ്മത നേരിട്ടു ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്ന ശ്രീ സി.വി. കുഞ്ഞുരാമൻതന്നെ സ്വാഗതപ്രസംഗം തയ്യാറാക്കി. അത് അച്ചടിപ്പിച്ചു.

## സർവമതസമ്മേളനം–യോഗനടപടി

യോഗാധ്യക്ഷനായി ആഗതനായത് സർ ടി സദാശിവയ്യർ തന്നെയായിരുന്നു. അദ്ദേഹം മഞ്ചേരി രാമയ്യർ, മഞ്ചേരി രാമകൃഷ്ണയ്യർ, മിതവാദി പത്രാധിപർ സി കൃഷ്ണൻ എന്നിവർ ഒരുമിച്ചാണ് വന്നത്. മറ്റു പ്രാസംഗികർ പ്രത്യേകം വരികയായിരുന്നു. പണ്ഡിറ്റ് ഋഷിറാം



***സമ്മേളനത്തിൽ പങ്കെടുത്തവർ ഗുരുവിനോടൊപ്പം***

(ആര്യസമാജം) ഒടുവിൽ വന്നെത്തി. സിലോണിൽനിന്നും ഒരു ബുദ്ധഭിക്ഷുവും സന്നിഹിതനായി. അതിഥികളെ എല്ലാംതന്നെ ഗവൺമെന്റ് സത്രത്തിൽ താമസിപ്പിക്കുകയും ആശ്രമത്തിൽനിന്നു ഭക്ഷണം കൊണ്ടുപോയി സൽക്കരിക്കുകയും ചെയ്തു. ഇംഗ്ലീഷ് പത്രങ്ങളുടെ റിപ്പോർട്ടറും പ്രസിദ്ധ എഴുത്തുകാരനുമായ സച്ചിത്ത് മുതലായ പത്രറിപ്പോർട്ടർമാരും കാലേക്കൂട്ടിയെത്തി. വമ്പിച്ച സദസ്സും. 99 കുംഭം 20-ാം തീയതി യോഗനടപടികളാരംഭിച്ചു സത്യവ്രതസ്വാമികൾ സുദീർഘമായ സ്വാഗതപ്രസംഗം അച്ചടിച്ച രൂപത്തിലുള്ളത് യോഗത്തിൽ വായിച്ച് സദസ്സിനു സ്വാഗതം ആശംസിച്ചു.

ക്രിസ്തുമതത്തിലെ സ്നേഹവായ്പിന് പലവിധ ഉദാഹരണങ്ങൾ പ്രകാശിപ്പിച്ചുകൊണ്ടുള്ള ശ്രീ കെ.കെ. കുരുവിളയുടെ പ്രസംഗമായിരുന്നുആദ്യം നടന്നത്. ബുദ്ധമത വൈശിഷ്ട്യങ്ങളെ വിശദപ്പെടുത്തി മഞ്ചേരി രാമയ്യരും രാമകൃഷ്ണയ്യരും വളരെ ഭംഗിയേറിയ ശൈലിയിൽ പ്രസംഗിച്ചു ബ്രഹ്മസമാജത്തെപ്പറ്റിയുള്ള സ്വാമി ശിവപ്രസാദിന്റെ പ്രസംഗം സദസ്സിനെ ആനന്ദത്തിൽ ആറാടിച്ചു. മുഹമ്മദുമതത്തിലെ സാഹോദര്യ സിദ്ധാന്തങ്ങളെ ഒന്നൊന്നായി വിവരിച്ച് ശ്രീ മുഹമ്മദ് മൗലവി ദീർഘമായി സംസാരിച്ചു. ആര്യസമാജത്തിന്റെ അന്നത്തെ കേരളത്തിലെ മുഖ്യപ്രവർത്തകനായിരുന്ന പണ്ഡിറ്റ് ഋഷിറാം ആയിരുന്നു ആര്യസമാജത്തെക്കുറിച്ച് പ്രസംഗിച്ചത്. ഋഷിറാമിന്റെ ഇംഗ്ലീഷിലുള്ള പ്രസംഗം സഹോദരനയ്യപ്പൻ തർജ്ജിമ ചെയ്തു കേൾപ്പിച്ചു. പ്രാസംഗികന്റെ നീണ്ടനീണ്ട വാക്യങ്ങൾ സദസ്യർക്ക് ഒരു കൗതുകമുളവാക്കി. സഹോദരൻ ഒടുവിലൊടുവിൽ പ്രസംഗസാരം മാത്രം പറയുകയുണ്ടായി. പ്രസംഗങ്ങൾക്കുശേഷം സദസ്സിനെ ആമുഖമാക്കി തൃപ്പാദങ്ങൾ ഒരു സന്ദേശം നല്കി. സത്യവ്രതസ്വാമികൾ ആ സന്ദേശം വായിച്ചു.

"എല്ലാ മതങ്ങളുടെയും പരമോദ്ദേശ്യം ഒന്നാണെന്നും ഭിന്നമതാനുയായികൾ തമ്മിൽ കലഹിച്ചിട്ടാവശ്യമില്ലെന്നും, ഈ മതമഹാസമ്മേളനത്തിൽ നടന്ന പ്രസംഗങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നാം ശിവഗിരിയിൽ സ്ഥാപിക്കാൻ വിചാരിച്ചിരിക്കുന്ന മഹാപാഠശാലയിൽ എല്ലാ മതങ്ങളും പഠിക്കുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും കൂടി ഉണ്ടാക്കണമെന്നു വിചാരിക്കുന്നു. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിന് അഞ്ചുലക്ഷം രൂപ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്നതിന് എല്ലാവരും സഹായിക്കുമെന്ന് വിശ്വസിക്കുന്നു.'


സമ്മേളനപരിപാടിതന്നെ രണ്ടുദിവസംകൊണ്ടാണ് അവസാനിച്ചത്. ശ്രീ സി.വി. കുഞ്ഞുരാമൻ കൃതജ്ഞത പ്രകാശിപ്പിച്ചു. മതസാരങ്ങളെപ്പറ്റിയുള്ള തൃപ്പാദങ്ങളുടെ അഭിപ്രായങ്ങളെ സംക്ഷിപ്തമായി കൃതജ്ഞതാപ്രസംഗത്തിൽ പ്രകടിപ്പിച്ചിരുന്നു. സ്വാഗതപ്രസംഗം ശ്രീ സിവി കുഞ്ഞുരാമനാണ് എഴുതിയതെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. കാതലായ ഭാഗങ്ങൾ തൃപ്പാദങ്ങളുടെ മതസിദ്ധാന്ത വിളംബരമായിട്ടാണ് എല്ലാവരും വ്യാഖ്യാനിച്ചത്. പ്രസംഗങ്ങളിൽ പ്രസംഗശൈലികൊണ്ടും ആശയപുഷ്ടി വിശേഷത്താലും ആകർഷകമായ വാഗ്ധോരണിയാലും മികച്ച പ്രസംഗം സ്വാമി ശിവപ്രസാദിന്റെതായിരുന്നു എന്നൊരു സർവസമ്മതി അവിടെ ഉണ്ടായി അദ്ധ്യക്ഷൻ സദാശിവർ അവർകൾ യോഗത്തെ നയിക്കുക മാത്രമേ പ്രധാനമായി ചെയ്തുള്ളൂ, ഉപസംഹാരത്തിൽമാത്രം സ്വാമിതൃപ്പാദങ്ങളുടെ മതസിദ്ധാന്തങ്ങളെ ഊന്നി പ്രസ്താവിച്ചു.

യോഗത്തിൽ തൃപ്പാദങ്ങൾ എത്രയും ഏറെ താത്പര്യപൂർവം പങ്കെടുത്തു പ്രസംഗങ്ങൾ ശ്രവിച്ചു. അധ്യക്ഷവേദിയിൽ ഒരു ഭാഗത്തായി പ്രഭാഷകരേയും സദസ്സിനെയും ആശംസിക്കുന്നതിനു തൃപ്പാദങ്ങൾ രണ്ടുദിവസവും കാലേക്കൂട്ടി സന്നിഹിതനാകുമായിരുന്നു.■

***അവലംബം : ശ്രീനാരായണഗുരു***
***കറന്റ് ബുക്സ് 2007***

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.02.2024**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024




Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS